# തോമായുടെ സുവിശേഷം

ആൻഡ്രൂസ് സി.

*ഒരപഗ്രഥനം*

A BIBLE FOR THE NEW MILLENNIUM

## ആമുഖം

1945–ൽ ഈജിപ്റ്റിലെ നാഗ്ഹമാദി എന്ന നഗരത്തിന്റെ പ്രാന്തപ്രദേശത്തുള്ള മലഞ്ചെരിവിലെ ഗുഹകളിൽനിന്ന് അനേകം മൺഭരണികൾ കണ്ടെടുക്കുകയുണ്ടായി. ഈ മൺഭരണികളിൽ സൂക്ഷിച്ചു വെച്ചിരുന്ന അനേകം ചുരുളുക ളിൽ ഒന്നാണ് തോമായുടെ സുവിശേഷം. മഗ്ദലനമറിയത്തിന്റെ സുവിശേഷം ഇത്തരം ചുരുളുകളുടെ കൂട്ടത്തിൽപെട്ട താണ്.

യേശുപ്രസ്ഥാനത്തിന്റെ തുടക്കത്തിൽ തന്നെ തോമായുടെ സുവിശേഷം പൊതുവെ അറിയപ്പെട്ടിരുന്നു. എന്നാൽ ഇതിന്റെ പ്രതി ലഭ്യമല്ലാതിരുന്നതിനാൽ തോമായുടെ സുവിശേഷവും നഷ്ടപ്പെട്ട സുവിശേഷങ്ങളുടെ കൂട്ടത്തിൽ ഉൾക്കൊ ള്ളിച്ചിരുന്നു. മേരി മഗ്ദലനയുടെ സുവിശേഷത്തിലും തോമായുടെ സുവിശേഷത്തിലും വളരെ വ്യത്യസ്ഥനായ യേശു വിനെയാണ് കാണുന്നത്. സ്ഥാപിത ക്രിസ്തുമതം കാനോനികം എന്ന പേരിൽ സ്വീകരിച്ച മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നീ സുവിശേഷങ്ങളിൽനിന്നും വളരെ വ്യത്യസ്തമായ രചനാരീതിയും തത്വചിന്തയും ഈ സുവിശേഷങ്ങൾ കാഴ്ചവയ്ക്കുന്നു.

മേരിയുടെയും തോമായുടെയും സുവിശേഷങ്ങളിൽ അത്ഭുതജനനം, അതിശയപ്രവൃത്തികൾ, പീഢ നിറഞ്ഞ മരണം, പുനരുദ്ധാനം എന്നിവ ഇല്ല. മെഡിറ്ററേനിയൻ പ്രദേശങ്ങളിലെ സഞ്ചാരഗുരുക്കന്മാരുടെ വചനങ്ങൾ അവരുടെ വിദ്യാർത്ഥി കൾ പ്രചരിപ്പിച്ച രീതിയിൽ തോമായും മേരിയും യേശുവിന്റെ വചനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

114 വചനങ്ങളിൽ പലതും അതേ പടിയോ അല്പം വ്യത്യസ്തമായോ കാനോനിക സുവിശേഷങ്ങളിലും കാണാം. മറ്റു വചനങ്ങൾ ആദിമ ക്രിസ്തീയ സാഹിത്യകൃതികളിലും കാണാം. തോമായുടെ മൂലകൃതി ഗ്രീക്ക് ഭാഷയിൽ എഴു തിയതെന്നാണ് അനുമാനം. ഗ്രീക്കിൽ എഴുതപ്പെട്ട മൂലകൃതി ഇന്നേവരെയും കണ്ടെത്തിയിട്ടില്ല. ഇന്ന് ലഭ്യമായ കോപ്പി, കോപ്റ്റിക് ഭാഷയിൽ തർജ്ജമ ചെയ്യപ്പെട്ടതാണ്. അതിനാൽ കാനോനിക സുവിശേഷങ്ങൾക്ക് സംഭവിച്ച ദുരന്തം തോമസിന്റെ സുവിശേഷത്തിനും ഉണ്ടായി. ഓരോ സുവിശേഷങ്ങളും പല പ്രദേശങ്ങളിലെ പ്രാദേശിക ചിന്താഗതി കൾ അനുസരിച്ച് എഴുതിയവയാണ്. കാനോനിക സുവിശേഷങ്ങൾ തന്നെ പരസ്പര വ്യത്യസ്തതയും വിരുദ്ധതയും കാണിക്കുന്നതിന്റെ കാരണവും അതാണ്. പുതിയതായി വന്ന ചിന്താഗതികളെ അംഗീകരിക്കുവാനും ഉൾക്കൊ ള്ളുവാനും എല്ലാ സുവിശേഷങ്ങളും പലതവണ മാറ്റി എഴുതുകയും വെട്ടിത്തിരുത്തുകയും കൂട്ടുകയും കുറയ്ക്കുകയും ചെയ്തു. മാത്രമല്ല മൂലകൃതികളുടെ പല പേജുകളും നഷ്ടപ്പെടുകയും ദ്രവിക്കുകയും ചെയ്തതിനാൽ വിവർത്തകർ അവരുടെ ചിന്താഗതി അനുസരിച്ച് നഷ്ടപ്പെട്ട ഭാഗങ്ങൾ പൂരിപ്പിക്കുകയും ചെയ്തു. അതിനാൽ കാനോനിക സുവിശേഷങ്ങളിൽ കടന്നുകൂടിയ തെറ്റുകളും തിരുത്തലുകളും ഊഹാപോഹങ്ങളും തോമായുടെ സുവിശേഷത്തിലും കടന്നുകൂടി എന്ന നുമാനിക്കാം.

തോമായുടെ സുവിശേഷത്തിലെ 114 വചനങ്ങളുടെ സ്വതന്ത്രവിവർത്തനവും അവയുടെ വ്യാഖ്യാനവുമാണ് ഇതില ടങ്ങിയിരിക്കുന്നത്.

## തോമായുടെ സുവിശേഷം

**വചനം 1** :– യേശു പറഞ്ഞു; ഈ വാക്കുകളുടെ അർത്ഥം മനസ്സിലാക്കുന്നവൻ മരണം രുചിക്കുകയില്ല. ജീവിക്കുന്ന യേശുവിന്റെ അജ്ഞാതമായ ഈ വാക്കുകൾ ദിദിമോസ് ജൂഡാസ് തോമസ് എഴുതി.

**വചനം 2** :–യേശു പറഞ്ഞു;  അന്വേഷിക്കുന്നത് കണ്ടെത്തുംവരെ അന്വേഷിക്കുന്നവൻ അന്വേഷണം തുടരണം. അവൻ കണ്ടെത്തുമ്പോൾ അതിശയപൂരിതനാകുന്നു. അതിശയം അവനെ അത്ഭുതപൂരിതനാക്കുന്നു. കണ്ടെത്തിയവ യുടെ എല്ലാം രാജാവായി അവൻ മാറുന്നു.

**വചനം 3** :– യേശു പറഞ്ഞു; നിങ്ങളെ നയിക്കുന്നവൻ നിങ്ങളോടു പറയുന്നു. ദൈവരാജ്യം മേലാകാശത്തിൽ ആകുന്നു. എങ്കിൽ ആകാശത്തിലെ പക്ഷികൾ നിങ്ങളെക്കാൾ ഉപരി ദൈവരാജ്യത്തോട് അടുത്തിരിക്കുന്നു. എന്നാൽ ദൈവരാജ്യം കടലിൽ ആകുന്നു എന്നു പറഞ്ഞാൽ മത്സ്യങ്ങൾ നിങ്ങൾക്ക് മുമ്പന്മാരാകുന്നു. എന്നാൽ സ്വർഗ്ഗരാജ്യം നിങ്ങൾക്കുള്ളിലും നിങ്ങളുടെ ചുറ്റുപാടും ആകുന്നു. നിങ്ങൾ സ്വയം അറിയുമ്പോൾ നിങ്ങൾ അറിവുള്ളവരായി രൂപാ ന്തരം പ്രാപിക്കുന്നു. അപ്പോൾ നിങ്ങൾ നിത്യനായ പിതാവിന്റെ മക്കൾ എന്നറിയുന്നു. അപ്രകാരം അറിയപ്പെടുകയും ചെയ്യുന്നു. എന്നാൽ നിങ്ങൾ സ്വയം അറിയാതായാൽ നിങ്ങൾ ദാരിദ്ര്യത്തിൽ ജീവിക്കുന്നു. നിങ്ങൾക്ക് ദാരിദ്ര്യം ആകു ന്നു.

**വചനം 4** :– യേശു പറഞ്ഞു; വൃദ്ധൻ വാർദ്ധക്യകാലത്ത് ഏഴുദിവസം മാത്രം പ്രായമുള്ള കുട്ടിയെപ്പോലെ ജീവന്റെ സ്ഥലം അന്വേഷിക്കുവാൻ വിമുഖത കാട്ടുന്നില്ല എങ്കിൽ അവൻ ജീവിതം തുടരുന്നു. മുമ്പന്മാർ പലരും പിമ്പന്മാരാകു ന്നു. അവർ ഇരുവരും ഒന്നായി മാറുന്നു.

**വചനം 5** :– യേശു പറഞ്ഞു; നിന്റെ മുന്നിലെ വസ്തുത എന്താണെന്ന് മനസ്സിലാക്കിയാൽ അതിനപ്പുറം മറവായിരി ക്കുന്നതിനെ മനസ്സിലാകും. എന്തെന്നാൽ വെളിവാകപ്പെടാത്ത രീതിയിൽ ഒന്നും മറയ്ക്കപ്പെട്ടിട്ടില്ല.

**വചനം 6** :– അവന്റെ ശിഷ്യന്മാർ ചോദിച്ചു; ഞങ്ങൾ ഉപവസിക്കണമോ? ഞങ്ങൾ എങ്ങനെ പ്രാർത്ഥിക്കണം? എങ്ങനെ ഭിക്ഷ കൊടുക്കണം? ഏതു രീതിയിലുള്ള ഭക്ഷണക്രമം പാലിക്കണം? യേശു  പറഞ്ഞു; കള്ളം പറയരുത്. നിങ്ങൾ സ്വയം വെറുക്കുന്ന പ്രവൃത്തികൾ ചെയ്യരുത്. എന്തെന്നാൽ സത്യത്തിന്റെ മുമ്പിൽ എല്ലാം വെളിവാകപ്പെടും. കാരണം വെളിവാകപ്പെടാത്ത രീതിയിൽ ഒന്നും മറയ്ക്കപ്പെട്ടിട്ടില്ല.

**വചനം 7** :– യേശു പറഞ്ഞു;  മനുഷ്യൻ സിംഹത്തെ ഭക്ഷിച്ചാൽ സിംഹം മനുഷ്യന്റെ ഭാഗമായി മാറി അനുഗ്രഹി ക്കപ്പെടുന്നു. എന്നാൽ സിംഹത്താൽ ഭക്ഷിക്കപ്പെടുന്ന മനുഷ്യൻ ശപിക്കപ്പെട്ടവനായി മാറുന്നു. (സിംഹം മനുഷ്യ നായി മാറുന്നു)

**വചനം 8** :– യേശു പറഞ്ഞു; മനുഷ്യൻ വിജ്ഞാനിയായ ഒരു മുക്കുവനു സദൃശം. അവൻ കടലിലേക്ക് വല എറി ഞ്ഞു. വല വലിച്ചപ്പോൾ അനേകം ചെറുമത്സ്യങ്ങൾ വലയിൽ നിറഞ്ഞിരിക്കുന്നതായി കണ്ടു. അവയ്ക്കിടയിൽ ഒരു വലിയ മത്സ്യത്തെയും കണ്ടു. അവൻ ചെറിയ മത്സ്യങ്ങളെയെല്ലാം തിരികെ കടലിലെറിഞ്ഞിട്ട് വലിയ മത്സ്യത്തെ സ്വന്ത മാക്കി.

കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ!

**വചനം 9** :– യേശു പറഞ്ഞു; നോക്കൂ, വിതയ്ക്കുന്നവൻ കൈ നിറയെ ധാന്യം വാരി എറിയുന്നു. ചിലത് വഴിയിൽ വീണു.  അവ പക്ഷികൾ കൊത്തിപ്പെറുക്കി. ചിലത് പാറപ്പുറത്ത് വീണു. മുളയ്ക്കുവാൻ മണ്ണ് ഇല്ലാത്തതിനാൽ അവ മുളച്ചില്ല. ചിലത് മുള്ളുകൾക്കിടയിൽ വീണു. മുള്ളുകൾ അവയെ ഞെരുക്കി. അവയെ പുഴുക്കൾ തിന്നു. ചിലത് നല്ല നിലത്തു വീണു. നല്ല വിളവു നല്കി. അവ അറുപതും നൂറ്റിയിരുപതും മേനിയായി വിളഞ്ഞു.

**വചനം 10** :– യേശു പറഞ്ഞു; ഞാൻ ഭൂമിയിൽ അഗ്നി വിതച്ചിരിക്കുന്നു. അത് കത്തിയാളും വരെ ഞാൻ അതിനെ കാക്കും.

**വചനം 11** :– യേശു പറഞ്ഞു; ഈ ആകാശവും അതിനു മുകളിലുള്ള ആകാശവും മാറിപ്പോകും. മരിച്ചവ ജീവനു ള്ളവയല്ല. ജീവിക്കുന്നവർ മരിക്കുകയില്ല. മരിച്ചവയെ നിങ്ങൾ ഭക്ഷിക്കുമ്പോൾ അവയെ ജീവനുള്ളവ ആക്കി മാറ്റുന്നു. നിങ്ങൾ പ്രകാശത്തിൽ എന്തു ചെയ്യും? ഒന്നായിരുന്ന നിങ്ങൾ രണ്ടായി മാറും. നിങ്ങൾ രണ്ടാകുമ്പോൾ എന്തു ചെയ്യും?

**വചനം 12** :– ശിഷ്യർ യേശുവിനോട് പറഞ്ഞു; – നീ ഞങ്ങളെ വിട്ടുപോകും എന്ന് ഞങ്ങൾക്ക് അറിയാം. അപ്പോൾ ഞങ്ങളെ ആരു നയിക്കും?

യേശു അവരോട് പറഞ്ഞു; നിങ്ങൾ എവിടെ നിന്നു വന്നവരെങ്കിലും നിങ്ങൾ നീതിമാനായ ജെയിംസിന്റെ പക്കൽ പോകണം. അവനാണ് ആകാശവും ഭൂമിയും ഉണ്ടായതിന്റെ കാരണം.

**വചനം 13** :– യേശു ശിഷ്യരോട് പറഞ്ഞു; നിങ്ങൾ എന്നെ ആരോട് ഉപമിക്കുന്നു? ആരോട് താരതമ്യം  ചെയ്യുന്നു?

ശീമോൻ പത്രോസ് പറഞ്ഞു, നീ ഒരു ഭൃത്യൻ ആകുന്നു. മത്തായി പറഞ്ഞു, നീ ജ്ഞാനിയായ തത്വചിന്തകൻ. തോമസ് പറഞ്ഞു ഗുരോ! നീ ആരെപ്പോലെ എന്നു പറവാൻ എനിക്ക് വാക്കുകൾ ഇല്ല. യേശു പറഞ്ഞു; ഞാൻ നിങ്ങ ളുടെ ഗുരുവല്ല. ഞാൻ കോരിത്തന്ന ഉറവയിലെ ജലം കുടിച്ച് നിങ്ങൾ മത്തരായിരിക്കുന്നു.

അപ്പോൾ അവൻ തോമായെ കൂട്ടി ദൂരത്തു പോയി. അവനോട് മൂന്ന് വാക്കുകൾ പറഞ്ഞു. തോമ തിരികെ വന്ന പ്പോൾ മറ്റു ശിഷ്യർ ചോദിച്ചു. യേശു എന്താണ് നിന്നോട് പറഞ്ഞത്? തോമ അവരോട് പറഞ്ഞു. അവൻ പറഞ്ഞതിൽ ഒരു വാക്കു നിങ്ങളോടു പറഞ്ഞാൽ നിങ്ങൾ എന്നെ കല്ലെറിയും. അപ്പോൾ ആ കല്ലുകളിൽ നിന്ന് അഗ്നി പ്രവഹിക്കും. അത് നിങ്ങളെ ദഹിപ്പിക്കും.

**വചനം 14** :–യേശു അവരോട് പറഞ്ഞു; നിങ്ങൾ ഉപവസിച്ചാൽ നിങ്ങൾ സ്വയം പാപം നിങ്ങളിലേക്ക് കൊണ്ടു വരുന്നു. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ സ്വയം കുറ്റം സമ്മതിക്കുന്നു. ഭിക്ഷ കൊടുത്താൽ ആദാമിനെ നശിപ്പിക്കുന്നു. എന്നാൽ നിങ്ങൾ ഒരു ദേശത്തു നിന്നും മറ്റൊരു ദേശത്തേക്ക് അലയുമ്പോൾ അവർ നിങ്ങളെ സ്വീകരിച്ചാൽ അവർ തരുന്ന ആഹാരം ഭക്ഷിക്കുക, അവരുടെ രോഗികളെ സുഖപ്പെടുത്തുക.

കാരണം നിന്റെ വായിലേക്കു പോകുന്നതല്ല നിന്നെ ദുഷിപ്പിക്കുന്നത്. പിന്നെയോ നിന്റെ വായിൽ നിന്നു വരുന്നവയാണ് നിന്നെ ദുഷിപ്പിക്കുന്നത്.

**വചനം 15** :– യേശു പറഞ്ഞു; സ്ത്രീകളിൽ നിന്ന് ജനിക്കാത്തവനെ നിങ്ങൾ കാണുമ്പോൾ അവന്റെ മുമ്പിൽ സാഷ്ടാംഗം വീണ് അവനെ നമസ്ക്കരിക്കുക. കാരണം അവനാണ് നിങ്ങളുടെ പിതാവ്.

**വചനം 16** :– യേശു പറഞ്ഞു; ഞാൻ ഭൂമിയിൽ സമാധാനം വിതയ്ക്കുവാനാണ് വന്നതെന്ന് ഒരുപക്ഷെ മനുഷ്യർ ചിന്തിക്കുന്നുണ്ടാവാം. എന്നാൽ അവർക്ക് അറിയില്ല ഞാൻ ഭൂമിയിൽ വിരുദ്ധത ഉണ്ടാക്കുവാനാണ് വന്നതെന്ന്. ഭൂമിയിൽ യുദ്ധവും വാളും തീയും വിതയ്ക്കുവാനാണ് ഞാൻ വന്നത്. ഒരു ഭവനത്തിൽ അഞ്ചുപേർ ഉണ്ടായിരിക്കും. അവരിൽ 3 പേർ ഇരുവരോടും ഇരുവർ മൂവരോടും പിതാവ് പുത്രനോടും പുത്രൻ പിതാവിനോടും ഇവർ ഓരോരുവരും പരസ്പരവും വിരുദ്ധർ ആകുന്നു.

**വചനം 17** :– യേശു പറഞ്ഞു; ആരും ഒരിക്കലും കാണുകയോ കേൾക്കുകയോ, തൊടുകയോ, മനസ്സിൽ ചിന്തിക്കുകയോ, ഭാവിക്കുകയോ പോലും ചെയ്യാത്തവ ഞാൻ നിങ്ങൾക്കു തരുന്നു.

**വചനം 18** :– ശിഷ്യർ യേശുവിനോട് ചോദിച്ചു; ഞങ്ങളുടെ അന്ത്യം എങ്ങനെ ആയിരിക്കും?

യേശു പറഞ്ഞു; നിങ്ങളുടെ ഉത്ഭവം എന്താണ് എന്നറിഞ്ഞുകൊണ്ടാണോ അന്ത്യം എങ്ങനെ എന്നു ചോദിക്കുന്നത്? കാരണം എവിടെയാണോ ഉത്ഭവവും അവിടെ അന്ത്യവും ആകുന്നു. ഉത്ഭവം അറിയുന്നവൻ അനുഗ്രഹീതൻ. അവൻ മരണം രുചിക്കാതെ നിലനിൽക്കും.

**വചനം 19** :– യേശു പറഞ്ഞു; ഉളവാകുന്നതിനു മുമ്പേ ഉളവായവൻ അനുഗ്രഹിക്കപ്പെട്ടവൻ ആകുന്നു. നിങ്ങൾ എന്റെ ശിഷ്യർ ആകുകയും എന്റെ വാക്കുകളെ ഗ്രഹിക്കുകയും ചെയ്താൽ ആ കല്ലുകൾ നിങ്ങളെ സേവിക്കും.

പറുദീസയിൽ 5 വൃക്ഷങ്ങൾ ഉണ്ട്. അവയ്ക്ക് ഉഷ്ണകാലത്തും ശീതകാലത്തും വ്യതിയാനം ഉണ്ടാകുന്നില്ല. അവ ഇല പൊഴിക്കുന്നില്ല. ഇവയെ അറിയുന്നവൻ മരണം അനുഭവിക്കുകയില്ല.

**വചനം 20** :– ശിഷ്യർ യേശുവിനോട് പറഞ്ഞു; ദൈവരാജ്യം എന്തുപോലെ ആകുന്നു എന്ന് ഞങ്ങളോട് പറക. അവൻ അവരോടു പറഞ്ഞു; അത് ഏറ്റവും ചെറിയ കടുകുമണിയോടു സദൃശ്യം. അത് നിലത്ത് വീണ് മുളയ്ക്കുമ്പോൾ അതിന്റെ ശിഖരങ്ങളിൽ ആകാശത്തിലെ പറവകൾ സങ്കേതം കണ്ടെത്തുന്നു

**വചനം 21** :– (മഗ്ദല) മേരി യേശുവിനോട് ചോദിച്ചു; നിന്റെ ശിഷ്യർ ആരെപ്പോലെ ആകുന്നു? അവൻ പറഞ്ഞു; അവർ സ്വന്തമല്ലാത്ത കൃഷിഭൂമി ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദാസന്മാർ. കൃഷിഭൂമിയുടെ ഉടമസ്ഥൻ വരുമ്പോൾ അവർ പറയും ഞങ്ങളുടെ ഭൂമി വിട്ടുതരിക. എന്നാൽ അവർ നഗ്നർ ആകുന്നു. തോട്ടത്തിന്റെ യജമാനന്റെ മുന്നിൽ ചെന്ന് തോട്ടം ഏറ്റുവാങ്ങാൻ അവർ പ്രാപ്തരല്ല.

അതുകൊണ്ടാണ് ഞാൻ പറയുന്നത് കള്ളൻ വരുന്ന നാഴിക വീട്ടുടമ അറിഞ്ഞാൽ അവൻ ഉണർന്നിരുന്ന് അവന്റെ ഭവനം കാക്കുന്നു. അവന്റെ വീട് തുറക്കുവാനോ ദ്രവ്യം അപഹരിക്കുവാനോ അവൻ അവസരം കൊടുക്കുകയില്ല.

അതിനാൽ നിങ്ങൾ ലോകത്തെക്കുറിച്ച് ജാഗ്രതയോടെ ഇരിക്കുക. വൻശക്തിയാൽ നിങ്ങളുടെ അരകളെ മുറുക്കുക. അതിനാൽ കള്ളന്മാർ നിങ്ങളെ കീഴടക്കാതിരിക്കട്ടെ.

നീ കാത്തു സൂക്ഷിക്കുന്ന ദ്രവ്യം ഒരിക്കൽ കണ്ടുപിടിക്കപ്പെടും. പഴങ്ങൾ അതിന്റെ പൂർണ്ണവളർച്ച എത്തുംവരെയും നിങ്ങളിലെ ബുദ്ധിമാൻ ആയവൻ കാത്തിരിക്കും. അവ പൂർണ്ണ വിളവെത്തുമ്പോൾ അവൻ പെട്ടെന്ന് അരിവാളുമായി അവയെ കൊയ്തെടുക്കുന്നു. പ്രത്യാശയോടെ കാത്തിരുന്നാൽ നിനക്ക് ആവശ്യമുള്ളവർക്ക് വേണ്ടി അവയെ ലഭിക്കും.

**വചനം 22** :– മുലകുടിക്കുന്ന കുട്ടികളെ നോക്കി യേശു ശിഷ്യരോടു പറഞ്ഞു; ഈ മുലകുടിക്കുന്ന കുട്ടികളെ പോലെയുള്ളവരാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്.

ശിഷ്യർ ചോദിച്ചു; ഞങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുമ്പോൾ ശിശുക്കളായി മാറുമോ?

യേശു അവരോട് പറഞ്ഞു; രണ്ടായതിനെ എപ്പോൾ നിങ്ങൾ ഒന്നാക്കുന്നുവോ, അകം പുറം പോലെയും പുറം അകം പോലയും ഉള്ളതുപോലെ താഴെ ഉള്ളതിനെയും നിങ്ങൾ രൂപാന്തരം നടത്തുമ്പോൾ – അതായത് പുരുഷനും സ്ത്രീയും ലിംഗഭേദത്തിൽ ഉപരിയായി ഒന്നായി മാറുമ്പോൾ കണ്ണിനു പകരം കണ്ണുകളും കൈയ്ക്കു പകരം കൈകളും പാദത്തിനു പകരം പാദങ്ങളും സാദൃശ്യങ്ങൾക്ക് പകരം സാദൃശ്യവും ഉണ്ടാകുമ്പോൾ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നു.

**വചനം 23** :– യേശു പറഞ്ഞു; ഞാൻ ആയിരത്തിൽ നിന്ന് ഒരുവനെയും പതിനായിരത്തിൽ നിന്ന് ഇരുവരെയും തിരയുന്നു. അവർ പ്രത്യേകാൽ വ്യത്യസ്ഥരായി ഏകരായി നിലനിൽക്കുന്നു.

**വചനം 24** :- അവന്റെ ശിഷ്യർ പറഞ്ഞു; നീ എവിടെ ആകുന്നു എന്ന് ഞങ്ങൾക്കും കാട്ടിത്തരിക. എന്തെന്നാൽ ഞങ്ങളും അവിടം തേടട്ടെ

യേശു അവരോട് പറഞ്ഞു; കേൾക്കുവാൻ ചെവിയുള്ളവർ കേൾക്കണം. പ്രകാശത്തിന്റെ മനുഷ്യരിൽ പ്രകാശം നിറഞ്ഞു നില്ക്കുന്നു. അവർ ലോകത്തെ പ്രകാശിപ്പിക്കുന്നു. അവർ വെളിച്ചത്തെ പ്രകാശിപ്പിക്കുന്നില്ല എങ്കിൽ ലോകത്തിൽ അന്ധകാരം നിറയുന്നു.

**വചനം 25** :- യേശു പറഞ്ഞു; നീ നിന്നെ സ്നേഹിക്കുന്നതുപോലെ നിന്റെ സഹോദരനെയും സ്നേഹിക്കുക. നിന്റെ കണ്ണിന്റെ കൃഷ്ണമണിപോലെ അവനെ കാത്തുരക്ഷിക്കുക.

**വചനം 26** :- യേശു പറഞ്ഞു; നിന്റെ സഹോദരന്റെ കണ്ണിലെ കരട് നീ കാണുന്നു. എന്നാൽ സ്വന്തം കണ്ണിലെ കൊള്ളി നീ മാറ്റുക. അപ്പോൾ നിന്റെ സഹോദരന്റെ കണ്ണിലെ കരട് വ്യക്തമായി നിനക്ക് കാണാം.

**വചനം 27** :- നിങ്ങൾ ലോകത്തെ വെടിയുന്നില്ല. എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. ഒരു ശാബത് മറ്റൊരു ശാബതിലേക്ക് നിങ്ങള നയിക്കുന്നില്ല എങ്കിൽ നിങ്ങൾ പിതാവിനെ കാണുകയില്ല.

**വചനം 28** :- യേശു പറഞ്ഞു; ഞാൻ ജഢരൂപത്തിൽ ലോകത്തിന്റെ മദ്ധ്യത്തിൽനിന്നും എല്ലാവരും കുടിച്ച് തൃപ്തരായിരിക്കുന്നു. ദാഹിക്കുന്നവരായി ആരേയും ഞാൻ കണ്ടില്ല. മനുഷ്യരുടെ സന്താനങ്ങളെ പ്രതി എന്റെ ഉള്ളം വേദനിക്കുന്നു. കാരണം അവരുടെ ഹൃദയത്തിൽ അന്ധത നിറഞ്ഞിരിക്കുന്നു. അതിനാൽ അവർക്ക് കാണാൻ സാധിക്കുന്നില്ല. അവർ ഭൂമിയിലേക്ക് ഒന്നുമില്ലാത്തവരായി വന്നു. അതുപോലെ തന്നെ തിരികെപോകുവാനും അവർ ആഗ്രഹിക്കുന്നു. എന്നാൽ ഇപ്പോൾ അവർ കുടിച്ച് മത്തരായിരിക്കുന്നു. എന്നാൽ അവർ വീഞ്ഞിന്റെ ലഹരിയിൽ നിന്ന് മുക്തരാകുമ്പോൾ അവർക്ക് മാറ്റം ഉണ്ടാകുന്നു

**വചനം 29** :- യേശു പറഞ്ഞു; ആത്മാവ് നിമിത്തമാണ് ജഢം ഉളവായതെങ്കിൽ അത് അത്ഭുതം ആകുന്നു. എന്നാൽ ജഢം നിമിത്തമാണ് ആത്മാവ് ഉളവായതെങ്കിൽ അത് അത്ഭുതങ്ങളിൽ അത്ഭുതം ആകുന്നു.

എന്നാൽ ഈ ദാരിദ്ര്യത്തിന്റെ ഉള്ളിൽ ഇത്രമാത്രം ധനം അധിവസിക്കുന്നത് എന്നിൽ വിസ്മയം ഉളവാക്കുന്നു.

**വചനം 30** :- യേശു പറഞ്ഞു; മൂന്നുപേർ കൂടുന്നിടത്ത് ദൈവം ഇല്ലായിരിക്കാം. എന്നാൽ ഒന്നോ രണ്ടോ പേർ കൂടുന്നിടത്ത് ഞാനും കൂട്ടുചേരുന്നു.

**വചനം 31** :- യേശു പറഞ്ഞു; ഒരു പ്രവാചകനും സ്വന്തസ്ഥലത്ത് അംഗീകാരം ഇല്ല. ഒരു വൈദ്യനും അവനെ അറിയുന്നവരെ സുഖപ്പെടുത്താൻ സാധിക്കുകയില്ല.

**വചനം 32** :- യേശു പറഞ്ഞു; ഉറപ്പുള്ള കോട്ടയാൽ ചുറ്റപ്പെട്ട് മലമുകളിൽ പണിതിരിക്കുന്ന പട്ടണം വീഴുന്നില്ല. അത് മറച്ചു വയ്ക്കാനും സാധിക്കുകയില്ല

**വചനം 33** :- യേശു പറഞ്ഞു; നീ കേട്ടു മനസ്സിലാക്കിയ വചനം പുരപ്പുറത്തു ഘോഷിക്കുക. വിളക്കുകൊളുത്തി ആരും കുട്ടയുടെ കീഴിൽ വയ്ക്കില്ല. മറ്റാരും കാണാത്തിടത്ത് വയ്ക്കുകയും ഇല്ല. വിളക്ക് തണ്ടിന്മേൽ വയ്ക്കുന്നു. വരുന്നവരും പോകുന്നവരും വെളിച്ചം ദർശിക്കുന്നു.

**വചനം 34** :- യേശു പറഞ്ഞു; ഒരു കുരുടൻ മറ്റൊരു കുരുടനെ വഴികാട്ടിയാൽ രണ്ടുപേരും കുഴിയിൽ വീഴും.

**വചനം 35** :- യേശു പറഞ്ഞു; ബലവാന്റെ ഭവനത്തിൽ കവർച്ച നടത്തണമെങ്കിൽ അവന്റെ കൈയ്യും കാലും ബന്ധിക്കണം. എന്നാൽ മാത്രമേ അവന്റെ ഭവനം കവർച്ച ചെയ്യാൻ സാധിക്കുകയുള്ളു.

**വചനം 36** :- യേശു പറഞ്ഞു; നീ എന്തു ധരിക്കും എന്നോർത്ത് പ്രഭാതം മുതൽ പ്രദോഷം വരെയും പ്രദോഷം മുതൽ പ്രഭാതം വരെയും വ്യാകുലപ്പെടരുത്.

**വചനം 37** :- അവന്റെ ശിഷ്യർ ചോദിച്ചു; നിന്നെ ഞങ്ങൾ എന്നു കാണും, എന്നു നീ ഞങ്ങൾക്ക് പ്രത്യക്ഷപ്പെടും? യേശു പറഞ്ഞു; നിന്റെ വസ്ത്രം അഴിച്ചുമാറ്റി നിലത്തിട്ട് കുട്ടികളെപ്പോലെ അതിന്മേൽ തുള്ളിച്ചാടുവാൻ എന്നു നിനക്കു സാധിക്കുമോ അന്ന് നീ നിത്യനായവന്റെ പുത്രനെ കാണും. നിനക്ക് ഭയം തോന്നുകയില്ല താനും.

**വചനം 38** :- യേശു പറഞ്ഞു; എന്റെ വാക്കുകൾ കേൾക്കാൻ പല തവണ നിങ്ങൾ ആഗ്രഹിച്ചു, നിങ്ങൾക്ക് എന്നിൽ നിന്നല്ലാതെ മറ്റൊരാളിൽനിന്നും ഇത് കേൾക്കുവാൻ സാധിക്കുകയുമില്ല. നിങ്ങൾ എന്നെ തെരയുന്ന നാളുകൾ വന്നെത്തും, എന്നാലോ നിങ്ങൾ എന്നെ കണ്ടെത്തുകയുമില്ല.

**വചനം 39** :- യേശു പറഞ്ഞു; പരീശന്മാർക്കും സാദൂക്യർക്കും ജ്ഞാനത്തിന്റെ താക്കോൽ ലഭിച്ചിട്ടുണ്ട്. എന്നാൽ അവർ അത് ഒളിച്ചുവച്ചിരിക്കുന്നു. അവർ സ്വയം ജ്ഞാനത്തിൽ പ്രവേശിക്കുകയില്ല, മറ്റുള്ളവരെ പ്രവേശിക്കുവാൻ അനുവദിക്കുകയുമില്ല. നിങ്ങളോ പാമ്പുകളെപ്പോലെ കൂർമ്മബുദ്ധിയും പ്രാവുകളെപ്പോലെ നിർമ്മമരും ആയിരിക്കുവിൻ.

**വചനം 40** :- പിതാവിന്റെ മുന്തിരിത്തോട്ടത്തിന്റെ പുറത്ത് ഒരു മുന്തിരിവള്ളി നട്ടിരിക്കുന്നു. എന്നാൽ അതിന് താങ്ങ് ഇല്ലാത്തതിനാൽ അത് വേരോടെ പറിഞ്ഞ് നശിച്ചു പോകും.

**വചനം 41** :- യേശു പറഞ്ഞു; കുറെ കയ്യിൽ ഉള്ളവന് കുറെക്കൂടി ലഭിക്കും. എന്നാൽ അല്പം മാത്രം ഉള്ളവ നിൽനിന്ന് അതുകൂടി എടുക്കപ്പെടും.

**വചനം 42** :- യേശു പറഞ്ഞു; നാം കടന്നു പേകുന്നവർ (വഴിയാത്രക്കാർ) മാത്രം ആയിരിക്കുക

**വചനം 43** :- ശിഷ്യർ അവനോട് ചോദിച്ചു; ഇപ്രകാരം സംസാരിക്കുവാൻ നീ ആരാകുന്നു?

യേശു പറഞ്ഞു; ഞാൻ ആരാകുന്നു എന്ന് എന്റെ വാക്കുകേട്ട് നിങ്ങൾ മനസിലാക്കുന്നില്ലയോ?

നിങ്ങളും യൂദന്മാരെപ്പോലെ ആയി മാറിയിരിക്കുന്നു. അവർക്ക് മരം ഇഷ്ടമാണ്. പക്ഷെ അതിന്റെ ഫലത്തെ ഇഷ്ട മല്ല. അല്ലെങ്കിൽ ഫലത്തെ ആഗ്രഹിക്കുന്നു. പക്ഷെ മരത്തെ വെറുക്കുന്നു.

**വചനം 44** :- യേശു പറഞ്ഞു; പിതാവിനെതിരായി ദൂഷണം പറഞ്ഞാൽ അത് ക്ഷമിക്കും. പുത്രനെതിരായി ദൂഷണം പറ ഞ്ഞാൽ അതും ക്ഷമിക്കും. എന്നാൽ ആത്മാവിനെ ദുഷിക്കുന്നത് സ്വർഗ്ഗത്തിലും ഭൂമിയിലും ക്ഷമിക്കുകയില്ല.

**വചനം 45** :- യേശു പറഞ്ഞു; മുള്ളുകളിൽനിന്ന് മുന്തിരിയും ഞെരിഞ്ഞിലിൽനിന്ന് അത്തിപ്പഴവും ഉണ്ടാകുകയില്ല. നല്ല മനുഷ്യൻ അവന്റെ നന്മയുടെ സമ്പാദ്യത്തിൽനിന്ന് നന്മ പുറപ്പെടുവിക്കുന്നു. ദുഷ്ടൻ അവന്റെ തിന്മയുടെ കലവ റയിൽനിന്ന് തിന്മ പുറപ്പെടുവിക്കുന്നു. ദുഷ്ടന്റെ മനസ്സിൽ തിന്മ നിറഞ്ഞിരിക്കുന്നു. അതിനാൽ തിന്മ അവനിൽനിന്നും കവിഞ്ഞൊഴുകുന്നു.

**വചനം 46** :- യേശു പറഞ്ഞു; യോഹന്നാൻ ഒരിക്കലും ലജ്ജിക്കേണ്ടി വരികയില്ല. കാരണം ആദം മുതൽ യോഹ ന്നാൻ വരെയുള്ളവരിൽ യോഹന്നാനെക്കാൾ വലിയവൻ ജനിച്ചിട്ടില്ല.

എന്നാൽ നിങ്ങളിൽ ആരെങ്കിലും സ്വർഗ്ഗരാജ്യം എന്താണ് എന്ന് കുറച്ചെങ്കിലും അറിവാൻ സാധിച്ചാൽ യോഹന്നാ നെക്കാൾ ശ്രേഷ്ഠനാകുന്നു.

**വചനം 47** :- യേശു പറഞ്ഞു; ഒരേ സമയത്ത് രണ്ടു കുതിരപ്പുറത്തു കയറി രണ്ടു വില്ലുകൾ കുലയ്ക്കുവാൻ സാധി ക്കുകയില്ല.

ഒരേ സമയത്ത് ഒരു ദാസന് രണ്ടു യജമാനന്മാരെ സേവിക്കാൻ സാധിക്കുകയില്ല. അവൻ ഒരുവനെ ബഹുമാനിക്കു കയും മറ്റൊരുവനെ അപമാനിക്കുകയും ചെയ്യും.

ആരും പഴയ വീഞ്ഞ് കുടിച്ചതിനുശേഷം പുതിയ വീഞ്ഞ് ആഗ്രഹിക്കുകയില്ല.

ആരും പുതിയ വീഞ്ഞ് പഴയ തുരുത്തിലും പകരുകയില്ല. പഴയ വീഞ്ഞ് പുതിയ തുരുത്തിലും പകരുകയില്ല. ആരും പുതിയ തുണിയിൽ പഴന്തുണി തുന്നിച്ചേർക്കുകയില്ല. അങ്ങനെ ചെയ്താൽ അവ വീണ്ടും പെട്ടെന്ന് കീറും.

**വചനം 48** :- യേശു പറഞ്ഞു; ഒരു ഭവനത്തിൽ രണ്ടുപേർ തമ്മിൽ സമാധാനം സ്ഥാപിച്ചശേഷം ഒരു മലയോട് നീങ്ങിപ്പോകാൻ ആവശ്യപ്പെട്ടാൽ മല മാറിപ്പോകും.

**വചനം 49** :- യേശു പറഞ്ഞു; ഏകാന്തത തിരഞ്ഞെടുക്കുന്നവർ ആനുഗ്രഹിക്കപ്പെടുന്നവരാകുന്നു. കാരണം അവർ സ്വർഗ്ഗരാജ്യം കണ്ടെത്തും. അവർ അവിടെനിന്നു വന്നു. അവിടേയ്ക്കു മടങ്ങിപ്പോവുകയും ചെയ്യും.

**വചനം 50** :- യേശു പറഞ്ഞു; നിങ്ങൾ എവിടെ നിന്നുവരുന്നവർ എന്ന് നിങ്ങളോട് ചോദിച്ചാൽ അവരോടു പറക, ഞങ്ങൾ വെളിച്ചത്തിൽ നിന്നും വരുന്നു. അത് നിങ്ങളോ എന്ന് ചോദിച്ചാൽ ഞങ്ങൾ അവന്റെ മക്കളിലും നിത്യനായ പിതാവിനാൽ തിരഞ്ഞെടുക്കപ്പെട്ടവരും ആകുന്നു എന്നു പറയുക. നിങ്ങളിൽ പിതാവിന്റെ അടയാളം എന്ത് എന്ന് ചോദിച്ചാൽ അത് പൂർണ്ണമായ ചലനവും പൂർണ്ണമായ വിശ്രമവും ആകുന്നു എന്ന് പറയുക.

**വചനം 51** :- ശിഷ്യൻ അവനോടു ചോദിച്ചു; പുതിയ ലോകം എന്ന് ഉളവാകും, മരിച്ചവർ എന്ന് പുനർജീവിക്കും? അവൻ പറഞ്ഞു. നിങ്ങൾ കാത്തിരിക്കുന്ന പുനരുദ്ധാരണം എന്നേ സംഭവിച്ചു കഴിഞ്ഞു എന്നാൽ നിങ്ങളോ അറിഞ്ഞി ല്ല, തിരിച്ചറിഞ്ഞില്ല.

**വചനം 52** :- അവന്റെ ശിഷ്യർ പറഞ്ഞു; ഇരുപത്തിനാല് പ്രവാചകന്മാർ യിസ്രായേലിൽ സംസാരിച്ചത് നിന്നിലൂടെ ആയിരുന്നു. അവൻ പറഞ്ഞു; നിങ്ങൾ ജീവനുള്ളവനെ നിങ്ങളിൽനിന്ന് തള്ളിമാറ്റിയിട്ട് മരിച്ചവരെക്കുറിച്ച് സംസാരിക്കുന്നു.

**വചനം 53** :- ശിഷ്യർ ചോദിച്ചു; പരിച്ഛേദനകൊണ്ട് പ്രയോജനം ഉണ്ടോ?

അവൻ പറഞ്ഞു; പരിഛേദനകൊണ്ട് പ്രയോജനം ഉണ്ട് എങ്കിൽ അമ്മയുടെ ഉദരത്തിൽനിന്നും ജനിക്കുന്നതിനു മുമ്പേ പരിഛേദന ഏറ്റവരായി പിതാവ് അവരെ ജനിപ്പിക്കുമായിരുന്നു. എന്നാലോ ആത്മാവിലുള്ള പരിഛേദന എല്ലാ റ്റിലും ഉപരിയാകുന്നു.

**വചനം 54** :- യേശു പറഞ്ഞു; ആത്മാവിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ഭാഗ്യവാന്മാർ. അവർക്ക് ദൈവരാജ്യം ലഭി ക്കും.

**വചനം 55** :- യേശു പറഞ്ഞു; അപ്പനേയും അമ്മയേയും ഉപേക്ഷിക്കാത്തവന് എന്റെ പിന്നാലെ വരാൻ സാധിക്കുകയി ല്ല. സഹോദരനെയും സഹോദരിയെയും ഉപേക്ഷിക്കാത്തവനും എന്റെ ഭാരം ചുമക്കാൻ പ്രാപ്തനല്ല.

**വചനം 56** :- യേശു പറഞ്ഞു; ഈ ലോകത്തെ മനസ്സിലാക്കിയവൻ മരിച്ച ജഢത്തെ കണ്ടെത്തുന്നു. അവൻ ഈ

ലോകത്തെ ത്യജിക്കുന്നു.

**വചനം 57** :- യേശു പറഞ്ഞു; സ്വർഗ്ഗരാജ്യം നല്ല വിത്ത് വിതച്ചവന് തുല്യം. അവന്റെ ശത്രു രാത്രിയിൽ നല്ല വിത്തിനിടയിൽ കള വിതയ്ക്കുന്നു എന്നാൽ അവൻ വേലക്കാരോടു പറയുന്നു, കളകൾ നല്ല വിത്തിന്റെ കൂടെ വളരട്ടെ. ഇപ്പോൾ കളകളെ പിഴുതാൽ നല്ല വിത്തുകൂടി അറിയാതെ അവയുടെ കൂടെ പിഴുക്കപ്പെടും. എന്നാൽ കൊയ്ത്ത് ദിവസം കളകൾ വെളിവാകും. അവയെ തീയിൽ ദഹിപ്പിക്കുകയും ചെയ്യാം.

**വചനം 58** :- യേശു പറഞ്ഞു; കഷ്ടപാടുകൾ സഹിച്ച മനഷ്യൻ അനുഗ്രഹിക്കപ്പെട്ടവൻ. കാരണം അവൻ ജീവിതത്തെ യാഥാർത്ഥ്യതയിൽ കണ്ടെത്തി.

**വചനം 59** :- യേശു പറഞ്ഞു; നിങ്ങൾ ജീവിച്ചിരിക്കുമ്പോൾ നിത്യജീവനെ തേടുക. അതിനാൽ നിങ്ങൾ മരിക്കുകയില്ല. മരണശേഷം നിത്യജീവനെ തേടിയാൽ നിത്യജീവനെ കാണുകയില്ല.

**വചനം 60** :- യഹൂദ്യയിലേക്കുള്ള വഴിയാത്രയിൽ ഒരു ശമരിയാക്കാരൻ ആടിനെ മോഷ്ടിക്കാൻ പതിയിരിക്കുന്നത് കണ്ടിട്ട് അവൻ പറഞ്ഞു; അവൻ ആടിനെ മോഷ്ടിക്കാൻ പതിയിരിക്കുന്നു.

ശിഷ്യർ പറഞ്ഞു; അവൻ മോഷ്ടിച്ചശേഷം അതിനെ കൊന്നു തിന്നുവാൻ ശ്രമിക്കുന്നു. യേശു പറഞ്ഞു; ആട് ജീവനോടെ ഉള്ളപ്പോൾ അതിനെ ഭക്ഷിക്കാൻ അവന് സാധിക്കുകയില്ല. എന്നാൽ അതിനെ കൊന്നു കഴിയുമ്പോൾ അത് ശവമായി മാറുന്നു. അപ്പോൾ അവന് അതിനെ ഭക്ഷിക്കാം.

അതിനാൽ നിങ്ങൾ മരിക്കാതിരിക്കാൻ നിത്യജീവനെ തേടുക. അല്ലാഞ്ഞാൽ നിങ്ങളും ശവമായി മാറും. മറ്റുള്ളവർക്ക് ഭക്ഷണമായി മാറുകയും ചെയ്യും. നിത്യവിശ്രമം മരണമല്ല.

**വചനം 61** :- യേശു പറഞ്ഞു; രണ്ടുപേർ ഒരു കിടക്കയിൽ വിശ്രമിക്കുന്നു, ഒരുവൻ മരിക്കുന്നു, മറ്റൊരുവൻ ജീവിക്കുന്നു.

അപ്പോൾ സലോമി ചോദിച്ചു; മനുഷ്യാ! നീ ആരാകുന്നു? എന്റെ ഭവനത്തിൽ നീ വിശ്രമിക്കുകയും എന്റെ മേശയിൽ നിന്ന് നീ ഭക്ഷിക്കുകയും ചെയ്തിട്ടുണ്ടല്ലോ.

യേശു അവളോടു പറഞ്ഞു; ഒരിക്കലും മാറ്റം ഉണ്ടാകാത്ത നിത്യനായവനിൽ നിന്ന് ഞാൻ വരുന്നു. പിതാവിന്റെ നിത്യത എനിക്കും കുറെ ലഭിച്ചിരിക്കുന്നു. ഞാൻ ശിഷ്യൻ. അതിനാൽ ഞാൻ പറയുന്നു. ഒരുവൻ ദൈവത്തെപ്പോലെ ആയാൽ അവൻ വെളിവ് നിറഞ്ഞവനായി മാറുന്നു. എന്നാൽ ദൈവത്തിൽനിന്നും അകന്നവൻ അന്ധകാരം നിറഞ്ഞവൻ ആകുന്നു.

**വചനം 62** :- യേശു പറഞ്ഞു; എന്റെ രഹസ്യങ്ങൾ അർഹിക്കുന്നവരോട് കൂടെ ഞാൻ പങ്കിടുന്നു. നിന്റെ വലതു കരം ചെയ്യുന്നത് ഇടതുകരം അറിയരുത്.

**വചനം 63** :- യേശു പറഞ്ഞു; ധാരാളം സമ്പാദ്യങ്ങൾ ഉണ്ടായിരുന്ന ധനവാനായ മനുഷ്യൻ പറഞ്ഞു; എന്റെ സമ്പത്ത് ഉപയോഗിച്ച് ഞാൻ ധാരാളം വിതയ്ക്കും. എന്റെ കളപ്പുരകളിൽ ധാന്യം നിറഞ്ഞു കവിയും. എനിക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല. എന്നാൽ ആ രാത്രിയിൽ അവൻ മരിച്ചു. കേൾക്കാൻ ചെവിയുള്ളവർ കേൾക്കട്ടെ.

**വചനം 64** :- യേശു പറഞ്ഞു; ഒരു മനുഷ്യന് ധാരാളം സുഹൃത്തുക്കൾ ഉണ്ടായിരിന്നു. അവൻ അവർക്ക് വിരുന്നൊരുക്കി. അവന്റെ ദാസനെ വിട്ട് സുഹൃത്തുക്കളെ വിരുന്നിനു വിളിച്ചു. ദാസൻ ഒന്നാമത്തെ സ്നേഹിതനോട് അറിയിച്ചു. യജമാനൻ നിന്നെ വിരുന്നിനു വിളിക്കുന്നു. അവൻ പറഞ്ഞു; എനിക്ക് വളരെയേറെ വാണിജ്യ ഇടപാടുകൾ തീർക്കാനുണ്ട്. എന്നെ വിരുന്നിൽനിന്നും ഒഴിവാക്കണം. ദാസൻ രണ്ടാമത്തെ സ്നേഹിതനെ വിളിച്ചു. അവൻ പറഞ്ഞു; ഞാൻ പുതിയൊരു ഭവനം വാങ്ങി. എനിക്ക് സമയമില്ല. ദാസൻ മൂന്നാമത്തവനെ ക്ഷണിച്ചു. അവൻ പറഞ്ഞു; എന്റെ സുഹൃത്ത് വിവാഹം കഴിക്കുന്നു. വിവാഹസദ്യയ്ക്ക് വേണ്ടതെല്ലാം പാകം ചെയ്യണം. എനിക്ക് വിരുന്നിനു വരാൻ സാധിക്കുകയില്ല. ദാസൻ നാലാമത്തെ സുഹൃത്തിനെ വിരുന്നിനു വിളിച്ചു. അവൻ പറഞ്ഞു; ഞാൻ ഒരു ഗ്രാമം വിലയ്ക്കു വാങ്ങി. വാടക പിരിക്കാൻ പോകണം. എനിക്ക് വിരുന്നിന് വരാൻ സാധിക്കുകയില്ല. ദാസൻ തിരികെ യജമാനന്റെ അടുക്കൽ എത്തി അവനോടു പറഞ്ഞു. നീ ക്ഷണിച്ച സുഹൃത്തുക്കൾ ആരും വിരുന്നിനു വരികയില്ല. എല്ലാവരും ക്ഷണം നിരസിച്ചു. യജമാനൻ ദാസനോട് പറഞ്ഞു; നീ തെരുവിൽ പോയി കാണുന്നവരെയെല്ലാം കൂട്ടിക്കൊണ്ടു വരിക. അവർ വിരുന്ന് ഭക്ഷിക്കട്ടെ.

ഇടപാടുകാരും കച്ചവടക്കാരും എന്റെ പിതാവിന്റെ സ്ഥലത്ത് പ്രവേശിക്കുകയില്ല.

**വചനം 65** :- അവൻ പറഞ്ഞു; ഒരു ജന്മി തന്റെ മുന്തിരിത്തോട്ടം കൃഷിക്കാർക്ക് പാട്ടത്തിന് കൊടുത്തു. അവൻ തന്റെ ദാസനെ പാട്ടം പിരിക്കാൻ അയച്ചു. കൃഷിക്കാർ അവനെ മാരകമായി ഉപദ്രവിച്ച് തിരിച്ചയച്ചു. ഒന്നാമത്തെ ദാസനെ അവർ തിരിച്ചറിഞ്ഞില്ലായിരിക്കാം എന്നു കരുതി രണ്ടാമത് മറ്റൊരു ദാസനെ വിട്ടു. അവനെയും കൃഷിക്കാർ ഉപദ്രവിച്ച് തിരിച്ചയച്ചു. മൂന്നാമത് ജന്മി സ്വന്തം മകനെ തന്നെ വിട്ടു. എന്നാൽ ഇവനാണ് തോട്ടത്തിന്റെ അവകാശി എന്ന് പറഞ്ഞ് കൃഷിക്കാർ അവനെ കൊന്നു.

കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

**വചനം 66** :- യേശു പറഞ്ഞു; പണിക്കാർ തള്ളിക്കളഞ്ഞ കല്ല് എന്നെ കാണിക്കുക. അതാണ് മൂലക്കല്ല്.

**വചനം 67** :- യേശു പറഞ്ഞു; സർവ്വജ്ഞാനികൾക്ക് അല്പം അറിവ് കുറവ് ഉണ്ടെങ്കിൽ അവൻ എല്ലാറ്റിലും കുറവു

ള്ളവൻ ആകുന്നു.

**വചനം 68** :- യേശു പറഞ്ഞു; നിങ്ങളെ നിന്ദിക്കുകയും പീഡിപ്പിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവർ. നിങ്ങൾ നേടിയെടുക്കുന്നത് ഒരിക്കലും അവർ കാണുകയില്ല.

**വചനം 69** :- യേശു പറഞ്ഞു; ഹൃദയത്തിൽ യഥാർത്ഥമായ ദാരിദ്ര്യം അനുഭവിക്കുന്നവർ അനുഗ്രഹിക്കപ്പെട്ടവർ ആകുന്നു. അവർ പിതാവിനെ യഥാർത്ഥത്തിൽ കണ്ടറിയും. വിശപ്പ് അനുഭവിക്കുന്നവർ അനുഗ്രഹിക്കപ്പെട്ടവർ. അവരുടെ വിശപ്പിന് ശമനം ലഭിക്കും.

**വചനം 70** :- യേശു പറഞ്ഞു; നിങ്ങൾ സ്വയം കണ്ടെത്തുമ്പോൾ നിങ്ങൾ രക്ഷ പ്രാപിക്കുന്നു. നിങ്ങൾ സ്വയം കണ്ടെത്തുന്നില്ല എങ്കിൽ നിങ്ങൾക്കു മരണം സംഭവിക്കും.

**വചനം 71** :- യേശു പറഞ്ഞു; ഞാൻ ഈ ഭവനം നശിപ്പിക്കും. ഒരുവനും അത് വീണ്ടും പണിയാൻ കഴിയുകയില്ല.

**വചനം 72** :- ഒരുവൻ അവനോട് പറഞ്ഞു; എന്റെ പിതാവിന്റെ സ്വത്ത് എനിക്ക് കൂടി ഭാഗിക്കണം എന്ന് നീ എന്റെ സഹോദരനോട് പറയുക. യേശു അവനോട് പറഞ്ഞു:- മനുഷ്യാ! എന്നെ ആരാണ് ഭാഗിക്കുന്നവൻ ആക്കിയത്? അവൻ തിരിഞ്ഞ് ശിഷ്യരോട് ചോദിച്ചു. വിരുദ്ധത ഉണ്ടാക്കുന്നവനാണോ ഞാൻ?

**വചനം 73** :- യേശു പറഞ്ഞു; വിളവ് അധികം, വേലക്കാരോ ചുരുക്കം. കൂടുതൽ വേലക്കാരെ അയയ്ക്കാൻ യജമാനനോട് അപേക്ഷിക്കുക.

**വചനം 74** :- യേശു പറഞ്ഞു; അനേകം പേർ കിണറിനു ചുറ്റും കൂടി നിൽക്കുന്നു എന്നാൽ കിണറ്റിൽ ഒന്നും ഇല്ല.

**വചനം 75** :- യേശു പറഞ്ഞു; അനേകംപേർ വാതിൽക്കൽ കൂടിനിൽക്കുന്നു. എന്നാൽ ഏകാകികൾ മാത്രമേ വിരുന്നുശാലയിൽ പ്രവേശിക്കുകയുള്ളു.

**വചനം 76** :- യേശു പറഞ്ഞു; പിതാവിന്റെ രാജ്യം അനേകം വകയുള്ള കച്ചവടക്കാരനു സമം. അവൻ വളരെ വിശിഷ്ടമായ ഒരു മുത്ത് കണ്ടെത്തുന്നു. വളരെ കുശാഗ്രബുദ്ധിയുള്ള കച്ചവടക്കാരൻ അവന്റെ വകകൾ വിറ്റ് മുത്ത് വാങ്ങി സ്വന്തമാക്കുന്നു. നിങ്ങളും ഇത്തരം നശിച്ചു പോകാത്ത ദ്രവ്യം തേടുക. അവയെ പുഴുവും പാറ്റയും തിന്നു നശിപ്പിക്കുകയില്ല.

**വചനം 77** :- യേശു പറഞ്ഞു; എല്ലാറ്റിലും ഉപരിയായ പ്രകാശം ഞാൻ ആകുന്നു. ഞാൻ എല്ലാം ആകുന്നു. എല്ലാം എന്നിൽ നിന്ന് ഉളവായി. എല്ലാം എന്നിലേക്ക് തിരികെചേരും. ഒരു മരക്കഷണം കീറി നോക്കുക. എന്നെ നിങ്ങൾക്ക് കാണാം. ഒരു കല്ല് പൊക്കി നോക്കിയാൽ എന്നെ അവിടെ കാണാം.

**വചനം 78** :- യേശു പറഞ്ഞു; നിങ്ങൾ ഗ്രാമപ്രദേശത്തേക്ക് എന്തിന് പോകുന്നു. കാറ്റിൽ ആടുന്ന ഞാങ്ങണ കാണുവാനോ? അതോ രാജകുമാരനെപ്പോലെയും പ്രഭുക്കന്മാരെപ്പോലെയും മൃദുലവസ്ത്രങ്ങൾ ധരിച്ചവരെ കാണുവാനോ? അവർ മൃദുല വസ്ത്രം ധരിച്ചവരാകുന്നു എന്നാൽ യാഥാർത്ഥ്യം മനസ്സിലാക്കുന്നില്ല.

**വചനം 79** :- ആൾക്കൂട്ടത്തിൽ നിന്നും ഒരു സ്ത്രീ പറഞ്ഞു; നിന്നെ വഹിച്ച ഉദരവും നീ കുടിച്ച മുലകളും പുകഴ്ത്തപ്പെട്ടവ ആകുന്നു.

അവൻ പറഞ്ഞു; പിതാവിന്റെ വചനം കേട്ട് ശരിയായ വിധത്തിൽ പാലിക്കുന്നവർ പുകഴ്ത്തപ്പെട്ടവർ ആകുന്നു. കാരണം ഗർഭം ധരിക്കാത്ത ഉദരങ്ങളും കുടിപ്പിക്കാത്ത മുലകളും വാഴ്ത്തപ്പെട്ടവ എന്ന് നിങ്ങൾ പറയുന്ന കാലം വരുന്നു.

**വചനം 80** :- യേശു പറഞ്ഞു; ലോകത്തെ അറിഞ്ഞവർ ലോകം മരിച്ച ജഢം എന്നറിയുന്നു. എന്നാൽ മരിച്ച സ്വന്തം ജഢം കണ്ടെത്തിയവർ ലോകം വ്യർത്ഥം എന്നറിയുന്നു.

**വചനം 81** :- യേശു പറഞ്ഞു; സമ്പത്ത് നേടിയവൻ രാജാവാകണം. അധികാരം ഉള്ളവൻ അത് ഉപേക്ഷിക്കണം.

**വചനം 82** :- യേശു പറഞ്ഞു; എന്റെ അടുത്ത് നിൽക്കുന്നവൻ അഗ്നിയോട് അടുത്ത് നില്ക്കുന്നു. എന്നിൽനിന്നും അകലുന്നവൻ ദൈവരാജ്യത്തിൽനിന്നും അകലുന്നു

**വചനം 83** :- യേശു പറഞ്ഞു; പിതാവിന്റെ രൂപം മനുഷ്യവർഗ്ഗത്തിന് കാണുവാൻ സാധിക്കും. എന്നാൽ മനുഷ്യനിലെ പ്രകാശം പിതാവിന്റെ രൂപത്തിൽ മറഞ്ഞിരിക്കുന്നു. പിതാവിന്റെ വെളിച്ചം സ്വയം വെളിവാകുന്നു. എന്നാൽ പിതാവിന്റെ രൂപം വെളിച്ചത്തിൽ ലയിച്ചിരിക്കുന്നു.

**വചനം 84** :- യേശു പറഞ്ഞു; നിങ്ങളുടെ സാദൃശ്യം നിങ്ങൾ കാണുമ്പോൾ നിങ്ങൾ ആനന്ദം നിറഞ്ഞവരായി മാറുന്നു. എന്നാൽ നിങ്ങൾ ജനിക്കുംമുമ്പെ ഉളവായ നിങ്ങളുടെ സാദൃശ്യം നശിക്കുന്നില്ല. മൂർത്തീരൂപം ധരിക്കുന്നുമില്ല. ആ സാദൃശ്യം നിങ്ങൾ കാണുമ്പോൾ നിങ്ങൾക്ക് ഉണ്ടാകുന്ന ആനന്ദം വഹിക്കാൻ നിങ്ങൾക്കു സാധിക്കുമോ?

**വചനം 85** :- യേശു പറഞ്ഞു; വലിയ ധനത്തിന്റെയും അധികാരത്തിന്റെയും അവകാശിയായി ആദം വന്നു. എന്നാൽ അവൻ നിങ്ങളേക്കാൾ യോഗ്യത ഉള്ളവൻ അല്ല. അവൻ യോഗ്യനായിരുന്നു എങ്കിൽ അവന് മരണം സംഭവിക്കുകയില്ലായിരുന്നു.

**വചനം 86** :- യേശു പറഞ്ഞു; കുറുനരികൾക്ക് അവയുടെ മാളവും പറവകൾക്ക് അവയുടെ കൂടും ഉണ്ട്. എന്നാൽ

മനുഷ്യപുത്രന് തലചായ്ക്കാൻ ഇടമില്ല.

**വചനം 87** :- യേശു പറഞ്ഞു; ജഢത്തെ ആശ്രയിക്കുന്ന ജഢം വ്യർത്ഥം. ഇവ രണ്ടിനേയും ആശ്രയിക്കുന്ന ആത്മാവും വ്യർത്ഥം.

**വചനം 88** :- യേശു പറഞ്ഞു; പ്രവാചകന്മാരും സന്ദേശവാഹകരും നിങ്ങളുടെ അടുത്ത് വന്ന് നിങ്ങൾക്കുള്ളതിനെ നിങ്ങൾക്ക് തരുന്നു. പകരം നിങ്ങളുടെ കൈയ്യിൽ ഉള്ളത് നിങ്ങൾ അവർക്ക് കൊടുക്കുന്നു.

**വചനം 89** :- യേശു പറഞ്ഞു; നിങ്ങൾ പാനപാത്രങ്ങളുടെ പുറംഭാഗം മാത്രം കഴുകുന്നത് എന്ത്? ഉൾഭാഗം ഉണ്ടാക്കിയവൻ തന്നെയാണ് പുറംഭാഗവും ഉണ്ടാക്കിയത് എന്നു നിങ്ങൾ അറിയുന്നില്ലയോ?

**വചനം 90** :- യേശു പറഞ്ഞു; എന്റെ അടുത്തേക്ക് വരിക; എന്റെ നുകം വളരെ ലഘുവും എന്റെ നിയമം വളരെ മൃദുലവും ആകുന്നു. നിങ്ങൾ സ്വയം നിത്യമായ വിശ്രമം കണ്ടെത്തുകയും ചെയ്യും.

**വചനം 91** :- ശിഷ്യർ അവനോടു പറഞ്ഞു; നിന്നെ ഞങ്ങൾ വിശ്വസിക്കേണ്ടതിന് നീ ആരാകുന്നു എന്ന് ഞങ്ങളോട് പറയുക.

അവൻ അവരോട് പറഞ്ഞു; നിങ്ങൾ ആകാശത്തിന്റെയും ഭൂമിയുടെയും ഉപരിതലത്തെ തിരയുന്നു. എന്നാൽ നിങ്ങൾക്കു മുമ്പേ ഉളവായവനെ നിങ്ങൾ അറിയുന്നില്ല. അറിയുവാനുള്ള അവസരം നിങ്ങൾ ഉപയോഗിക്കുന്നുമില്ല.

**വചനം 92** :- യേശു പറഞ്ഞു; അന്വേഷിക്കൂ നിങ്ങൾ കണ്ടെത്തും. നിങ്ങൾ നേരത്തെ എന്നോടു ചോദിച്ചവയും എന്നാൽ ഞാൻ മറുപടി പറയാത്തവയും ഇന്ന് നിങ്ങളോട് പറവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ നിങ്ങളോ അന്വേഷിക്കുന്നില്ല.

**വചനം 93** :- പരിശുദ്ധമായത് നായ്ക്കൾക്കു കൊടുക്കരുത്. അമേധ്യക്കുന്നുകളിൽ അവ എറിയപ്പെടും. പന്നിയുടെ മുന്നിൽ വിത്ത് വിതറരുത്. അവ അവയെ ചെളിയിൽ താഴ്ത്തും.

**വചനം 94** :- യേശു പറഞ്ഞു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു. മുട്ടുന്നവന് വാതിൽ തുറക്കപ്പെടും.

**വചനം 95** :- യേശു പറഞ്ഞു; നിങ്ങൾക്ക് കടം കൊടുക്കാൻ പണം ഉണ്ട്. എങ്കിൽ പലിശയ്ക്കു കടം കൊടുക്കരുത്. എന്നാൽ പലിശ തരുവാൻ നിവൃത്തി ഇല്ലാത്തവനും കടം കൊടുക്കുക.

**വചനം 96** :- യേശു പറഞ്ഞു; പിതാവിന്റെ രാജ്യം അൽപം പുളിച്ച മാവ് ഒളിച്ചു വെച്ച സ്ത്രീയോടു സദൃശ്യം. അവൾ ആ മാവു കൊണ്ട് വലിയ അപ്പങ്ങൾ ഉണ്ടാക്കി.

കേൾക്കാൻ ചെവിയുള്ളവർ കേൾക്കട്ടെ.

**വചനം 97** :- യേശു പറഞ്ഞു; വിദൂരതയിൽനിന്നും ഒരു ഭരണി നിറയെ മാവ് നിറച്ച് സ്വന്തം വീട്ടിലേക്ക് യാത്ര ചെയ്യുന്ന സ്ത്രീയോട് പിതാവിന്റെ രാജ്യത്തെ ഉപമിക്കാം. വഴിയിൽവെച്ച് ഭരണിയുടെ പിടി അടർന്നു പോകുന്നു. പിടിയുടെ ദ്വാരത്തിലൂടെ മാവ് കുറേശ്ശെ ചോർന്നു പോകുന്നു. എന്നാൽ ഇത് സ്ത്രീ അറിയുന്നില്ല. അവൾ വീട്ടിലെത്തി ഭരണി നിലത്തു വയ്ക്കുന്നു. ശൂന്യമായ ഭരണി കാണുന്നു.

**വചനം 98** :- യേശു പറഞ്ഞു; പിതാവിന്റെ രാജ്യം ഒരു ബലവാനെ കൊല്ലുവാൻ ശ്രമിച്ച മനുഷ്യനു സദൃശ്യം. അവൻ അവന്റെ വീട്ടിൽ വാള് ഭിത്തിയിലേക്ക് കുത്തിക്കയറ്റി പരിശീലിക്കുന്നു. അങ്ങനെ അവൻ കരത്തിന്റെ ശക്തി ഉറപ്പു വരുത്തുന്നു. എന്നിട്ട് ബലവാനെ കൊല്ലുന്നു.

**വചനം 99** :- ശിഷ്യർ അവനോട് പറഞ്ഞു; നിന്റെ സഹോദരന്മാരും അമ്മയും നിന്നെ അന്വേഷിച്ച് പുറത്ത് നില്ക്കുന്നു.

അവൻ അവരോട് പറഞ്ഞു; ഇവിടെ ഉള്ളവർ, എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവർ എന്റെ മാതാവും സഹോദരന്മാരും ആകുന്നു. അവരാണ് എന്റെ പിതാവിന്റെ രാജ്യത്തിൽ പ്രവേശിക്കുന്നത്.

**വചനം 100** :- അവർ സ്വർണ്ണനാണയം കാട്ടി യേശുവിനോട് പറഞ്ഞു; സീസറിന്റെ ആൾക്കാർ നമ്മോട് കരം ചോദിക്കുന്നു.

അവൻ അവരോട് പറഞ്ഞു; സീസറിനുള്ളത് സീസറിനു കൊടുക്കുക. ദൈവത്തിനുള്ളത് ദൈവത്തിന് കൊടുക്കുക. എനിക്കുള്ളത് എനിക്കും തരിക.

**വചനം 101** :- എന്നെപ്പോലെ സ്വന്തം അപ്പനേയും അമ്മയേയും ത്യജിക്കാത്തവന് എന്റെ ശിഷ്യനാകാൻ സാധിക്കുകയില്ല. അപ്പനെയും അമ്മയെയും സ്നേഹിക്കാത്തവനും എന്നെ അനുഗമിക്കാൻ സാധിക്കുകയില്ല. കാരണം ശരീരമുള്ള അമ്മയാണ് എനിക്ക് ജീവൻ നല്കിയത്.

**വചനം 102** :- യേശു പറഞ്ഞു; പരീശന്മാർ പുൽത്തൊട്ടിയിൽ ഉറങ്ങുന്ന നായ്ക്കൾക്കു സമമാണ്. നായ്ക്കൾ പുല്ലു തിന്നുകയില്ല. തിന്നാൻ കാലികളെ അനുവദിക്കുകയും ഇല്ല.

**വചനം 103** :- യേശു പറഞ്ഞു; ഏതു നാഴികയിൽ തന്റെ ഭവനം കവർച്ച ചെയ്യും എന്നറിയാവുന്നവൻ ഭാഗ്യവാൻ. അവൻ അരമുറുക്കി ഉണർന്നിരുന്ന് അവന്റെ ഭവനവും ദ്രവ്യവും കാത്തു സൂക്ഷിക്കുന്നു.

**വചനം 104** :- ശിഷ്യർ യേശുവിനോട് പറഞ്ഞു; വരൂ. നമുക്ക് ഇന്ന് ഉപവസിച്ചു പ്രാർത്ഥിക്കാം. യേശു പറഞ്ഞു. ഞാൻ എപ്പോഴാണ് കുറ്റം ചെയ്യുകയോ വഴിതെറ്റുകയോ ചെയ്തത്. മണവാളൻ മണിയറയിൽനിന്ന് പുറത്തു വരുമ്പോൾ നമുക്ക് ഉപവസിച്ച് പ്രാർത്ഥിക്കാം.

**വചനം 105** :- യേശു പറഞ്ഞു; സ്വന്തം അപ്പനെയും അമ്മയെയും അറിയാത്തവൻ വേശ്യയുടെ സന്തതി എന്നറിയപ്പെടും.

**വചനം 106** :- യേശു പറഞ്ഞു; രണ്ടായിരിക്കുന്നത് ഒന്നായി മാറുമ്പോൾ നിങ്ങൾ മനുഷ്യപുത്രന്മാരായി മാറുന്നു. അപ്പോൾ നിങ്ങൾ മലയോട് മാറിപ്പോകുക എന്നു പറഞ്ഞാൽ അത് മാറിപ്പോകുന്നു.

**വചനം 107** :- യേശു പറഞ്ഞു; ദൈവരാജ്യം നൂറ് ആടുകൾ ഉണ്ടായിരുന്ന ഇടയനോട് സദൃശ്യം. അതിൽ ഒന്ന് പാത തെറ്റി അലയുന്നു. അവൻ തൊണ്ണൂറ്റി ഒമ്പതിനേയും വിട്ട് വഴിതെറ്റിയ ആടിനെ തിരയുന്നു. അതിനെ കണ്ടുകിട്ടിയപ്പോൾ അതിനോടു പറയുന്നു. മറ്റു തൊണ്ണൂറ്റി ഒമ്പതിനേക്കാൾ ഉപരി നിന്നെ ഞാൻ സ്നേഹിക്കുന്നു.

**വചനം 108** :- യേശു പറഞ്ഞു; എന്റെ വായിലെ വചനം കുടിക്കുന്നവൻ എന്നെപ്പോലെ ആകും. ഞാൻ അവനായി മാറും. രഹസ്യമായത് അവന് വെളിവാകും.

**വചനം 109** :- യേശു പറഞ്ഞു; ദൈവരാജ്യം സ്വന്തം കൃഷിഭൂമിയിൽ ഒളിഞ്ഞു കിടക്കുന്ന നിധി അറിയാത്ത മനുഷ്യനു സദൃശ്യം. അവൻ മരിച്ചതിനുശേഷം അവന്റെ മകൻ നിലത്തിന് അവകാശി ആകുന്നു. പക്ഷെ അവനും നിധി കണ്ടെത്തുന്നില്ല. അവൻ നിലം വില്ക്കുന്നു. പുതിയ ഉടമ നിലം ഉഴുതപ്പോൾ നിധി കണ്ടെത്തുന്നു.

**വചനം 110** :- യേശു പറഞ്ഞു; ലോകത്തെ കണ്ടെത്തിയവൻ ധനവാനാകുന്നു. എന്നാൽ അവൻ ലോകത്തെ ത്യജിക്കണം.

**വചനം 111** :- യേശു പറഞ്ഞു; ആകാശവും ഭൂമിയും നിങ്ങളുടെ മുമ്പിൽ ചുരുണ്ട് മാറിപ്പോകും. നിത്യനായവനിൽ ജനിക്കുന്നവൻ മരണം കാണുകയില്ല. സ്വയം കണ്ടെത്തിയവൻ ലോകത്തെ വ്യർത്ഥമായി കാണുന്നു എന്നത് നിങ്ങൾക്കും അറിയാവുന്നതാണല്ലോ.

**വചനം 112** :- യേശു പറഞ്ഞു; ആത്മാവിനെ ആശ്രയിക്കുന്ന ജഢത്തിന് കഷ്ടം. ജഢത്തെ ആശ്രയിക്കുന്ന ആത്മാവിനും കഷ്ടം.

**വചനം 113** :- ശിഷ്യർ ചോദിച്ചു; രാജ്യം എന്നുവരും? യേശു പറഞ്ഞു; നോക്കി കാത്തിരുന്നാൽ രാജ്യം വരികയില്ല. അതാ അവിടെ ഇതാ ഇവിടെ എന്നു പറയുകയില്ല. എന്നാൽ പിതാവിന്റെ രാജ്യം ലോകമാകെ നിറഞ്ഞു നില്ക്കുന്നു. മനുഷ്യർ അത് കാണുന്നില്ല.

**വചനം 114** :- ശീമോൻ പത്രോസ് അവരോട് പറഞ്ഞു; മേരി നമ്മളെ വിട്ടുപോകട്ടെ. കാരണം സ്ത്രീകൾ ജീവിതം അർഹിക്കുന്നില്ല.

യേശു പറഞ്ഞു; നോക്കു! ഞാൻ അവളെ എന്നിലേക്കു സ്വീകരിക്കുന്നു. തൻനിമിത്തം അവൾ പുരുഷനായി രൂപാന്തരം പ്രാപിക്കുന്നു. അവൾ നിന്നെപ്പോലെ ജീവിക്കുന്നു. പുരുഷനായി മാറുന്നു. അവൾ ആത്മീയപുരുഷനായി മാറുന്നു. എന്നാൽ ഞാൻ നിന്നോടു പറയുന്നു. സ്വയം ആത്മീയപുരുഷത്വം തേടുന്ന സ്ത്രീ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നു.

## സുവിശേഷവ്യാഖ്യാനം

1-ാം നൂറ്റാണ്ടുമുതൽ തോമായുടെ സുവിശേഷം നിലവിലുണ്ടായിരുന്നു എന്ന് അനുമാനിക്കാം. നമ്മുടെ നാഥന്റെ വചനങ്ങൾ , യേശുവിന്റെ പുതിയ വചനങ്ങൾ, നഷ്ടപ്പെട്ട സുവിശേഷം എന്നിങ്ങനെ പല പേരുകളിൽ തോമായുടെ സുവിശേഷം അറിയപ്പെട്ടിരുന്നു. CE- 3 നൂറ്റാണ്ടുകളിൽ പല രീതിയിലുള്ള പരിഭാഷയിൽ തോമായുടെ സുവിശേഷം നിലനിന്നിരുന്നു. മെഡിറ്ററേനിയൻ പ്രദേശങ്ങളിൽ തോമായുടെ സുവിശേഷത്തിന് വളരെ പ്രചാരം ഉണ്ടായിരുന്നു. നിഖ്യ സുന്നഹദോസിനുശേഷം അനേകം സുവിശേഷങ്ങളും ലേഖനങ്ങളും വിലക്കപ്പെട്ടതോടുകൂടി തോമായുടെ സുവിശേഷവും അപ്രത്യക്ഷമായി.

തോമായുടെ സുവിശേഷത്തിന്റെ ശൈലി BC- 500 കാലഘട്ടം മുതലെങ്കിലും നിലനിന്നിരുന്നു. തത്വചിന്തകന്മാരുടെ വചനങ്ങളെ അവരുടെ ശിഷ്യർ എഴുതി എടുത്ത് കവലകളിലും ചന്തകളിലും പൊതു സ്ഥലങ്ങളിലും പ്രസംഗിച്ചിരുന്നു. ഇവ പൊതുവായി 'ജ്ഞാനികളുടെ വചനങ്ങൾ' (Logic Sophon) എന്നറിയപ്പെടുന്നു. പൈതഗോറസിന്റെ വചനങ്ങൾ, സോക്രട്ടീസിന്റെ വചനങ്ങൾ, അപ്പോലോനിയസിന്റെ വചനങ്ങൾ, ഉത്തമഗീതം, സങ്കീർത്തനം, സദൃശ്യവാക്യങ്ങൾ, ശലമോന്റെ ജ്ഞാനം, യേശുബെൻസേറായുടെ ജ്ഞാനം എന്നിവ ഉദാഹരണങ്ങളാണ്.

ശലമോന്റെ ജ്ഞാനം 7:27- ഓരോ തലമുറയിൽ ജ്ഞാനദേവത ഇടക്കിടെ ചില ദിവ്യാത്മാക്കളെ തിരഞ്ഞെടുക്കുന്നു. അവരിലൂടെ ദൈവത്തെയും പ്രവാചകരെയും കൂട്ടി ഇണക്കി ആത്മാവിനെ പ്രസരിപ്പിക്കുന്നു. ഇത്തരം ഉന്നത സ്ഥാനം തോമായുടെ സുവിശേഷത്തിന് ആദിമ നൂറ്റാണ്ടുകളിൽ ഉണ്ടായിരുന്നു.

ജീവിക്കുന്ന യേശുവിന്റെ അജ്ഞാതമായ വാക്കുകൾ എഴുതിയത് ദിദിമോസ് ജൂഢാസ് തോമസ് എന്നാണ് വചനം

1-ൽ പറയുന്നത്. ഇതിൽ ജൂഡാസ് എന്നത് മാത്രമാണ് വ്യക്തിയുടെ പേര് ആയി കണക്കാക്കാവുന്നത്. ദിദിമോസ് എന്ന ഗ്രീക്കു വാക്കിന്റെയും തോമ എന്ന സെമിറ്റിക് വാക്കിന്റെയും അർത്ഥം ഇരട്ട എന്നാണ്. തോമായുടെ അർത്ഥം ഗ്രീക്കുവായനക്കാരെ മനസിലാക്കാൻ ദിദിമോസ് കൂട്ടി ചേർത്തു എന്ന് അനുമാനിക്കാം. ജൂഡാസ് എന്ന വാക്കിനെ ഇരട്ട എന്ന് തർജ്ജമ ചെയ്യാമെങ്കിലും ഇരട്ട എന്നറിയപ്പെടുന്ന ജൂഡാസ് ആണ് എഴുത്തുകാരൻ എന്ന് ആദിമ ക്രിസ്തീയവിഭാഗങ്ങൾ വിശ്വസിച്ചിരുന്നു. തോമായുടെ സുവിശേഷത്തിന് ശ്രേഷ്ഠമായ സ്ഥാനം ഉണ്ടായിരുന്നതിന്റെ കാരണങ്ങളിൽ ഒന്നും ഇതുതന്നെ.

ജൂഡാസ് തോമസ്, ജൂഡാസ് ഇസ്കരിയോത്ത് അല്ല. യോഹ11:16– ദിദിമോസ് എന്ന പേരുള്ള തോമസ് സഹശിഷ്യന്മാരോട് അവനോടുകൂടി മരിക്കേണ്ടതിന് നാമും പോക എന്നുപറഞ്ഞു. യോഹ 14: 5– തോമസ് അവനോട് കർത്താവേ നീ എവിടെ പോകുന്നു എന്ന് ഞങ്ങൾ അറിയുന്നില്ല. യോഹ 14:2– ഇസ്കരിയോത്തല്ലാത്ത യൂദ. മർക്കോ 6:3– യേശുവിന്റെ സഹോദരങ്ങളുടെ പേരിന്റെ കൂട്ടത്തിൽ തോമായും ഉണ്ട്. കൂടാതെ തോമായുടെ പ്രവൃത്തികളിൽ (Acts of Thomas) യേശുവിനെ ജൂഡാസ് തെറ്റിദ്ധരിക്കുന്നതു കാണാം. അപ്പോൾ യേശു പറയുന്നു; ഞാൻ തോമസ് എന്നു വിളിക്കപ്പെടുന്ന ജൂഡാസ് അല്ല. ഞാൻ അവന്റെ സഹോദരനാണ്. ഇവയുടെ വെളിച്ചത്തിൽ യേശുവിന്റെ ശിഷ്യനും ഇരട്ട സഹോദരൻ എന്നറിയപ്പെടുന്നവനുമായ ജൂഡാസ് തോമസിന്റെ എഴുത്തുകൾ ആണ് ഇവ എന്നും അനുമാനിക്കാവുന്നതാണ്.

എല്ലാ സുവിശേഷങ്ങളും അവയുടെ ആധികാരികത വർദ്ധിപ്പിക്കാൻ യേശുവിന്റെ ശിഷ്യന്മാരോട് ബന്ധിപ്പിച്ചിരിക്കുന്നു. എന്നാൽ യേശുവിന്റെ ശിഷ്യർ മരിച്ചതിന് അനേകം വർഷങ്ങൾക്ക് ശേഷമാണ് സുവിശേഷങ്ങൾ എഴുതപ്പെട്ടത്. ആദ്യം എഴുതപ്പെട്ട മർക്കോസിന്റെ സുവിശേഷം CE-70 നു ശേഷമാണ് ഉത്ഭവിച്ചത്. പിന്നീട് എഴുതപ്പെട്ട മത്തായി, ലൂക്കോസ്, യോഹന്നാൻ എന്നിവയുടെ ഉത്ഭവം CE -150 വരെയുള്ള കാലഘട്ടം എന്ന് അനുമാനിക്കപ്പെടുന്നു.

എഴുത്തുകാരുടെ പേര് ഉപയോഗിക്കാതെ അനേകം സുവിശേഷങ്ങൾ നിലനിന്നിരുന്നു. എന്നാൽ നിഖ്യ സുന്നഹദോസിനു ശേഷം അനേകം സുവിശേഷങ്ങളെ ചവറുകളായി പുറംതള്ളുകയും അല്പം എങ്കിലും വിശ്വസനീയത തോന്നിക്കുന്ന മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവയെ കാനോകികം എന്ന പേരിൽ സ്വീകരിക്കുകയും ചെയ്തു. തുടക്കത്തിൽ കാനോനിക സുവിശേഷങ്ങളും ഊമക്കത്തുകൾ ആയിരുന്നു. ആദിമ സഭാപിതാക്കന്മാർ ആണ് ഇവയെ മത്തായിയുടെയും മർക്കോസിന്റെയും യോഹന്നാന്റെയും ലൂക്കോസിന്റെയും പേരിനോട് ബന്ധപ്പെടുത്തിയത്. അതുകൊണ്ടാണ് Gospel Accrding to .... (പ്രകാരമുള്ള സുവിശേഷം) എന്ന് ചേർത്തിരിക്കുന്നത്.

ആദിമ നൂറ്റാണ്ടുകളിൽ പലവിധ ക്രിസ്തീയ വിഭാഗങ്ങളും ചിന്താഗതികളും (Schools of Thought) നിലനിന്നിരുന്നു. ഇത്തരം ചിന്താവിഭാഗങ്ങൾക്ക് അവരുടെ ആശയത്തെ പ്രചരിപ്പിക്കാനാണ് സുവിശേഷങ്ങൾ രചിച്ചത്. മർക്കോസിന്റെ സുവിശേഷം അതേപടി മത്തായി കോപ്പി അടിക്കുന്നു. എങ്കിലും മർക്കോസിന്റെ സുവിശേഷത്തിലെ പല തെറ്റുകളും തിരുത്തുവനാണ് മത്തായിയുടെ സുവിശേഷം എഴുതപ്പെട്ടത്. (വിശദാംശങ്ങൾക്കായി സുവിശേഷങ്ങളിലെ വിഡ്ഢിത്തങ്ങളും കള്ളക്കഥകളും Vol IV വായിക്കുക.) കാനോനികം എന്നറിയപ്പെടുന്ന സുവിശേഷങ്ങളിൽ കാണപ്പെടുന്ന യേശുവിന് നാല് വ്യത്യസ്ത വ്യക്തിത്വങ്ങൾ ആണുള്ളത്. മഗ്ദലന മേരിയുടെ യേശുവും (Vol I), തോമായുടെ യേശുവും (Vol II) വളരെ വ്യത്യസ്തരാണ്. ഈ സുവിശേഷങ്ങൾ എല്ലാംതന്നെ മാറി മാറി വന്ന ചിന്താഗതികൾക്കനുസരണമായി മാറ്റി എഴുതപ്പെട്ടു. മർക്കോസിന്റെ 16:9 മുതലുള്ള ഭാഗവും യോഹന്നാന്റെ 21–ാം അദ്ധ്യായവും പൂർണ്ണമായും പിന്നീട് കൂട്ടിച്ചേർത്തതാണ്. ഇന്നു കാണുന്ന യോഹന്നാന്റെ സുവിശേഷം കുറഞ്ഞത് മൂന്ന് എഴുത്തുകാരുടെ വാക്യങ്ങൾ കൂട്ടിക്കുഴച്ച് എടുത്തതാണ്. ഈ കാര്യങ്ങൾ Vol IV ൽ വിശദമായി എഴുതിയിരിക്കുന്നു. കാനോനിക സുവിശേഷങ്ങൾ അനുഭവിച്ച ഗതികേട് തോമായുടെ സുവിശേഷത്തിനും സംഭവിച്ചു എന്നു കാണാം.

114 വചനങ്ങളിൽ നിങ്ങൾ വായിച്ച തോമായുടെ സുവിശേഷം അതിന്റെ മൂലകൃതിയിൽ നിന്നും വളരെ വിഭിന്നം ആയിരിക്കണം. പലതും കൂട്ടിച്ചേർക്കപ്പെട്ടതോ വെട്ടിത്തിരുത്തിയതോ ആണ് എന്ന് സ്പഷ്ടം. ജൂഡാസ് തോമസ് സിറിയൻ പ്രദേശങ്ങളുമായി വളരെ ബന്ധം പുലർത്തുന്നു. സിറിയൻ സഭാ പിതാവ് എഫ്രയിമിന്റെ എഴുത്തുകളിൽ തോമായും പരാമർശിക്കപ്പെടുന്നു. പത്രോസിനെ റോമിനോടും ജോണിനെ ഏഷ്യാമൈനറിനോടും ജെയിംസിനെ യെരുശലേമിനോടും ബന്ധിച്ചിരിക്കുന്നതുപോലെ തോമായെ സിറിയൻ പ്രദേശങ്ങളുമായി ബന്ധിപ്പിച്ചിരിക്കുന്നു.

തോമായുടെ സുവിശേഷം സിറിയൻ പ്രദേശങ്ങളിൽനിന്നും ഉത്ഭവിച്ചതായി അനുമാനിക്കാം. Q എന്നപേരിൽ അറിയപ്പെടുന്ന ആദ്യ സുവിശേഷവുമായി തോമായുടെ സുവിശേഷം രചനാരീതിയിൽ സാദൃശ്യം പുലർത്തുന്നു. അതിനാൽ കാനോനിക സുവിശേഷങ്ങൾക്കു മുമ്പുതന്നെ തോമായുടെ സുവിശേഷം എഴുതപ്പെട്ടു എന്ന് അനുമാനിക്കപ്പെടുന്നു. യേശുവിന്റെ വാക്കുകളും വചനങ്ങളും വാമൊഴിയായി നിലനിന്നിരുന്ന കാലത്തിനു ശേഷമാണ് കാനോനിക സുവിശേഷങ്ങൾ എഴുതപ്പെട്ടത്. അവയ്ക്ക് മുമ്പ് എഴുതപ്പെട്ട പൗലോസിന്റെ ലേഖനങ്ങളിൽ യേശുവിന്റെ അത്ഭുത ജനനമോ കഥകളോ ഇല്ല എന്നതും ശ്രദ്ധിക്കുക. യേശുവിന്റെ ഉയർപ്പ് ജഡികമല്ലായിരുന്നു. ആത്മീയം മാത്രമായിരുന്നുവെന്നാണ് പൗലോസ് എഴുതിയിരിക്കുന്നത്. സുവിശേഷത്തിൽ കാണുന്ന ദിവ്യജനനവും അത്ഭുത പ്രവൃത്തികളും പുരാണങ്ങളിലെ പുറജാതി ദൈവങ്ങളുടെ കഥയാണ്. പുറജാതികൾ യേശുപ്രസ്ഥാനത്തിൽ ചേർന്നതോടുകൂടി അവരുടെ ദൈവങ്ങളേയും അവയുടെ പുരാണ കഥകളെയും ക്രിസ്തുമതവുമായി കൂട്ടിച്ചേർത്തു. യേശുവിന്റെ ജീവചരിത്രം എന്നു തോന്നിക്കുന്ന രീതിയിൽ എഴുതിയിരിക്കുന്ന സുവിശേഷങ്ങൾ പുറജാതി പുരാണങ്ങളുടെ ക്രിസ്തീയ പതിപ്പ്

ആണ്. പുറജാതി ദൈവങ്ങളുടെ പേരിന്റെ സ്ഥാനത്ത് യേശുവിന്റെയും അമ്മ മറിയയുടെയും പേരുകൾ ചേർത്തു എന്നുമാത്രം. മെഡിറ്ററേനിയൻ പ്രദേശങ്ങളിൽ ദീർഘകാലം നിലനിന്നിരുന്ന ദേവതയാണ് ഈശ. ഈശയുടെ മറ്റൊരു പേര് മിറി എന്നാണ്. ഈശ ദേവത ഹോറസ് ദൈവത്തെ മുലകുടിപ്പിക്കുന്ന പ്രതിമയും മരിച്ച ഹോറസിനെ മടിയിൽ കിടത്തിയ പ്രതിമയും പിന്നീട് യേശുവിന്റെയും അമ്മ മറിയയുടെയും ആക്കി മാറ്റി. ദിവ്യജനനവും പീഡകൾ സഹിച്ചുള്ള മരണവും മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേൽക്കുന്നതും ഹോറസിന്റെ മാത്രമല്ല പുരാണങ്ങളിലെ മറ്റു ദൈവങ്ങളുടെയും കഥയാണ്. പുറജാതി ദൈവങ്ങളുടെ അമ്പലങ്ങൾ അതേപടി ക്രിസ്തീയ ദേവാലയങ്ങൾ ആക്കി മാറ്റുകയും ചെയ്തു. (വിശദമായി മനസിലാക്കാൻ Vol IV– സുവിശേഷങ്ങളിലെ വിഡ്ഢിത്തങ്ങളും കെട്ടുകഥകളും വായിക്കുക)

കാനോനിക സുവിശേഷങ്ങളിൽ യേശുവിന്റെ ശിഷ്യന്മാരുടെ പേര് രക്ഷകർത്താക്കളായി ദത്തെടുത്തതുപോലെ തോമായുടെ സുവിശേഷവും ആരെങ്കിലും കൂട്ടിച്ചേർത്തതാകാം. തോമായുടെ സുവിശേഷത്തിന്റെ ആശയങ്ങളെ വിശകലനം ചെയ്താൽ അവ ഒന്നാം നൂറ്റാണ്ടിലെ യേശുപ്രസ്ഥാനവുമായി ബന്ധം പുലർത്തുന്നു എന്നു കാണാം. രഹസ്യജ്ഞാനക്കാരുടെ രീതി തോമായുടെ സുവിശേഷത്തിന്റെ പ്രത്യേകതയാണ്. പലസ്റ്റീൻ പ്രദേശങ്ങളിൽ ചിതറി പാർത്തിരുന്ന അനേകം ഗുഢജ്ഞാനക്കാരുടെ സൃഷ്ടിയാണ് തോമായുടെ സുവിശേഷം എന്നും അനുമാനിക്കാം. യഹൂദരിൽനിന്നും ഈജിപ്തുകാരിൽനിന്നും ഗ്രീക്കുകാരിൽനിന്നും എല്ലാറ്റിലും ഉപരിയായി ബുദ്ധചിന്തയിൽനിന്നും ഉത്ഭവിച്ച ജ്ഞാനവാദികളുടെ ചിന്താരീതി തോമായുടെ സുവിശേഷത്തിൽ പ്രകടമാണ്.

ഗലാ 1:19– ൽ പറയുന്ന കർത്താവിന്റെ സഹോദരൻ ജെയിംസ് (യാക്കോബ്) യെരുശലേമിലെ സഭയെ നയിച്ചിരുന്നു എന്നു കാണാം. തോമായുടെ 12–ാം വചനം നീതിമാനായ ജെയിംസിന്റെ അടുക്കൽ പോകുവാൻ പറയുന്നതു ശ്രദ്ധിക്കുക. തോമായുടെ ആദ്യ സുവിശേഷം യേരുശലേം പ്രദേശങ്ങളിലെ യേശുപ്രസ്ഥാനക്കാരിൽനിന്ന് ഉത്ഭവിച്ചതായും കണക്കാക്കാം. യേരുശലേമിലെ യേശു പ്രസ്ഥാനം യഹൂദർ തുടങ്ങിയതും യേശുവിനെ മിശിഹാ എന്ന് വിശ്വസിക്കുകയും ചെയ്തിരുന്ന ഒന്നാണ്. യേശു മിശിഹാ ആയി തിരികെ വരും എന്ന് യേശു പ്രസ്ഥാനക്കാർ വിശ്വസിച്ചിരുന്നു. തോമായുടെ സുവിശേഷത്തിലേയും പ്രധാന പ്രതിപാദ്യം ദൈവരാജ്യമാണ്. യേരുശലേം പ്രദേശത്തെ രഹസ്യജ്ഞാനക്കാരിൽനിന്നും സിറിയയിലെ യേശുപ്രസ്ഥാനക്കാർ തോമായുടെ സുവിശേഷം ദത്ത് എടുത്തത് ആകാം.

തോമായുടെ സുവിശേഷം എന്ന് എഴുതി എന്ന് വ്യക്തമായി അനുമാനിക്കാൻ പ്രയാസമാണ്. കുറെ വാക്യങ്ങൾ 1–ാം നൂറ്റാണ്ടിൽ തന്നെ എഴുതിയതാകാം. കാരണം യേരുശലേമിലെ യാക്കോബിന്റെ കാലം സി ഈ 50 കാലഘട്ടമാണ്. മറ്റു സുവിശേഷങ്ങളിൽ കാണുന്ന തൊഴുത്തിൽകുത്ത് തോമായുടെ സുവിശേഷത്തിലും കാണാം, ഉദാഹരണമാണ് വചനം 13. മറ്റു ശിഷ്യരേക്കാൾ ഉപരിയായി യേശു തോമായെ കണക്കാക്കുന്നു.

വചനം 114 :– പത്രോസ് മേരിയെ തരംതാഴ്ത്തുന്നു. മേരിയുടെ സുവിശേഷം പൊതുവെ പത്രോസിനെ താഴ്ത്തികെട്ടുന്നു. അതിന്റെ കുറവ് നികത്താൻ മത്തായിയുടെ സുവിശേഷം പത്രോസിനെ എല്ലാവരിലും ഉപരിയായി ഉയർത്തുന്നു. മത്തായിയുടെ സുവിശേഷം യേശുവിനെ കീർത്തിക്കുന്നതിലുപരി പത്രോസിനെ പുകഴ്ത്തുവാൻ എഴുതി എന്നു തോന്നും. യോഹന്നാന്റെ സുവിശേഷവും തുടക്കത്തിൽ പത്രോസിനെ താഴ്ത്തി കെട്ടുന്നു. എന്നാൽ 21–ാം അദ്ധ്യായം കൂട്ടി ചേർത്ത് എഴുത്തുകാരൻ പത്രോസിനെ പുകഴ്ത്തുന്നു. യോഹ. 20:24–29 ൽ തോമയ്ക്ക് കിട്ടുന്ന പ്രതികരണം തോമായുടെ സുവിശേഷത്തെ പ്രോത്സാഹിപ്പിച്ച യേരുശലേം പ്രസ്ഥാനക്കാർക്കുള്ള പ്രഹരമാണ്.

ഇന്നത്തെ ക്രിസ്തീയ വിഭാഗങ്ങളിൽ കാണുന്ന പരദൂഷണവും പരസ്പരം ചെളിവാരിയെറിയലും പുതിയ രീതി അല്ല. യേശുവിന്റെ കാലത്തു തന്നെ ശിഷ്യന്മാർ കടിപിടി കൂടുന്നതു കാണാം. അപ്പോസ്തലിക പിൻതുടർച്ച അവകാശപ്പെടുന്ന പല സഭാവിഭാഗങ്ങൾ തമ്മിൽ കലഹിക്കുന്നതിന്റെ കാരണവും ഇവ തന്നെ. ആദിമസഭയുടെ ചരിത്രം തന്നെ പത്രോസും പൗലോസും തമ്മിലുള്ള പോരാട്ടത്തിന്റെ വിവരണമാണ്. CE 100 - 200 കാലഘട്ടത്തിൽ എഴുതപ്പെട്ട അപ്പോ: പ്രവൃത്തികളിൽ പുതിയൊരു പ്രവണത കാണാം. പത്രോസ് പക്ഷവും പൗലോസ് പക്ഷവും തമ്മിലുള്ള പോരാട്ടത്തിന്റെ രൂക്ഷത കുറയുന്നു, മാറുന്നു. രണ്ടു കൂട്ടരും സമൂഹത്തിൽ സ്ഥാനമാനങ്ങളുടെ പദവികൾ നിലനിർത്താൻ യോജിക്കുന്നു. ശിഷ്യർ യേശുവിന്റെ തൊട്ടുതാഴെ ശ്രേഷ്ഠത നേടുന്നു. അവരുടെ പിൻതുടർച്ച അവകാശപ്പെട്ട മേൽപ്പട്ടക്കാർ യേശുവിന് തുല്യമായ രാജ്യവും ശക്തിയും ബഹുമാനവും പിടിച്ചടക്കുന്നു.

പഴയനിയമ പുസ്തകങ്ങളും മോശയുടെ പേരിൽ പുരോഹിതർ എഴുതികൂട്ടിയവയാണ്. ലോകം പുരോഹിതർക്കു വേണ്ടി യഹോവ സൃഷ്ടിച്ചതായിട്ടാണ് അവയിലെ വിവരങ്ങൾ. അവിടെ അഹറോനെ താഴ്ത്തി കെട്ടുന്ന പുരോഹിത വർഗ്ഗം മോശയുടെ പക്ഷമാണ് എന്നുകാണാം. യഹോവയുടെ നിയമം പുരോഹിതന്റെ സുഖഭക്ഷണം ഉറപ്പിക്കുന്നതായി കാണാം. പുരോഹിതന്റെ വസ്ത്രത്തിലെ നൂലിഴപോലും എപ്രകാരം എന്ന് യഹോവ കൽപ്പിക്കുന്നു.

പ്രവാചകരുടെ കാലത്ത് പ്രവാചകൻ പുരോഹിതനേക്കാളും രാജാവിനേക്കാളും ശ്രേഷ്ഠനായി മാറുന്നു, യഹോവയുടെ അരുളപ്പാട് പ്രവാചകന്റെ മാത്രം കുത്തക ആയി മാറുന്നു. പുരോഹിതൻ എഴുതിയതും പ്രവാചകൻ പറഞ്ഞതും യഹോവ പറഞ്ഞതല്ല എന്നത് വ്യക്തമാണ്. ഓരോ കാലഘട്ടങ്ങളിലും ശക്തി നേടിയവർ അവരുടെ നിലനിൽപ്പ് ചോദ്യം ചെയ്യപ്പെടാതെ നിലനിർത്തുവാൻ ദൈവത്തെ ഉപയോഗിച്ചു എന്നുമാത്രം.

പുതിയ നിയമ എഴുത്തുകാരും അതേ പ്രവണ തുടരുകയും ക്രിസ്തുമതം യഹൂദമതത്തിന്റെ തുടർച്ചയായി മാറു

കയും ചെയ്തു. പര്സപര വിരുദ്ധമായ വിശ്വാസ സംഹിതയുമായി ക്രിസ്തുമതം സ്ഥാപിച്ച പൗലോസ് പോലും യഹൂദക്രിസ്ത്യാനികളുമായി ക്രമേണ പൊരുത്തപ്പെടുന്നു. പ്രവൃ: 10-ൽ പത്രോസ് പതുക്കെ പുറജാതികളെ സ്വീകരിക്കാൻ തയ്യാറാകുന്നു. പ്രവൃ: 16 -ൽ പൗലോസ് പതുക്കെ പരിച്ഛേദനയെ പ്രോത്സാഹിപ്പിക്കുന്നു. അതിനാൽ പത്രോസും പൗലോസും തമ്മിൽ അടിപിടികൂടുന്ന കാലത്താണ് തോമായുടെ സുവിശേഷം എഴുതിയതെന്നും ന്യായമായി അനുമാനിക്കാം. അതിനാൽ മറ്റു സുവിശേഷങ്ങളും ലൂക്കോസിന്റെ സുവിശേഷത്തിന്റെ തുടർച്ചയായ അപ്പോ: പ്രവൃത്തികളും എഴുതിയതിനു മുമ്പുള്ള കാലത്താണ് തോമായുടെ സുവിശേഷം എഴുതപ്പെട്ടത് എന്ന് അനുമാനിക്കാം. ഇതിന്റെ ഉത്തമ ഉദാഹരണമാണ് 53-ാം വചനം.

തോമായുടെ 53-ാം വചനത്തിൽ പരിഛേദനയെക്കുറിച്ച് യേശു വളരെ പരിഹാസത്തോടെ സംസാരിക്കുന്നു എന്നതും ശ്രദ്ധിക്കുക. ക്രിസ്തുമതം യഹൂദമതത്തിൽ നിന്നും വളരെ വ്യത്യസ്തമായ തത്വസംഹിത ഉള്ള ഒന്നാണ് എന്നാണ് യേശുവിന്റെ വാക്കുകൾ ഇവിടെ സൂചിപ്പിക്കുന്നത്. പഴയ നിയമത്തിലെ യഹോവയുടെ തുടർച്ചയാണ് യേശു എങ്കിൽ മാത്രമേ പ്രസ്ഥാനമായി നിലനിൽക്കുന്ന ക്രിസ്തുമതത്തിന് നിലനില്പ് ഉള്ളു. എന്നാൽ പുതിയ നിയമം തന്നെ പലഭാഗത്തായി ക്രിസ്തുമതം തീർത്തും പുതിയൊരു പ്രസ്ഥാനം എന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നതും കാണാം. ഈ ആശയത്തെ പിൻതാങ്ങുന്നതാണ് തോമായുടെ 53-ാം വചനം. ക്രിസ്തു പ്രസ്ഥാനം തന്നെ പരസ്പര വിരുദ്ധമായ ആശയങ്ങളിൽനിന്ന് ഉടലെടുത്തതാണ്.

തോമായുടെ സുവിശേഷത്തിലും മേരിയുടെ സുവിശേഷത്തിലും ഒരിടത്തുപോലും യേശുവിനെ ക്രിസ്തു എന്നോ ദൈവപുത്രനെന്നോ സംബോധന ചെയ്യുന്നില്ല. യേശുപ്രസ്ഥാനങ്ങളിലെ വിഭാഗങ്ങൾ ആയ ജ്ഞാനവാദികളും നസ്രായരും പൊതുവെ മനുഷ്യജീവിതത്തിന്റെ മൂലാവസ്ഥയിലേക്ക് തിരികെ പോകുവാൻ പ്രേരിപ്പിക്കുന്നു. അവർ ലളിതമായ വസ്ത്രധാരണവും ജീവിതരീതിയും പാലിച്ചു. സമൂഹത്തിലെ അനീതിയെ വെറുത്തവർ, സന്യാസജീവിതം നയിച്ചവർ, സ്വന്തമായി സ്വത്തുക്കളില്ലാതെ തലചായിക്കാൻ ഇടമില്ലാതെ ദേശാടനം ചെയ്യുന്നവർ എന്നൊക്കെ ഇവരെ വിശേഷിപ്പിക്കാം. ചരിത്രത്തിലെ യഥാർത്ഥയേശു ഇത്തരത്തിലുള്ള ജീവിതം നയിച്ചവൻ ആയിരുന്നു.

തിന്നുക, കുടിക്കുക എന്ന പ്രവണത കാണിക്കുന്ന യേശു പൗരാണിക ദൈവങ്ങളുടെ പകർപ്പാണ്. വിണ്ണിന്റെ ദേവൻ ഡയനോസിയുസിന്റെ പകർപ്പാണ്. നസ്രായനായ യേശു വീഞ്ഞ് വാഴ്ത്തുകയില്ല, വാറ്റുകയുമില്ല. അന്ത്യ അത്താഴത്തിൽ വീഞ്ഞ് വാഴ്ത്തിയതും പുറജാതികളുടെ സ്നേഹവിരുന്ന് പകർത്തിയതാണ്. ആദിമയഹൂദ ക്രിസ്ത്യാനികൾ മത്സ്യവും അപ്പവും വീഞ്ഞുമാണ് ഉപയോഗിച്ചിരുന്നത്. റോമൻ ചക്രവർത്തിയുടെ പ്രീതി നേടാനാണ് കാനാവിലെ കല്യാണത്തിനും അന്ത്യ അത്താഴത്തിനും വീഞ്ഞ് വാഴ്ത്തുന്നത്. ഇത് നസ്രയനായ യേശുവിന്റെ കഥയല്ല. പുറജാതി പുരാണങ്ങളിലെ ദൈവങ്ങളുടെ കഥകൾ പകർത്തിയതാണ്.

യേശുവിനെ നസ്രായൻ എന്നുവിളിക്കുന്നത് നസ്രത്തിൽ താമസിച്ചതുകൊണ്ടല്ല. മത്തായി പറയുന്നതുപോലെ അവൻ നസ്രായൻ എന്ന് വിളിക്കപ്പെടും എന്ന പ്രവചനം പഴയ നിയമത്തിൽ ഒരിടത്തുമില്ല. മത്തായിയുടെ സുവിശേഷങ്ങളിൽ കാണുന്ന അനേകം വിഡ്ഢിത്തങ്ങളിൽ ഒന്നു മാത്രമാണ് ഇത്. (Vol - IV കാണുക). എന്നാൽ മത്തായി ഉദ്ദേശിക്കുന്നത് നാസിർവ്രതം സ്വീകരിച്ചവൻ എന്ന ഉദ്ദേശത്തിൽ ആയിരിക്കും. (സംഖ്യ: 6:8) -നാസിർ വ്രതകാലത്ത് അവൻ യഹോവക്കു വിശുദ്ധൻ ആകുന്നു. യൂഹദ രീതിയിലെ നാസിർ വ്രതവും നസ്രായരും തമ്മിൽ വളരെ വ്യത്യാസം ഉണ്ട്. യഹൂദരുടെ വ്രതം (സംഖ്യ 6:1-21 ൽ വിവരിച്ചിരിക്കുന്നു. മറ്റൊരു ഉദാഹരണമാണ്, ശിംശോൻ ന്യയപ്രമാണങ്ങൾ : 13:5-7 നോക്കുക.) ശിംശോൻ എന്ന അതിമാനുഷൻ യേശുവിന്റെ പൂർവ്വരൂപം എന്ന് തെളിയിക്കാൻ മത്തായി ശ്രമിക്കുന്നെങ്കിൽ വീണ്ടും മത്തായി വിഡ്ഢിത്വം ആവർത്തിക്കുന്നു. യേശു നസ്രായവ്രതം അനുഷ്ഠിക്കുന്നവനെങ്കിൽ നസ്രായൻ എന്ന് വിളിക്കപ്പെടും. നസ്രായൻ എന്ന് വിളിക്കപ്പെടുവാൻ നസ്രേത്തിൽ താമസിക്കേണ്ടതില്ല. യേശുവിന്റെ കാലത്ത് നസ്രേത്ത് എന്ന ഗ്രാമം നിലനിന്നിരുന്നില്ല എന്നാണ് ഗവേഷണം തെളിയിക്കുന്നത്. CE -300 കാലഘട്ടത്തിലാണ് നസ്രേത്ത് എന്ന ഗ്രാമം ഉണ്ടായത്. മത്തായി പറയുന്ന കഥ പൂർണ്ണമായും കൃത്രിമമാണ്.

യേശുവിന്റെ 18 മുതൽ 27 വയസ്സുവരെയുള്ള കാലഘട്ടം തീർത്തും അജ്ഞാതമാണ്. യേശുവിനെക്കുറിച്ച് നമുക്ക് ലഭിക്കുന്ന അറിവ് സുവിശേഷങ്ങളിൽനിന്നു മാത്രമാണ്. 4 സുവിശേഷങ്ങളും വളരെ വ്യത്യസ്ഥനായ യേശുവിനെയാണ് പ്രതിനിധീകരിക്കുന്നത്. 4 സുവിശേഷങ്ങളിൽ ഒന്നും തന്നെ യേശുവിന്റെ അജ്ഞാതകാലത്തെകുറിച്ച് ഒന്നും പറയുന്നില്ല. ഈ കാലഘട്ടത്തിൽ ഈജിപ്റ്റിലെ തെറാപുട്ടേകളുടെ കൂടെയോ, എസ്സനികളുടെ കൂടെയോ, സീലോട്ടുകൾ - അഥവാ ഇസ്കരിയേത്തുകൾ എന്നറിയപ്പെടുന്ന വിപ്ലവപ്രസ്ഥാനത്തിന്റെ കൂടെയോ പരിശീലനം നേടിയിരിക്കണം യേശു. സുവിശേഷങ്ങളിലെ യേശു ഈ മൂന്നു പ്രസ്ഥാനങ്ങളുടെയും പ്രവർത്തനരീതിയും തത്വചിന്തയും പ്രദർശിപ്പിക്കുന്നു. (വിശദാംശങ്ങൾക്ക് Vol -V യേശു എന്ന ചരിത്ര പുരുഷൻ? വായിക്കുക.)

യേശുവും ഈജിപ്റ്റുമായി എന്തോ ബന്ധം ഉണ്ടെന്ന് കേട്ടുകേൾവികളിലൂടെ മത്തായി അറിഞ്ഞിരിക്കണം. ഒരു വാക്കോ വചനമോ കഥയോ ലഭിച്ചാൽ അത് വലിയ പ്രവചന നിവൃത്തിയാക്കി മാറ്റുക എന്നതായിരുന്നു സുവിശേഷകരുടെ എഴുത്തു ശൈലി. ഈ തന്ത്രത്തിൽ ഏറ്റവും നിപുണത കാണിക്കുന്നത് മത്തായിയുടെ എഴുത്തുകാരാണ്. ഉദാഹരണമാണ് മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണുന്ന മിസ്രയിം പലായന കഥ. (Vol - IV കാണുക.) കൃത്രിമ കഥ സത്യമെന്നു തോന്നിക്കാൻ മത്തായി പല തന്ത്രങ്ങളും നോക്കുന്നുണ്ട്.

യേശുവിന്റെ അജ്ഞാത കാലത്തേക്ക് അല്പം വെളിച്ചം വീശുന്ന വാക്യങ്ങൾ നോക്കുക

തോമ: 86:- കുറുനരികൾക്ക്....

മത്തായി. 8:20:- കുറുനരികൾക്ക്....

ലൂക്കോസ് 9: 58 കുറുനരികൾക്ക്....

ഈ പ്രസ്ഥാനക്കാർ സാധാരണ കുടുംബജീവിതം ഉപേക്ഷിച്ചിരുന്നു. ആന്തരിക വിശുദ്ധി പാലിച്ചിരുന്നു.

തോമ 55; മത്തായി10:37; ലൂക്കോസ് 14: 26 നോക്കുക.

മർക്കോസ്. 7:15 ; മത്തായി. 5:11; തോമ 14: നോക്കുക. സമൂഹത്തിലെ നിന്ദിതരെയും പീഡിതരെയും അവർ താങ്ങി. ചുങ്കക്കാരുടെകൂടെയും വേശ്യകളുടെ കൂടെയും വിരുന്നു കഴിച്ചു. രോഗിക്കാണ് വൈദ്യനെ കൊണ്ട് ആവശ്യം. തോമ. 54; 69; 68. മത്താ. 5:3. 6:10:11 ലൂക്കോ 6:20-22 നോക്കുക

യേശു ധനസമ്പാദനത്തെ അപഹസിച്ചു. തോമ 63, 95 ലൂക്കോ12: 16-20., 6: 30, 34-35 മത്താ 5:4 എന്നിവ നോക്കുക.

എന്നാൽ ഈ ചിന്താഗതിയും ജീവിതരീതിയും പുതിയതല്ലായിരുന്നു. BC - 500 മുതൽ മെഡിറ്ററേനിയൻ പ്രദേശങ്ങളിലും ഭാരതത്തിലും നിലനിന്നിരുന്നു ഇത്. പൈതഗോറസിൽ തുടങ്ങിയ ഈ പ്രവണത മെഡിറ്ററേനിയൻ പ്രദേശങ്ങളിൽ വ്യാപിച്ചിരുന്നു. ബുദ്ധമത സന്യാസികൾ ഈ പ്രദേശങ്ങളിൽ ബുദ്ധധർമ്മം പ്രചരിപ്പിച്ചതോടുകൂടി അതീന്ദ്രിയചിന്തയുടെയും സന്യാസജീവിതത്തിന്റെയും സുവർണ്ണ കാലഘട്ടമായി ഇക്കാലം മാറി. ഇൻഡ്യയെ ആക്രമിക്കാൻ വന്ന അലക്സാണ്ടർ ചക്രവർത്തിയെപ്പോലും മനം മാറ്റാൻ ശക്തമായിരുന്നു ബുദ്ധസന്യാസികളുടെ ജീവിതരീതി. അലക്സാണ്ടറുടെ കൊട്ടാരത്തിൽ നഗ്നനായ ബുദ്ധസന്യാസി താമസിച്ചിരുന്നു എന്നതും ചരിത്രസത്യമാണ്.

സുവിശേഷങ്ങളിൽ കാണുന്ന തത്വചിന്തകൾ ഏറിയ പങ്കും ബുദ്ധമതതത്വങ്ങൾ ആണ്. യേശുവിന്റെ അജ്ഞാത കാലം ഇൻഡ്യയിൽ ചിലവഴിച്ച് ബുദ്ധതത്വങ്ങൾ പഠിച്ചു എന്ന അനുമാനം ഉണ്ടാകാനുള്ള കാരണവും അതു തന്നെ. ബുദ്ധതത്വം പഠിക്കാൻ യേശുവിന് ഇന്ത്യയിൽ വരേണ്ട ആവശ്യം ഇല്ലായിരുന്നു. കാരണം യേശുവിന്റെ കാലത്ത് ബുദ്ധതത്വങ്ങൾ ഈജിപ്റ്റുവരെയുള്ള ഭാഗങ്ങളിൽ എത്തിച്ചേർന്നിരുന്നു. യേശു ഇന്ത്യയിൽ എത്തിയിരുന്നെങ്കിൽ ഒരിക്കലും തിരികെ പോകുകയില്ലായിരുന്നു. കാരണം ഇന്ത്യൻ വേദചിന്തയേക്കാൾ ഉപരിയായി യാതൊരു വേദചിന്തയും നിലവിൽ ഇല്ല. ഈജിപ്റ്റിലെ അലക്സാണ്ടറിയ പട്ടണത്തിനു സമീപം താമസിച്ചിരുന്ന തെറാപുട്ടേകൾ (ഗമനപ്രസ്ഥാനം) തത്വത്തിൽ ബുദ്ധതത്വങ്ങളുമായി വളരെ സാമ്യം പുലർത്തുന്നു. തെറാപുട്ടേകളുമായി യേശുവിന് അഭേദ്യബന്ധം ഉണ്ടായിരുന്നു. പലരോഗങ്ങളെയും സുഖപ്പെടുത്തുവാനുള്ള രഹസ്യചികിത്സകൾ തെറാപുട്ടേകൾക്ക് അറിയാമായിരുന്നു. കുരിശിൽനിന്നും ഇറക്കിയ യേശുവിനെ 100 റാത്തൽ മരുന്നുകൾ പുരട്ടി, ശീലയിൽ പൊതിഞ്ഞു എന്ന് എഴുതിയിരിക്കുന്നത് തെറാപുട്ടേ ചികിത്സാരീതിയാണ്. യേശുവിന്റെ കബറിടത്തിൽ കണ്ട വെള്ള വസ്ത്രധാരികൾ തെറാപുട്ടേകൾ എന്ന് അനുമാനിക്കാം. (Vol V വായിക്കുക)

പലവിധത്തിലുള്ള സന്യാസസമൂഹങ്ങൾ പലവിധ മതങ്ങളിലും ഇന്നും നിലനിൽക്കുന്നു. വളരെ തീവ്രതയോടെ തുടങ്ങിയ പല സന്യാസപ്രസ്ഥാനങ്ങളും പരിവർത്തനത്തിലൂടെ ലഘൂകരിക്കപ്പെട്ടതും ചിലത് എന്നേക്കുമായി നശിച്ചതും കാണാം. സന്യാസസമൂഹങ്ങളുടെ തത്വവും ജീവിതരീതിയും കാലഘട്ടങ്ങളിലൂടെ അനേകം പരിവർത്തനത്തിന് വിധേയമായി. ഇത്തരം രൂപാന്തരം യേശുപ്രസ്ഥാനത്തിലും കാണാം.

മർക്കോസ് .10: 26-27 മത്തായി.19:25-26, ലൂക്കോസ്.18 : 26 - 27 ഇവിടെ യേശുപ്രസ്ഥാനത്തിന്റെ കാഠിന്യം കുറയുന്നു. യേശു 40 ദിവസം ഉപവസിച്ചതും സ്നാപക യോഹന്നാന്റെ ജീവിതരീതിയും സന്യാസ ജീവിതത്തിന്റെ ഉദാഹരണമാണ്. ഇത് മനുഷ്യനുള്ളതല്ല, ദൈവത്തിനുള്ളത് എന്ന ചിന്താഗതി പ്രചരിച്ചതോടുകൂടി മെഡിറ്ററേനിയൻ സന്യാസം ലഘൂകരിക്കപ്പെട്ടു. തീവ്രത ആഗ്രഹിച്ചവർ മരുപ്രദേശങ്ങളിലേക്കും മലഞ്ചെരുവുകളിലേക്കും മാറി താമസിച്ചു. തോമായുടെ രീതിയിലുള്ള യേശുപ്രസ്ഥാനം യേരുശലേമിൽ നിന്ന് സിറിയൻ പ്രദേശത്തേക്ക് നീങ്ങിയതിന്റെ കാരണവും അതാകാം. തീവ്രമായ സന്യാസരീതികൾ സിറിയൻ പ്രദേശങ്ങളിൽ വളരെ കാലം നിലനിന്നിരുന്നതായും കാണാം.

## തോമാപ്രസ്ഥാനത്തിന്റെ തത്വചിന്തയും ജീവിതരീതിയും

തത്വചിന്തയുടെ ചരിത്രം നോക്കിയാൽ തത്വചിന്തകനെ എന്നും അഭിമുഖീകരിക്കുന്ന ചില സ്ഥിരം ചോദ്യങ്ങൾ കാണാം. ലോകം എന്താണ്? മനുഷ്യൻ എന്താണ്? മനുഷ്യന്റെ തുടക്കം എന്ത്? അവസാനം എന്ത്? മനുഷ്യജീവീതിതത്തിന്റെ അർത്ഥം എന്ത്? ഞാൻ, ആര്, എന്ത്, എവിടെ നിന്നു വന്നു? എവിടേക്ക് പോകുന്നു? അങ്ങനെ ചോദ്യങ്ങൾ പരസ്പരം നീളുന്നു എന്നല്ലാതെ വ്യക്തമായ മറുപടി ഇതുവരെ ലഭിച്ചിട്ടുമില്ല. മതങ്ങളും മതചിന്തകളും പല യുഗങ്ങളിലൂടെ പല മറുപടികൾ തന്നു. എന്നാൽ ഇവയൊന്നും തന്നെ തൃപ്തികരമായ മറുപടികൾ അല്ലായിരുന്നു. അതിനാൽ സംതൃപ്തനല്ലാത്ത മനുഷ്യൻ എന്നും പുതിയ അറിവിനെ തേടുന്നു.

നിരാശനായ മനുഷ്യൻ ഉത്തരം തേടി അലഞ്ഞു. നമ്മുടെ രക്ഷകനായി വന്നവൻ നിന്ദ്യമായ രീതിയിൽ മരത്തിൽ

തൂക്കപ്പെട്ടു. "അവർ അവന്റെ ജീവനെപ്പോലും വെറുതെ വിട്ടില്ല, പിന്നെ നമ്മൾ എങ്ങനെ അവന്റെ സുവിശേഷം ഘോഷിക്കും (മഗ്ദലന മറിയത്തിന്റെ സുവിഷേശം പേജ് 10). പൗലോസ് അതേ ആശയം 1 കൊരി 2:6-8 ൽ പരാമർശിക്കുന്നു. തിന്മയുടെ ലോകം നന്മയുടെ ലോകത്തെ കീഴടക്കുന്നു. ഈ നിരാശയിൽനിന്നും ഉടലെടുത്തതാണ് തോമായുടെ സുവിശേഷം. 1 കൊരി2:9 - തേജസിന്റെ കർത്താവിനെ ക്രൂശിച്ച ലോകം വ്യർത്ഥമാണ്. അതിനാൽ ഈ ലോകത്തെ ത്യജിച്ചാൽ മാത്രമെ നിത്യമായ ദൈവരാജ്യം ലഭിക്കുകയുള്ളു. നന്മയുടെ ദിവ്യതേജസുകളിലൂടെ ദർശിച്ചാൽ മാത്രമേ നിത്യമായ ലോകത്തെ കാണുകയുള്ളു. ഈ ദർശനത്തിന് ആവശ്യമായ വെളിച്ചം പകരുവാൻ ദീപശിഖയുമായി യേശു മുന്നോട്ടു നീങ്ങുന്നു. അപ്പോൾ സാധാരണ ലോകം എന്താണ് എന്ന് മനസ്സിലാകുന്നു. അപ്പോൾ ലോകം മൃതമായത് എന്നു മനസ്സിലാക്കുന്നു. (തോമ. 56; 110; 111; 27)

തോമ പറയുന്നു, ലോകം മേന്മയുള്ളതല്ല. എന്നാലോ ശൂന്യവും ജീവനില്ലാത്തതും ആണ്. മൃതമായതും ശൂന്യവുമായ ലോകം യേശുവിന്റെ അനുയായികൾക്കു യോജിച്ചതല്ല. ഈ ലോകത്തിലെ ജീവിതം മനുഷ്യൻ അനുഭവിക്കുന്ന നിർഭാഗ്യം മാത്രമാണ്. ഈ അധമലോകത്തെ യേശു ഒരിക്കൽ കീഴടക്കും. യേശു അതിനെ നന്മയിലേക്ക് നയിക്കും. ഇത് പൗലോസിന്റെ വേദചിന്തയാണ്. തോമായുടെ സുവിശേഷം ഇവിടെ പൗലൂസിന്റെ ചിന്തയിൽനിന്നും വേർപെടുന്നു. യോഹന്നാന്റെ ചിന്തയോട് ചേരുന്നു.

ഈ ലോകം വെറുക്കപ്പെട്ടതാകുന്നു, (യോഹ. 15:18) അതിനാൽ ഈ ലോകം വിട്ട് യേശു മറ്റൊരു ലോകത്തേക്ക് പോകുന്നു. യേശു പിതാവിന്റെ രാജ്യത്ത് അനേകം വാസസ്ഥലങ്ങൾ ഒരുക്കുന്നു. യേശു വീണ്ടും വരുന്നു. വിശ്വാസികളെ പുതിയ വാസസ്ഥലത്തേക്ക് കൂട്ടിക്കൊണ്ടു പോകുന്നു. (യോഹ. 14: 2-3) യേശുവിനെ സ്വീകരിക്കാത്ത ഈ ലോകത്തെ യേശുവും തള്ളിപ്പറയുന്നു. ഇതേ നിരാശ തോമയുടെ സുവിശേഷത്തിലും പ്രകടമാണ്.

യോഹന്നാന്റെ യേശുവും തോമായുടെ യേശുവും ലോകത്തെ മുഴുവൻ രക്ഷിക്കാനല്ല വന്നത്. വിശ്വസിക്കുന്ന ഏവനെയും രക്ഷപെടുത്തുവാനാണ് വന്നത്. ദൈവികജ്ഞാനം കുറെ പകർന്നു കൊടുത്തിട്ട് തന്റെ അനുയായികളെ കൂടെ കൂട്ടി യേശു മടങ്ങുന്നു. (യോഹ. 7:33-34. തോമ. 38; തോമ 49.)

യോഹ. 17-ാം അദ്ധ്യായം നോക്കുക. വളരെ ദീർഘമായ പ്രാർത്ഥന യേശു കാഴ്ചവെയ്ക്കുന്നു. തോമാവചനം 50 നോക്കുക- മനുഷ്യൻ എവിടെ നിന്നു വന്നു, എവിടേക്കു പോകുന്നു എന്ന ചോദ്യത്തിന് വ്യക്തമായ മറുപടി പറയുന്നു. ശിഷ്യർ സ്വയം മനസ്സിലാക്കിയ ജ്ഞാനികൾ ആയി മാറുന്നു. അതാണ് ജ്ഞാനവാദ പ്രസ്ഥാനം. (GNOSTICISM) - സ്വയം അറിയുക - മുൻപ് പറഞ്ഞതുപോലെ വളരെക്കാലം നിലവിലുണ്ടായിരുന്ന തത്വചിന്താപരമായ ജീവിതരീതിയാണ് ജ്ഞാനവാദപ്രസ്ഥാനം.

ശിഷ്യരെ ജ്ഞാനം ഉള്ളവരാക്കി, മറ്റുള്ളവരെ ജ്ഞാനത്തിലേക്ക് നയിക്കാൻ പ്രാപ്തരാക്കുക എന്നതാണ് ഗുരുക്കന്മാരുടെ ധർമ്മം. ജ്ഞാനദേവതയുടെ മഹത്വത്തിന്റെ തേജസ്സ് പല കാലഘട്ടങ്ങളിലും മൂർത്തീകരിക്കപ്പെട്ടതാണ്. കേരളവും ഭാരതവും ഈ ആചാര്യന്മാരുടെ ജന്മത്താൽ അനേകം തവണ അനുഗ്രഹിക്കപ്പെടുകയും ചെയ്തു. മതം ഏതായാലും മനുഷ്യൻ നന്നാവണം എന്നു നമ്മെ പഠിപ്പിച്ച ആചാര്യന്റെ നാട്ടിൽ ഇന്നു കാണുന്ന അധഃപതനം വളരെ പരിതാപകരമാണ്. വിദ്യാഭ്യാസത്തിൽ ഉന്നതനിലവാരം പുലർത്തുന്ന കേരളജനത മതത്തിന്റെയും രാഷ്ട്രത്തിന്റെയും പേരിൽ ചേരിതിരിഞ്ഞ് വിദ്വേഷവും കലാപവും പ്രചരിപ്പിക്കുന്നത് പുരോഗമനം അല്ല. നാശത്തിലേക്കും കിരാതത്തിലേക്കും ഉള്ള വീഴ്ചയാണ്. മതമോ, രാഷ്ട്രമോ, കോടതിയോ ഉണ്ടാക്കുന്ന പരിഹാരം നിത്യമല്ല. മനുഷ്യൻ ഉണരണം. നന്മകൾ നിറയണം, സ്നേഹവും സാഹോദര്യവും സമൂഹത്തിൽ നിറയണം. എങ്കിൽ മാത്രമേ ശ്വാശതപരിഹാരം ലഭിക്കുകയുള്ളു.

ഗുരുവിൽനിന്നും ലഭിച്ച ജ്ഞാനത്തിന്റെ വെളിച്ചത്തിൽ സ്വയം ബോധവാന്മാരായി മാറുകയും തൻനിമിത്തം ജീവിതം നന്മ നിറഞ്ഞതാക്കി മറ്റുള്ളവരെ നന്മയിലേക്ക് നയിക്കുന്ന പ്രകാശമായി തീരുകയും ചെയ്യുക എന്നതാണ് മനുഷ്യജീവിതത്തിന്റെ പരമമായ ലക്ഷ്യം. ഏറ്റവും ഉത്തമമായ ജ്ഞാനവും ഇതുതന്നെ. ഈ ചിന്താഗതി ജ്ഞാനവാദം എന്നപേരിൽ യേശു പ്രസ്ഥാനത്തിലും കടന്നു കൂടിയപ്പോൾ യേശുവിന്റെ മാർഗ്ഗത്തിലൂടെ പിതാവിന്റെ രാജ്യത്ത് എത്തിച്ചേരുക എന്നതാണ് മനുഷ്യന്റെ ലക്ഷ്യം എന്നതായി മാറി. ഈ മതവിശ്വാസത്തെ ജ്ഞാനത്തിന്റെ ലക്ഷണമായി വീക്ഷിക്കാനും തുടങ്ങി. വിശ്വാസം യുക്തിയുടെ പരമമായ ഫലമാണ് എന്ന് വിശ്വസിക്കാനും തുടങ്ങി.

എന്നാൽ യുക്തിയും വിശ്വാസവും ഒരിക്കലും കൂടി ചേരാത്ത വ്യത്യസ്ഥ നേർവരകളാണ്. യുക്തിയേയും വിശ്വാസത്തേയും ബന്ധപ്പെടുത്താൻ ശ്രമിക്കുന്നത് വിഡ്ഢിത്തം ആണ് എന്ന് യുക്തിബോധത്തിലൂടെയുള്ള ജ്ഞാനം നമ്മെ മനസ്സിലാക്കിത്തരുന്നു. വിശ്വാസം തെളിവുകളോ ന്യായീകരണമോ ആവശ്യമില്ലാത്ത അന്ധമായ അംഗീകാരം മാത്രമാണ്. എന്നാൽ ജ്ഞാനവാദികൾ യുക്തിയേയും വിശ്വാസത്തേയും തമ്മിൽ കൂട്ടിച്ചേർക്കാൻ ദിവ്യാനുഭൂതിയെ കൂട്ടുപിടിച്ചു. ദിവ്യാനുഭൂതിയിലൂടെ വെളിവാകപ്പെടുന്ന ജ്ഞാനം പരമമായ സത്യം എന്നും അതിനാൽ അത് ഉത്തമമായ വിശ്വാസം എന്നും അവർ അവകാശപ്പെടുകയും വിശ്വസിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്തു.

തോമായുടെ സുവിശേഷം ഇത്തരമൊരു ദിവ്യാനുഭൂതിയുടെ ഫലമാണ് എന്നവർ അവകാശപ്പെടുന്നു. യേശുമതം ദിവ്യാനുഭൂതിയുടെ പുതിയ മതം ആണ്. യഹൂദമതം തിന്മകൾ നിറഞ്ഞതും അന്ധകാരത്തിന്റെ ദൈവത്തിന്റെ സൃഷ്ടിയുമാണ്. അതിനാൽ യഹൂദമതത്തെ ഉപേക്ഷിക്കണം. യേശുവിന്റെ മതത്തെ സ്വീകരിക്കണം. കാരണം യേശു വെളിച്ചത്തിൽ നിന്നു വന്നു. വെളിച്ചത്തിലേക്ക് നമ്മെ നയിക്കുന്നു. പ്രകാശവും അന്ധകാരവും തമ്മിലുള്ള വൈരുദ്ധ്യത്തിന്റെ ഫലമാണ് ലോകം. നന്മയും തിന്മയും സമ്മിശ്രരൂപത്തിൽ ലോകത്തിൽ നിലനിൽക്കുന്നു. പ്രകാശത്തിലേക്ക് നയി

ക്കുന്ന യേശുവിനെ തിരഞ്ഞെടുക്കുന്നതാണ് ഉത്തമമായ ജ്ഞാനം. ക്രിസ്തുമതത്തിന്റെ പ്രഖ്യാപിത വിശ്വാസപ്രമാണം ജ്ഞാനവാദികളിൽനിന്നും ഉത്ഭവിച്ചതാണ്.

ജ്ഞാനവാദികൾ തത്വത്തിൽ ജ്ഞാനത്തെ തേടി എങ്കിലും അവസാനഫലം വളരെ പരിതാപകരമായിരുന്നു. വിശ്വാസത്തിൽനിന്നും ജ്ഞാനത്തിലേക്ക് നയിക്കേണ്ട പ്രസ്ഥാനം ചെന്നവസാനിച്ചത് കെട്ടുകഥകളുടെ കിനാവള്ളിക്കുടുക്കിലാണ്. എല്ലാവരും ദിവ്യാനുഭൂതിയും അതീന്ദ്രിയജ്ഞാനവും അവകാശപ്പെട്ടു. യഹൂദമതത്തിന്റെ തുടർച്ചയായ യേശുമതവും യേശു എന്ന മനുഷ്യന്റെ സഭയും, യേശു എന്ന ദൈവവും, പിതാവും പുത്രനും റൂഹായും ചേർന്ന ദൈവവും, മനുഷ്യത്വവും ദൈവത്വവും ഒന്നല്ല രണ്ടാണ് എന്ന സിദ്ധാന്തവുമെല്ലാം പലവിധ അനുഭൂതിക്കാരുടെ സൃഷ്ടികളാണ്. എല്ലാവരും ആ ദിവ്യാനുഭൂതി അവകാശപ്പെടുന്നുണ്ടെങ്കിലും എല്ലാം പരസ്പര വിരുദ്ധമായ ആശയങ്ങൾ ആണ്. സ്വയം തോന്നിയവയെ ദിവ്യാനുഭൂതി എന്ന് തെറ്റിദ്ധരിച്ചു എന്നു മാത്രം.

തോമായുടെ പ്രസ്ഥാനം തുടക്കത്തിൽ ഇത്തരം ഊരാക്കുടുക്കിൽ പെടുന്ന ദിവ്യാനുഭൂതിയിൽനിന്നു വിമുക്തം ആയിരുന്നു. തോമപ്രസ്ഥാനത്തിന്റെ വേദചിന്ത ഇപ്രകാരം ആയിരുന്നു. സൃഷ്ടിയുടെ തുടക്കത്തിൽ തിന്മയുടെയും ഭൗതികതയുടെയും കൂടെ നന്മയും ആത്മീയതയും ചേർന്ന് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു. ചില മനുഷ്യർക്ക് തിന്മയിൽനിന്നും മുക്തി പ്രാപിച്ച് നന്മയെ തേടാൻ സാധിക്കും. രക്ഷകൻ വിളിക്കുമ്പോൾ വിളികേൾക്കാനും വിളികേട്ട് ഉണരുവാനും സ്വർഗ്ഗീയ ഭവനത്തിലേക്ക് യാത്ര ചെയ്യുവാനും സാധിക്കും. അങ്ങനെ നിത്യമായി സത്യദൈവവുമായി ഒന്നു ചേരുവാനും സാധിക്കും. ഇതേ ചിന്താഗതി യോഹന്നാന്റെ സുവിശേഷം പ്രതിനിധീകരിക്കുന്ന വിഭാഗവും പുലർത്തിയിരുന്നു. എന്നാൽ ഇത്തരം ചിന്താഗതി ജ്ഞാനവാദികൾ ആരംഭിച്ചതല്ല. ലോകചരിത്രത്തിലെ എല്ലാ സംസ്ക്കാരങ്ങളിലും സാഹിത്യത്തിലും ഇത്തരം ആശയങ്ങൾ നിലനിന്നിരുന്നു.

സ്വർഗ്ഗസ്ഥനായ ദൈവം ഇടയ്ക്കിടെ പല രൂപഭാവങ്ങളിൽ ഭൂമിയിൽ ജനിക്കുന്നു. ഏതാണ്ട് എല്ലാ ദൈവങ്ങൾക്കും അത്ഭുതജനനവും കന്യകയിൽ നിന്നുള്ള ജനനവും ആണ്. ചില ദൈവങ്ങൾ പീഢ അനുഭവിക്കുന്നു. ചില ദൈവങ്ങൾ മരിക്കുന്നു. മരിച്ച ദൈവങ്ങൾ ഉയർത്തെഴുന്നേൽക്കുന്നു. എല്ലാ ദൈവങ്ങളും അവസാനം സ്വർഗ്ഗത്തിലേക്ക് തിരികെ പോകുന്നു. ഈ വിശ്വാസം എല്ലാ കാലഘട്ടങ്ങളിലും ഉളവായ സാഹിത്യരചനകളിൽ ഭാവനയുടെ മൂർത്തീകരണമായി നിലനിന്നു. എന്നാൽ ഇത്തരം ഭാവനയെ ചരിത്രമാക്കാൻ ശ്രമിച്ചത് പുതിയ നിയമ എഴുത്തുകാർ മാത്രമാണ്. അനേകം സുന്നഹദോസുകളും പല രൂപത്തിലുള്ള സത്യവേദപുസ്തകങ്ങളും കർത്താവിന്റെ സ്വന്തം സഭയായി അനേകം സഭകളും രൂപം കൊണ്ടു. അനേകായിരം തവണ വിശ്വാസപ്രമാണം തലമുറ തലമുറ തോറും ഏറ്റു പറഞ്ഞു. എന്നാൽ ഒരിക്കൽപ്പോലും ദൈവചിന്തയുടെ ഭാവന, കലയുടെ പരിധി വിട്ട് ചരിത്രമോ സത്യമോ ആയിട്ടില്ല. ശാസ്ത്രം എന്ന ഭാവത്തിൽ അനേകം വേദശാസ്ത്രക്കാരും വേദശാസ്ത്രവും ഉത്ഭവിച്ചു എങ്കിലും ഇവയൊന്നും ഒരിക്കൽപോലും ശാസ്ത്രത്തിന്റെ പ്രഥമലക്ഷണം പോലും ഇന്നേവരെ പ്രദർശിപ്പിച്ചിട്ടില്ല.

തോമസിന്റെ സുവിശേഷത്തിലെ യേശു കന്യകയിൽനിന്നു ജനിക്കുന്നില്ല. മരിച്ചവരിൽനിന്ന് ഉയിർക്കുന്നില്ല. അതിശയങ്ങൾ പ്രവർത്തിക്കുന്നില്ല. യേശു പ്രവചനത്തിന്റെ പൂർത്തീകരണമല്ല. ആരുടെയും മശിഹ അല്ല. യേശുവിന്റെ വാക്കുകളുടെ അർത്ഥം മനസ്സിലാക്കി പ്രവർത്തിക്കുന്നതാണ് രക്ഷ. മനുഷ്യൻ സ്വയം മനസ്സിലാക്കി തിന്മയെ ഉപേക്ഷിച്ചു. നന്മയെ സ്വീകരിക്കുമ്പോൾ തിന്മ പരാജയപ്പെടുന്നു. തിന്മയെ പരാജയപ്പെടുത്തുന്നവന്റെ പ്രതിഫലമാണ് സ്വർഗ്ഗരാജ്യം. ഇതേ ആശയം തന്നെ മഗ്ദലനമറിയത്തിന്റെ സുവിശേഷവും ഘോഷിക്കുന്നു.

തോമായുടെ യേശു പറയുന്നു, അന്വേഷിക്കുന്നവൻ കണ്ടെത്തുംവരെ അന്വേഷിക്കണം (വചനം 2). സ്വർഗ്ഗരാജ്യം ഭാവിയിലെ വാഗ്ദാനം അല്ല, സ്വർഗ്ഗരാജ്യം ഇന്ന് ഇവിടെ തുടങ്ങുന്നു. (വചനം 3). പാരമ്പര്യ ക്രിസ്തുമതത്തിൽനിന്നും വളരെ വിഭിന്നമായ ചിന്താഗതിയാണിത്. ശരിയായ ജ്ഞാനത്തിൽനിന്നും ഉളവായ ശ്രേഷ്ഠമായ ചിന്താഗതിയും ആണ്. ഇവിടെ ഇന്ന് സ്വന്തം ജീവിതത്തിൽ സ്വർഗ്ഗരാജ്യം അനുഭവിക്കാത്തവൻ ഒരിക്കലും സ്വർഗ്ഗരാജ്യം അനുഭവിക്കുകയില്ല. മരണത്തിനുശേഷം പ്രത്യേകമായി നിലനിൽക്കുന്ന സ്വർഗ്ഗരാജ്യം ഭൂമിയിലെ ജീവിതത്തിന്റെ തുടർച്ച മാത്രമാണ്. സ്വന്തം ജീവിതം നരകമയമാക്കുന്നവനും എന്നേക്കും സ്വർഗ്ഗരാജ്യത്തിൽ നിന്നും പുറന്തള്ളപ്പെട്ടവർ ആകുന്നു. ഈ ഭൂമിയിൽ സ്വർഗ്ഗം അനുഭവിക്കാത്തവന് ഭാവിയിൽ ലഭിക്കും എന്ന് സ്വപ്നം കാണുന്ന സ്വർഗ്ഗരാജ്യം വിഡ്ഢികളുടെ സ്വർഗ്ഗം മാത്രമാണ്.

നീ, സ്വയം അറിയണം. സ്വയം അറിയാത്തവൻ കുറവുള്ളവനാകുന്നു. അതാണ് ദാരിദ്ര്യം. അറിവില്ലായ്മ എന്ന ദാരിദ്ര്യത്തിൽ നിന്നും വിമുക്തി നേടിയവനുമാത്രമെ സ്വർഗ്ഗരാജ്യം ലഭിക്കുകയുള്ളു. വിജ്ഞാനം ദാരിദ്ര്യത്തിൽനിന്നും അടിമത്വത്തിൽനിന്നും സ്വാതന്ത്ര്യത്തിലേക്കു നയിക്കുന്നു. അതാണ് സ്വർഗ്ഗരാജ്യം. അതാണ് തോമായുടെ സുവിശേഷത്തിന്റെ കാതൽ. പൂർണ്ണമായ അറിവ് നന്മ നിറഞ്ഞ പ്രവൃത്തികളിലേക്കു നയിക്കുന്നു. നന്മയിലൂടെ മാത്രമെ ലോകജനത നിലനിൽക്കുകയുള്ളു എന്നു മനസ്സിലാക്കുന്നു. നന്മപ്രവർത്തികൾ സമാധാനത്തിലേക്ക് നയിക്കുന്നു. അതാണ് സ്വർഗ്ഗരാജ്യം.

യേശു ഇങ്ങനെയൊക്കെ പറഞ്ഞിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും സ്വയം ചിന്തിക്കുകയും സ്വയം മനസിലാക്കുകയും ചെയ്യുമ്പോൾ ലോകനന്മയെ ലക്ഷ്യമാക്കിയുള്ള ദിവ്യജ്ഞാനം ലഭിക്കുന്നു. ഈ സത്യം മറ്റു സുവിശേഷകർ മനസ്സിലാക്കിയിരുന്നു എങ്കിൽ യേശുവിനെ കെട്ടുകഥകളിൽ കെട്ടിയിടുകയില്ലായിരുന്നു. മത്തായിയുടെ സുവിശേഷം ജനിക്കില്ലായിരുന്നു.

യേശുവിന്റെ വചനങ്ങളെ സ്വയം മനസ്സിലാക്കി സ്വന്തം ജീവിതത്തിൽ ഉപയോഗിക്കുന്നതാണ് രക്ഷ. സ്നാനവും കുമ്പസാരവും കുർബ്ബാനയും അല്ല രക്ഷയുടെ മാർഗ്ഗം. (വചനം 13) യേശു കുടിച്ച ദിവ്യജ്ഞാനത്തിന്റെ വറ്റാത്ത ഉറവയിൽനിന്നും ജീവന്റെ ജലം കുടിക്കുമ്പോൾ കുടിക്കുന്നവനു സ്വയം മനസ്സിലാകുന്നു. അവൻ നന്മയുടെ വറ്റാത്ത ഉറവിടമായി രൂപാന്തരം പ്രാപിക്കുന്നു. ജീവിതം ഒരു ശാബ്ബതിൽനിന്നും മറ്റൊരു ശാബ്ബതിലേക്കു ചലിക്കുന്നു. ജീവിതം എന്നും ശാബ്ബതായി മാറുന്നു. അവിടെ നന്മ നിറയുന്നു. അതാണ് ദൈവരാജ്യത്തിൽ വസിക്കുന്ന അവസ്ഥ. ദൈവരാജ്യം ഭാവിയിൽ വരുവാനുള്ളതല്ല. ഇന്ന് ഇവിടെ അനുഭവിക്കേണ്ടതും നേടിയെടുക്കേണ്ടതുമായ അവസ്ഥ എന്നറിയുന്നു. കേൾക്കുവാൻ, കേട്ടു  മനസ്സിലാക്കി പ്രവർത്തിക്കുവാൻ തോമായുടെ സുവിശേഷം ആഹ്വാനം ചെയ്യുന്നു.

തോമായുടെ സുവിശേഷത്തിൽ പറയുന്ന യേശുവിന്റെ വാക്കുകൾ പുതിയവയല്ല. സോക്രട്ടീസ് എന്ന് ഗ്രീക്ക് തത്വചിന്തകനും ബുദ്ധതത്വങ്ങളും യേശുവിന്റെ വാക്കുകളോട് വളരെ സാമ്യം പുലർത്തുന്നു. ഇതേ ആശയം യോഹന്നാനും ആവർത്തിക്കുന്നു. (യോഹ. 6:63; 8:51; 4:14 നോക്കുക.) ചരിത്രത്തിലെ യേശു ഇപ്രകാരം സംസാരിച്ച സഞ്ചാരഗുരു ആയിരുന്നു എന്ന് അനുമാനിക്കാം. എന്നാൽ കാനോനികസുവിശേഷകർ ചരിത്രത്തിലെ യേശുവിനെ കൊന്നു, എന്നന്നേക്കുമായി കബറടക്കി. പകരം സങ്കല്പങ്ങളിലെ മശിഹായെ ഉയർത്തെഴുന്നേൽപ്പിച്ചു. പുരാണവും ഇതിഹാസവും കൂട്ടിച്ചേർത്തു. യേശുവിന്റെ യഥാർത്ഥ ഉപദേശം പുരാണങ്ങളുടെ പുറകിൽ മറഞ്ഞു. എന്നാൽ തോമായുടെയും മറിയയുടെയും സുവിശേഷത്തിൽ യഥാർത്ഥ യേശു വീണ്ടും ജനിക്കുന്നു. നിത്യജീവന്റെ വറ്റാത്ത ഉറവയിലെ ജലം കൈക്കുമ്പിളിൽ കോരി യേശു നമ്മെ വിളിക്കുന്നു. വരുവിൻ പാനം ചെയ്യുവിൻ.!

ലൂക്കോസ് 6: 46-49, മത്തായി 7:21, 24-27 ലൂക്കോസ് 10:21-22. മത്തായി 11:25-27 വായിക്കുക. അവയിൽ വ്യത്യസ്തശൈലികൾ കാണാം. എന്നാൽ തോമായുടെയും മറിയയുടെയും സുവിശേഷങ്ങൾ തണ്ടിൻമേൽ വെച്ച ദീപം പോലെ പ്രശോഭിക്കുന്നു. ഭാവനയുടെയും കെട്ടുകഥകളുടെയും പാറകളിലും കുഴികളിലുംനിന്ന് സത്യത്തിന്റെ സ്വതന്ത്രമായ പാതയിലേക്ക് മേരിയുടെയും തോമായുടെയും സുവിശേഷം നമ്മെ നയിക്കുന്നു.

തോമായുടെ സുവിശേഷം സ്വീകരിച്ച യേശുപ്രസ്ഥാനക്കാർ മറ്റു ക്രിസ്തീയ വിഭാഗങ്ങളിൽനിന്ന് വളരെ വ്യത്യസ്ഥമായി നിലനിന്നിരുന്നു. അവർ ലോകം എന്നും താണപടിയിൽ ഉള്ളതും ഹീനവും എന്നു കണക്കാക്കി ഈ ചിന്താഗതി അവരുടെ പ്രവർത്തനരീതിയിലും ജീവിതരീതിയിലും പ്രാവർത്തികമാക്കി. ഇത്തരം സമൂഹങ്ങൾ ഇൻഡ്യ, ഈജിപ്റ്റ്, ഗ്രീസ്, യഹൂദ്യ എന്നിവിടങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്നു. മനുഷ്യൻ ഭൗതികതയുടെയും ആത്മീയതയുടെയും ഭൂമിയിലെ മൂലകങ്ങളുടെയും സമ്മിശ്രമാണ്. ഭൗതികത ഭൂമിയിലെ മൂലകങ്ങളോട് ബന്ധപ്പെട്ടതും താണനിലവാരം പുലർത്തുന്നതും അതിനാൽ ദുർപ്രവർത്തികൾക്ക് വിധേയവുമാണ്. ആത്മീയത ദിവ്യതയിൽനിന്ന് ഉളവായതും ദുർപ്രവർത്തികളിൽ നിന്ന് മുക്തവുമാണ്, അതിനാൽ ശ്രേഷ്ഠവുമാണ്. അതിനാൽ ഭൗതിക ശരീരത്തെ ഉപേക്ഷിച്ചാൽ മാത്രമേ ആത്മീയശരീരത്തിന്റെ ഉദ്ധാരണം ഉളവാകുകയുള്ളു. ഉദ്ധാരണം ചെയ്ത ആത്മീയശരീരം നിത്യമായ ദിവ്യതയുമായി ഒന്നു ചേരുകയും ചെയ്യുന്നു.

ഭൗതികതയോട് ഇണ ചേർന്ന് നിൽക്കുന്ന ആത്മശരീരം മരണത്തോടുകൂടി മാത്രമേ പൂർണ്ണ മുക്തി നേടുന്നുള്ളു. ജീവനോടെ ഇരിക്കുമ്പോൾ തന്നെ ജീവിതം നന്മകളാൽ നിറയ്ക്കുമ്പോൾ നിത്യതയുമായി ഒത്തു ചേരുന്നു എങ്കിലും മരണത്തോടുകൂടി മാത്രമെ പൂർണ്ണ വിമുക്തി ലഭിക്കുന്നുള്ളു. എന്നാൽ പൂർണ്ണമായ മുക്തി മരണം എന്ന ക്ഷണികത കൊണ്ട് ലഭിക്കുന്നില്ല. അതുകൊണ്ടാണ് ജീവിക്കുമ്പോൾ തന്നെ ക്രമേണ നിത്യതയിൽ ലയിക്കണം എന്നു പറയുന്നത്. ഭാരതീയ തത്വശാസ്ത്രവും ഇതിൽ നിന്ന് വിഭിന്നമല്ല.

ഭൗതികശരീരത്തിന്റെ ആഗ്രഹങ്ങളായ കാമം, അമിതഭക്ഷണം, ധനം, സുഖജീവിതം എന്നിവയിൽനിന്ന് ഭൗതികശരീരം ക്രമേണ മുക്തി പ്രാപിക്കണം. എങ്കിൽ മാത്രമെ ആത്മീയതയെ കാർന്നു തിന്നുന്ന അസൂയ, അഹന്ത, അജ്ഞത എന്നിവയിൽനിന്ന് മോചനം ലഭിക്കുകയുള്ളു. മരണത്തോടുകൂടി പെട്ടെന്ന് ഉണ്ടാകുന്ന വിടുതൽ ഭൗതികമായ വിടുതൽ ആണ്. അത് വ്യക്തിയുടെ പ്രയത്നഫലമല്ല. വ്യക്തിയുടെ കഴിവിന്റെ പരിധിയിൽപെട്ടതുമല്ല. സ്വയം തിരഞ്ഞെടുത്ത മുക്തിയിലൂടെ മാത്രമേ നിത്യതയിൽ ചേരുകയുള്ളു. അതിനാൽ മുക്തിക്കുവേണ്ടി മരണം വരെ കാത്തിരിക്കാതെ ജീവിതത്തിന്റെ തുടക്കം തൊട്ടെ പരിശീലിക്കണം.

ജീവിതം വാർദ്ധക്യത്തോട് അടുക്കുമ്പോൾ ശരീരത്തിന്റെ ശക്തി ക്ഷയിക്കുന്നതോടുകൂടി ഭൗതികശരീരത്തിന്റെ ആവശ്യങ്ങളും കുറയുന്നു. ഈ അവസ്ഥയിൽ അവയെ ഉപേക്ഷിക്കുന്നത് സ്വയം തിരഞ്ഞെടുക്കുന്നതല്ല. പ്രകൃത്യാ തന്നെ ശരീരത്തിൽ ഉണ്ടാകുന്ന വ്യതിയാനമാണ്. എന്നാൽ യൗവ്വനത്തിൽ തന്നെ അമിതകാമം, അമിതഭക്ഷണം, അമിതസുഖങ്ങൾ എന്നിവ ഉപേക്ഷിക്കണം. സ്വയമായി തിരഞ്ഞെടുക്കുന്ന നിയന്ത്രണങ്ങൾ മാത്രമെ ജീവിതത്തെ നന്മകളിലേക്കു നയിക്കുകയുള്ളു. കാമാസക്തിയിൽനിന്ന് വിമുക്തി നേടാൻ വാർദ്ധക്യം വരെ കാത്തിരിക്കരുത്. ചെറുപ്പത്തിൽ തന്നെ നിയന്ത്രണങ്ങളോടുകൂടി ജീവിക്കണം. ഈ തത്വം തിന്മയിലേക്ക് നയിക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും ബാധകമാണ്. സ്വന്തം ജീവിതത്തെ സ്വയം നിയന്ത്രിക്കുന്നവർ ബലാൽക്കാരമായി സ്വർഗ്ഗരാജ്യം പിടിച്ചെടുക്കുന്നു.

ശ്രേഷ്ഠമായ നന്മകൾ നേടിയെടുക്കാൻ പ്രാപ്തമായ ആത്മശരീരം എങ്ങനെ ഹീനമായ ഭൗതികശരീരത്തിൽ നിലനിൽക്കുന്നു എന്നത് തോമാപ്രസ്ഥാനത്തിൽ അത്ഭുതമായി തോന്നുന്നു. (തോമ. 29) സന്യാസത്തെ കാര്യമായി തോമപ്രസ്ഥാനം തുടക്കത്തിൽ പ്രോത്സാഹിപ്പിച്ചിരുന്നില്ല (തോമ 14:104). എന്നാൽ ഈജിപ്റ്റിലും സിറിയയിലും സന്യാസജീവിതം നയിച്ചവരെ ആശ്വസിപ്പിച്ചതും തോമായുടെ സുവിശേഷമാണ്. അതുകൊണ്ടാണ് തോമായുടെ സുവിശേഷം

ഈജിപ്റ്റുകാരുടെ കോപ്റ്റിക് ഭാഷയിലേക്ക് തർജ്ജിമ ചെയ്യപ്പെടുകയും സിറിയയിലും ഈജിപ്റ്റിലും വളരെ പ്രചാരം നേടുകയും ചെയ്തത്. അതോടുകൂടി തോമാപ്രസ്ഥാനം വളരെ തീവ്രമായ സന്യാസജീവിതത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

അകം പോലെ തന്നെ പുറം ആയി തീരുന്ന അവസ്ഥ. ഉള്ളിൽ കപടതയും അഹന്തയും ക്രൂരതയും കാമദാഹവും ധനമോഹവും ഇല്ലാത്ത ജീവിതം (ആധുനിക സന്യാസികളും യഥാർത്ഥ സന്യാസികളും തമ്മിലുള്ള അന്തരം നോക്കുക), മനസ്സു മുഴുവൻ നന്മ നിറഞ്ഞ് നിർമ്മലമാകുമ്പോൾ പുറം പോലെ അകവും ശുദ്ധീകരിക്കപ്പെടുന്നു. കണ്ണാടിയിലൂടെ കാണുന്ന അവസ്ഥ; ഒന്നും മറയ്ക്കുവാനില്ലാത്ത അവസ്ഥ. സന്യാസി ഇരുപത്തിന്നാലുമണിക്കൂറും വർഷത്തിന്റെ എല്ലാ ദിവസവും സന്യാസി ആയിരിക്കണം. അവർ എന്നും സ്വർഗ്ഗത്തിൽ വസിക്കുന്നു. ജീവിച്ചിരിക്കുമ്പോൾ തന്നെ ക്രമേണ നിത്യതയുമായി കൂടിച്ചേരുന്ന അവസ്ഥ; (തോമ: 27 നോക്കുക), ശാബ്ബതിൽനിന്നും ശാബ്ബതിലേക്ക് നയിക്കുന്ന ജീവിതരീതി. ശാബ്ബതിന് ഇടയ്ക്കുള്ള ദിവസങ്ങളിലും ശാബ്ബതുപോലെ ശുദ്ധി ഉള്ളവരായി ജീവിക്കണം.. ശുദ്ധതയിൽനിന്ന് ശുദ്ധതയിലേക്ക് നയിക്കുന്ന ജീവിതം മാത്രമെ നിത്യതയിലേക്ക് നയിക്കുകയുള്ളു. ആറു ദിവസവും പാപത്തിൽ മുഴുകി ജീവിച്ചതിനുശേഷം ഏഴാം ദിവസം പാപമോചനത്തിനായി ദേവാലയത്തിൽ കൂട്ടം കൂടുന്നത് വെറും പ്രഹസനം മാത്രം. അങ്ങനെയുള്ളവർക്ക് പാപമോചനമില്ല. വെറും പൊള്ളയായ തോന്നലിൽ മാത്രം അവർ ജീവിക്കുന്നു. എന്നാൽ ശുദ്ധതയിൽനിന്ന് അവധി എടുക്കാതെ എന്നും ശുദ്ധതയിൽ ജീവിക്കുന്നവർ മാത്രമെ നീതിമാൻ ആകുന്നുള്ളു.

നിത്യമായ സ്വർഗ്ഗരാജ്യം അവകാശമാക്കാൻ പരിശുദ്ധനായ പിതാവിനെ കാണുവാൻ പരിശുദ്ധജീവിതം നയിച്ചവർക്കു മാത്രമെ സാധിക്കുകയുള്ളു. സന്യാസജീവിതം അതിനുള്ള ശക്തി നൽകുന്നു. ദൈവത്തെ മുഖാമുഖം കാണുമ്പോൾ എപ്രകാരം പെരുമാറണമെന്ന് എസ്തനികളും തെറാപുട്ടേകളും മെഡിറ്ററേനിയൻ പ്രദേശങ്ങളിലെ രഹസ്യപ്രസ്ഥാനക്കാരും പരിശീലിച്ചിരുന്നു (തോമ 15:83). തോമാ പ്രസ്ഥാനക്കാരും ദൈവത്തെ മുഖാമുഖം കാണുവാനുള്ള തയ്യാറെടുപ്പിന്റെ ജീവിതരീതി പാലിച്ചിരുന്നു.

ഇതേ ദിവ്യാനുഭൂതി പൗലൂസിന് ലഭിച്ചതായി പൗലൂസ് 2, കൊരി. 12:2-4 ൽ അവകാശപ്പെടുന്നു. നിരന്തരമായി തിന്മ പ്രവർത്തിച്ച് നടക്കുന്നവർക്ക് ചിലപ്പോൾ കുറ്റബോധത്തിന്റെ അപകർഷത പെട്ടെന്ന് മാനസിക വിഭ്രാന്തി ഉളവാക്കുന്നു. അത്രനാളും ശരി എന്നു തോന്നി പ്രവർത്തിച്ചത് നീതിയും ന്യായവും ഇല്ലാത്ത ഹീനത എന്നു തോന്നുമ്പോൾ പെട്ടെന്ന് ഉണ്ടാകുന്ന വ്യതിയാനത്തെ ന്യായീകരിക്കാനാണ് പലരും വെളിപാടിനെ കൂട്ടുപിടിക്കുന്നത്. യാതൊരു ന്യായീകരണവും ഇല്ലാത്ത പ്രവർത്തികളെ ന്യായീകരിക്കുവാനും ചിലർ വെളിപാടിനെ കൂട്ടുപിടിക്കുന്നു.

വെളിപാടുകൾ ദിവ്യാനുഭൂതി അല്ല. ഉപബോധമനസ്സിൽ അടിഞ്ഞു കൂടി കിടക്കുന്ന മോഹങ്ങളുടെയും മോഹഭംഗങ്ങളുടെയും ചെളിത്തട്ടിൽനിന്ന് ഇടയ്ക്കിടെ വേർപെടുന്ന വികാരവിചാരങ്ങൾ ആണ് വെളിപാടുകൾ. ലോകചരിത്രം നോക്കിയാൽ ഭൂരിഭാഗം ദർശനങ്ങളും മനുഷ്യവർഗ്ഗത്തിന്റെ പീഢനത്തിലേക്ക് നയിച്ചു എന്നു കാണാം. ഉദാഹരണത്തിന് ആര്യവംശത്തിന്റെ ശ്രേഷ്ഠത അവകാശപ്പെട്ട ഹിറ്റ്ലർ യാതൊരു കാരണവും കൂടാതെ എത്ര യൂദരെ കൊന്നൊടുക്കി. ആഫ്രിക്കയിലെ നാട്ടുരാജാവിന്റെ കൈവശം ആയുധവും ആഹാരവും കുമിഞ്ഞുകൂടുമ്പോൾ അവനുണ്ടാകുന്ന ദർശനം നിമിത്തം എത്രയോ മനുഷ്യരെ കുരുതി നടത്തുന്നു. ലോകത്തിന്റെ പല ഭാഗത്തും സംഭവിച്ചിട്ടുള്ള ഭീകരത ആരുടെയെങ്കിലും വെളിപാടിൽ നിന്ന് ഉത്ഭവിച്ചതാണ്. എല്ലാ മതങ്ങളും വിശ്വാസങ്ങളും വളരെ സഹിഷ്ണുതയോടും സഹോദരസ്നേഹത്തിലും കഴിഞ്ഞ ഭാരതത്തിൽ വർണ്ണ വിവേചനവും മതപീഢനവും വിതച്ചതും ആരുടെയോ വെളിപാട് ആണ്.

യാതൊരു ഉപദ്രവവും ചെയ്യാത്ത ക്രിസ്ത്യാനികളെ പീഢിപ്പിച്ചതിന് യാതൊരു ന്യായീകരണവും പൗലോസിന് ഇല്ലായിരുന്നു. പീഢനം നിർത്തി യേശുവിന്റെ മാർഗ്ഗം സ്വീകരിച്ചതു കൊണ്ടുമാത്രം പൗലോസ് തൃപ്തനല്ലായിരുന്നു. യേശുവിന്റെ ശിഷ്യന്മാർക്ക് ലഭിച്ചിരുന്ന സ്ഥാനവും അധികാരവും പൗലോസ് ആഗ്രഹിച്ചു. പൗലോസ് എന്നും അധികാര ഭ്രാന്തൻ ആയിരുന്നു. പൗലോസിന്റെ ആഗ്രഹങ്ങളെ സഫലീകരിക്കാൻ വെളിപാട് അല്ലാതെ മറ്റു മാർഗ്ഗം ഇല്ലായിരുന്നു. പൗലോസിന്റെ കുറ്റകൃത്യങ്ങൾ കുട്ടിക്കാലത്ത് ചെയ്തവയല്ല. പ്രായപൂർത്തിയായ പുരുഷൻ ചിന്തിച്ച് പ്രവർത്തിച്ചവയാണ്. അവയ്ക്ക് മോചനം ഇല്ല. തിന്മ ചെയ്തതിനുശേഷം പശ്ചാത്തപിക്കുന്നത് തിന്മയുടെ പരിഹാരം അല്ല. തിന്മ പ്രവർത്തിക്കാതിരിക്കുക എന്നതാണ് ശരിയായ മാനുഷികധർമ്മം.

യോഹന്നാന്റെ സുവിശേഷത്തിൽ യോഹന്നാന്റെ വേദചിന്ത മുഴുവൻ യേശുവിനെക്കൊണ്ട് പറയിക്കുന്നു. യേശു തന്നെ ഇത് ആവർത്തിച്ച് പറയുന്നുമുണ്ട്. തോമായുടെ യേശു മഹത്വത്തിലേക്കുള്ള വഴി കാണിച്ചു തരുന്നു. അജ്ഞതയുടെ അന്ധകാരത്തിൽ നിന്നും രക്ഷപെടുവാൻ ജ്ഞാനത്തിന്റെ ദീപശിഖയേന്തി യേശു വിളിക്കുന്നു; വരൂ! അന്ധകാരത്തിൽനിന്നും വെളിച്ചത്തിലേക്ക് കടന്നു വരിക. സ്വാർത്ഥതയുടെ കല്ലറകളെ പൊളിച്ച് പുറത്ത് വരിക. മഹത്വത്തിന്റെ തേജസ്സിൽ എഴുന്നേറ്റ് മുന്നോട്ട് നടക്കുക. നാമെല്ലാം വഴിയാത്രക്കാർ മാത്രമാണ്, ഒന്നും സ്വന്തമല്ല. സ്വന്തമെന്നു തോന്നുന്ന ഭൗതിക ആവശ്യങ്ങളെ ഉപേക്ഷിച്ച് തലചായ്ക്കാൻ സ്വന്തമായി ഒന്നുമില്ലാതെ മുന്നോട്ടു നീങ്ങുക. പകൽ മേഘസ്തംഭമായും രാത്രിയിൽ ദീപസ്തംഭമായും നമ്മെ നയിക്കുന്ന ദിവ്യ തേജസ്സ്. ആ തേജസ്സിലേക്കുള്ള ചൂണ്ടുപലകയാണ് തോമായുടെ സുവിശേഷം.

തോമായുടെ സുവിശേഷം അതിന്റെ ഒരു പൂർണ്ണതയിൽ മനസ്സിലാക്കാൻ സമകാലീന വിശ്വാസസംഹിതകൾ മനസ്സിലാക്കുന്നത് സഹായകമാണ്. അവയിൽ പ്രാധാന്യം അർഹിക്കുന്നവയാണ് Mysticism -ഉം Gnosticism -ഉം

## അതീന്ദ്രിയാനുഭൂതി

### Mysticism - (Mustikos - Greek)

അറിവ് സാധാരണ ലഭിക്കുന്നത് ഇന്ദ്രിയങ്ങളിലൂടെയാണ്. ഇത്തരം അറിവിനെ ന്യായീകരിക്കാനും സാധിക്കും. ഇന്ദ്രിയങ്ങൾക്ക് അതീതമായി അനുഭൂതിയിലൂടെ ലഭിക്കുന്ന അറിവ് കാര്യ-കാരണ വിവേചനപരമല്ലത്തതിനാൽ അനുഭൂതി, ദിവ്യജ്ഞാനം, അതീന്ദ്രിയാനുഭൂതി, രഹസ്യങ്ങളുടെ ജ്ഞാനം എന്നിങ്ങനെയൊക്കെ അറിയപ്പെടുന്നു. ഭൗതിക ശാസ്ത്രതത്ത്വങ്ങൾക്ക് അവയെ തെളിയിക്കുവാൻ സാധിക്കുകയില്ല.

പുരാതന ഗ്രീസിലെ എലുസിയൻ എന്ന പട്ടണത്തിലെ ഡിമീറ്റർ (ക്രീസ്) ആരാധകർ പരിശീലിച്ചിരുന്ന രഹസ്യ ആരാധന ആയിരുന്നതിനാൽ ഇത് എലുസിയൻ രഹസ്യം എന്നറിയപ്പെടുന്നു. ഗ്രീക്ക് പുരാണത്തിലെ പ്രധാനപ്പെട്ട പന്ത്രണ്ടു ദേവതകളിൽ ഒന്നാണ് ഡിമിറ്റർ. അമ്മ ദേവത (Mother Goddess) എന്ന പേരിൽ ആണ് ഡിമിറ്റർ പൊതുവെ അറിയപ്പെട്ടിരുന്നത്. ധാന്യം, ഭൂമി, കൃഷി, ഫലങ്ങൾ, ഫലപുഷ്ടി, ഉല്പാദനം എന്നിവയുടെ പരിരക്ഷക ആയിരുന്നു അമ്മ ദൈവം. അമ്മ ദൈവത്തെ റോമാക്കാർ ക്രീസ് എന്ന് വിളിച്ചിരുന്നു. ക്രിസ്തുമതപുരാണം ഗ്രീക്കുപുരാണത്തെ ക്രമേണ ദത്തെടുക്കുകയും പുരാണത്തിലെ അമ്മ, ദൈവം യേശുവിന്റെ അമ്മയും ദൈവമാതാവും ആയി മാറുകയും ചെയ്തു. യേശുവിന്റെ അമ്മ, ദൈവമാതാവിനോടുള്ള അപേക്ഷ ഡിമേറ്റർ ദേവതയുടെ കീർത്തനം മാത്രമാണ്. ഈ അപേക്ഷയിൽ വിത്തുകളുടെ സംരക്ഷണം, ഫലപുഷ്ടി, പ്രസവിക്കാത്ത സ്ത്രീകൾക്കുവേണ്ടിയുള്ള അപേക്ഷ എന്നിവ കടന്നു കൂടിയത് പുരാണങ്ങളിൽനിന്ന് പകർത്തി എഴുതിയതാണ്.

എലുസിയൻ രഹസ്യങ്ങൾ ആത്മീയാനുഭൂതിയിലൂടെ പരമോന്നത സത്യത്തെ നേടിയെടുക്കാൻ സഹായിക്കും എന്ന വകാശപ്പെടുന്നു. മനുഷ്യജീവിതത്തിന്റെ പരമോന്നത ലക്ഷ്യവും ഈ നിത്യസത്യത്തെ മനസ്സിലാക്കുക എന്നതാണ്. അതീന്ദ്രിയധ്യാനത്തിലൂടെ ദൈവവുമായി ഒത്തുചേരാൻ സാധിക്കും, അപ്പോൾ ദൈവവും മനുഷ്യനും രണ്ടല്ലാതെ ഒന്നായി നിലനില്ക്കുന്നു. ഇതാണ് മിസ്റ്റിസിസം. ഭൂമിയുടെ ഉള്ളിലേക്ക് വളരെ നീളത്തിലുള്ള ഇടുങ്ങിയ ഗുഹകളിലൂടെ മാത്രം എത്തിച്ചേരുന്ന അവസ്ഥ. അറകളിൽ ധ്യാനനിരതരായി ഇരുന്ന് ദൈവവുമായി രഹസ്യ സംഭാഷണം മിസ്റ്റിക്കുകൾ നടത്തിയിരുന്നു. യൂദമതത്തിലെ കബാലാ, ഇസ്ലാമിലെ സൂഫിസം എന്നിവയൊക്കെ എലുസിയൻ രഹസ്യങ്ങളുടെ രൂപാന്തരങ്ങളാണ്.

ഭാരതത്തിലും ഈജിപ്റ്റിലും രഹസ്യാനുഭൂതിയിലൂടെ ദൈവവുമായി സംസർഗ്ഗം നടത്തുന്ന ആരാധനാരീതി നിലനിന്നിരുന്നു. - പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് രഹസ്യത്തിൽ കാണുന്ന ദൈവവുമായി സംസർഗ്ഗം ചെയ്യുക എന്നതാണ് മിസ്റ്റിസിസം. ക്രിസ്തുമതത്തിലെ മിസ്റ്റിക്കുകളുടെ സൃഷ്ടിയാണ് വെളിപാടു പുസ്തകം എന്ന് അനുമാനിക്കാം.

തിരുവെഴുത്തുകളിൽ വാക്കുകളുടെ അർത്ഥത്തിലും ഉപരിയായി ദിവ്യരഹസ്യങ്ങൾ നിറഞ്ഞു നിൽക്കുന്നു എന്നാണ് മിസ്റ്റിക്കുകളുടെ വിശ്വാസം. പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും ഉള്ള ശുദ്ധീകരണം, ധ്യാനം, പരമോന്നത സത്യവുമായി ഒത്തു ചേരൽ എന്നിവയിലൂടെ മനുഷ്യന് അവന്റെ ഉള്ളിലെ വൈരുദ്ധ്യം കീഴടക്കാൻ സാധിക്കും. ആന്തരികമായ ഉണർവ്വിലൂടെയും ഉദ്ധാരണത്തിലൂടെയും പരമോന്നതസത്യത്തെ മനസ്സിലാക്കുക, വ്യക്തിയിലെ കുറവുകളും കുറ്റങ്ങളും മനസ്സിലാക്കി അവയെ ശുദ്ധീകരിക്കുകയും പരിഹരിക്കുകയും ചെയ്യുക. പ്രകാശപൂർണ്ണതയെ തേടുക. ആത്മാനുഭൂതിയിലൂടെയും വെളിപാടിലൂടെയും നല്ലതിനെ ദർശിക്കുക. ഇത്തരം വെളിപാടു ലഭിച്ചവർ ഉത്തമമായ ചിത്രങ്ങൾ, കവിതകൾ, ഗ്രന്ഥങ്ങൾ രചിക്കുന്നു. അവർ പുതിയ ആകാശവും പുതിയ ഭൂമിയും വിഭാവനം ചെയ്യുന്നു. അവർ മഹത്വത്തിന്റെ തേജസ്സിൽ ജീവിക്കുന്നു.

ഈ അവസ്ഥയിൽനിന്നും വീണ്ടും ഉയർന്നവർ നാലാമത്തെ മഹത്വത്തിൽ പ്രവേശിക്കുന്നു. അവർ കത്തിയെരിയുന്ന മെഴുകുതിരിക്ക് സമമായി പ്രകാശം പരത്തുന്നു. ക്രമേണ പരബ്രഹ്മത്തിൽ ലയിച്ച് സ്വയം ഇല്ലാതാകുന്നു. ഇവിടെ ഞാൻ എന്ന ഭാവം ഇല്ലാതാകുന്നു. നിത്യസത്യത്തിന്റെ ഹിതത്തിന് വിധേയമാകുന്നു. നാം സ്വയത്തിൽനിന്നും മുക്തി നേടുന്നു എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നടക്കട്ടെ എന്ന അവസ്ഥയിൽ സ്വന്തം ജീവിതത്തെ നിത്യതയ്ക്കു സമർപ്പിക്കുന്നു. എന്റെ ആത്മാവിനെ നിന്റെ കയ്യിൽ ഏല്പിക്കുന്നു. ഇനി മുതൽ ഞാൻ ഇല്ല. ഞാൻ നിത്യതയുടെ ഭാഗമായി മാറുന്നു. ഞാൻ നിത്യതയുടെ സന്ദേശവാഹകൻ ആയി മാറുന്നു.

കാനോനികസുവിശേഷത്തിൽ പറയുന്ന യേശുവും ഇത്തരം മിസ്റ്റിക് യേശുവാണ്. മിസ്റ്റിക്കുകളുടെ വാക്കുകളും പ്രവർത്തിയും വളരെ ലളിതമാണെന്ന് പ്രഥമ ദൃഷ്ട്യാ തോന്നന്നു എങ്കിലും വളരെ ഗൂഢമായ ആശയം ഉള്ളിൽ നിറഞ്ഞു നില്ക്കുന്നു. സുവിശേഷത്തിലെ യേശുവിനെ മിസ്റ്റിക് കാഴ്ചപ്പാടിൽ ദർശിച്ചാൽ മാത്രമേ യേശുവിന്റെ സുവിശേഷത്തിന്റെ മഹത്വം മനസിലാകുകയുള്ളു. യേശുവിന്റെ ജീവിതത്തോട് പുരാണകഥകളും കെട്ടുകഥകളും ചേർത്തപ്പോൾ യേശുവിന്റെ വാക്കുകൾ മൂടൽ മഞ്ഞാൽ മറഞ്ഞതുപോലെ ആയി. യേശുവിന്റെ വചനം യഥാർത്ഥത്തിൽ മനസ്സിലാ

ക്കുവാൻ യേശുവിനെ സ്ഥാപിതമതങ്ങളുടെ ചങ്ങലകളിൽനിന്ന് വിമുക്തമാക്കണം. മതം മെനഞ്ഞെടുത്ത അത്ഭുതജനനം, അത്ഭുതപ്രവൃത്തികൾ, ഉദ്ധാരണം എന്നിവയിൽനിന്ന് യേശു സ്വതന്ത്രനാകണം. അപ്പോൾ യേശു എന്ന ഗുരുവിനെ കാണാം.

അതീന്ദ്രിയാനുഭൂതികളിലൂടെ മാത്രമേ യേശുവിന്റെ വാക്കുകളുടെ ശരിയായ അർത്ഥം മനസ്സിലാകുകയുള്ളു. ആചാരങ്ങളും അനുഷ്ഠാനങ്ങളും കൂദാശകളും നടപടിക്രമങ്ങളും സ്ഥാപിതപ്രസ്ഥാനങ്ങളുടെ നിലനിൽപ്പിനുവേണ്ടി രൂപീകരിച്ചതാണ്, യഹൂദ പുരോഹിത വർഗ്ഗത്തിന്റെ സുഖജീവിതത്തിനുവേണ്ടി മോശയുടെ പേരിൽ പുരോഹിതർ പുസ്തകങ്ങൾ എഴുതിക്കൂട്ടി. യഹോവയുടെ പ്രവർത്തികൾ മുഴുവൻ ഈ പുരോഹിതരെ തീറ്റിപ്പോറ്റുവാൻ വേണ്ടി ആയിരുന്നെന്ന് വിശദമായി പഠിച്ചാൽ മനസ്സിലാകും. യഹൂദമതത്തിന്റെ തുടർച്ചയാണ് ക്രിസ്തീയസഭ. ഇത്തരം സഭകളിൽനിന്ന് യേശുവിനെ സ്വതന്ത്രനാക്കിയാൽ മാത്രമെ യേശു എന്ന ഗുരുവിന്റെ സുവിശേഷം മനസ്സിലാകുകയുള്ളു. മനസ്സിലാക്കിക്കഴിയുമ്പോൾ അത് നമ്മളെ അത്ഭുതപ്പെടുത്തും. ക്രമേണ നമ്മളെ ആനന്ദത്തിലേക്ക് നയിക്കുകയും ചെയ്യും.

സുവിശേഷകരും അവരിൽനിന്ന് ഉത്ഭവിച്ച സ്ഥാപിത ക്രിസ്തുമതവും യേശുവിന്റെ, സത്യത്തിന്റെ സുവിശേഷത്തെ പറയുടെ കീഴിൽ മറച്ചു വച്ചിരിക്കുന്നു. യേശുവിന്റെ സുവിശേഷത്തിന്റെ പൊരുളു തിരിക്കാൻ അനേകർ പ്രത്യക്ഷപ്പെടുന്നു. വചനം ഉപജീവനമാക്കി സത്യം മറച്ചുവെച്ച് അവർ ധാരാളം ധനം വാരിക്കൂട്ടുന്നു.

യേശുവിന്റെ വചനം അതീന്ദ്രിയജ്ഞാനമാണ്. അത് മനസ്സിലാക്കുവാനും പ്രചരിപ്പിക്കുവാനും വേണ്ട അടിസ്ഥാന യോഗ്യത നന്മ നിറഞ്ഞ ജീവിതമാണ്. അതാണ് നല്ല നിലത്തുവീണ വിത്തുകൾ. അവ വളർന്ന് നൂറ് മേനി വിളയുന്നതുപോലെ നീതിയുള്ളവന്റെ നല്ല പ്രവർത്തികൾ കണ്ട് യേശുവിന്റെ വചനം താനേ പ്രചരിക്കുന്നു. ഉപജീവനമാർഗ്ഗമായി യേശുവിന്റെ വചനം പ്രചരിപ്പിക്കാൻ ഇറങ്ങിയവർ യേശുവിന്റെ വചനത്തെ സ്വന്തം താല്പര്യങ്ങളെ രക്ഷിക്കാൻ വളച്ചൊടിക്കുന്നു. പൊതുജനത്തെ വഴിതെറ്റിക്കുന്നു.

ബാബേൽ ഗോപുരം പണിതപ്പോൾ ചിതറപ്പെട്ട ഭാഷ പോലെ പലവിധ അർത്ഥങ്ങളുമായി ഉപജീവനമാർഗ്ഗമായി വചനത്തെ പ്രചരിപ്പിച്ചു. യേശുവിന്റെ ഉപമകളും ഏദനിലെ കഥയും ശരിയായ സാരം മനസ്സിലാക്കാതെ പൊരുളു തിരിച്ചു. അതിന്റെ ഫലമായി കെട്ടുകഥകളും ആചാരങ്ങളും നടപടിക്രമങ്ങളും നിറഞ്ഞു നിൽക്കുന്ന സ്ഥാപിതമതം നിലവിൽ വന്നു. എല്ലാ നിയമത്തേയും മാറ്റി പരസ്പരം സ്നേഹിപ്പിൻ എന്ന പുതിയ നിയമം തന്ന യേശുവിന്റെ പേരിൽ എത്രയെത്ര സഭകൾ! രാഷ്ട്രത്തിന്റെ ഭരണകൂടത്തിന് ആവശ്യമായ നിയമങ്ങളേക്കാൾ അധികമാണ് ഈ സഭകളിലെ നിയമാവലികളും നടപടികളും.

ഏദനിലെ കഥയുടെ അർത്ഥം യഥാർത്ഥത്തിൽ മനസ്സിലാക്കിയിരുന്നു എങ്കിൽ ആദിപാപം ഉണ്ടാകുമായിരുന്നില്ല. ഇല്ലാത്ത പാപം മോചിപ്പിക്കാൻ ദൈവത്തിന്റെ പുത്രൻ ജനിക്കുകയുമില്ലായിരുന്നു. അബദ്ധങ്ങളുടെ ന്യായീകരണത്തിന് കൂടുതൽ അബദ്ധങ്ങൾ എഴുതിക്കൂട്ടി സുവിശേഷങ്ങൾ രചിക്കുമായിരുന്നില്ല. (Vol IV വായിക്കുക.)

കുറച്ച് ക്രിസ്ത്യാനികൾ മാത്രമേ ഏദനിലെ കഥയെ ചരിത്രമായി കണക്കാക്കുന്നുള്ളു. ക്രിസ്തുമതത്തിലെ തന്നെ ആത്മശുദ്ധിയും സത്യസന്ധതയും ഉള്ള വേദപണ്ഡിതർ ഏദൻ തോട്ടത്തിന്റെ 'കഥ' ചരിത്രമല്ല. സാരാംശകഥ ആണ് എന്ന് അംഗീകരിക്കുന്നു. യഹൂദർ ഒരിക്കലും ഏദനിലെ കഥയെ ചരിത്രമായി കണക്കാക്കിയില്ല. പുതിയനിയമ എഴുത്തുകാരും അവർ വഴിതെറ്റിച്ച കുറെ വിശ്വാസികളും മാത്രമെ ഏദൻ തോട്ടം ചരിത്രമായി വിശ്വസിച്ചുള്ളു. ചെവി ഉള്ളവർ കേൾക്കട്ടെ എന്ന് ആവർത്തിച്ച് ആഹ്വാനം ചെയ്യുന്നതിന്റെ കാരണവും അതുതന്നെ.

ദൈവം തിരഞ്ഞെടുത്ത പ്രത്യേക ജാതിയാണ് യഹൂദർ എന്ന ആശയം പ്രചരിപ്പിക്കുക എന്നതാണ് ഏദൻ തോട്ടത്തിന്റെ കഥയുടെ പ്രധാന ഉദ്ദേശ്യം. പല രീതിയിൽ ഈ കഥയെ വീക്ഷിക്കാം. മനുഷ്യൻ ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവനാണ്. അതിനാൽ അവൻ ദൈവിക ഗുണങ്ങൾ നിറഞ്ഞവനായി ജീവിക്കണം. യഹൂദന്റെ ചരിത്രം നോക്കിയാൽ കൊള്ളയും കൊലയും പിടിച്ചുപറിയും വ്യഭിചാരവും നിലനിന്നിരുന്ന പ്രാകൃതസമൂഹം ആയിരുന്നു യഹൂദസമൂഹം എന്ന് മനസ്സിലാക്കാം. പ്രാകൃതമനുഷ്യന്റെ ഉള്ളിൽ ധാർമ്മികബോധം സൃഷ്ടിക്കാൻ ദൈവം നേരിട്ടു തരുന്ന കൽപന തന്നെ വേണമായിരുന്നു. ദൈവം നേരിട്ടു തന്നെ കൽപന തന്നു എന്ന് എഴുതിവച്ചിട്ടും പറയത്തക്ക വ്യത്യാസങ്ങൾ യഹൂദസമൂഹത്തിൽ ഉണ്ടായില്ല എന്നു കാണാം. സമൂഹത്തിന്റെ സുഗമമായ നിലനിൽപ്പിന് ധാർമ്മിക നിയമവും ജീവിതവും ആവശ്യമാണ് എന്നു മനസ്സിലാക്കിയ ആധുനികമനുഷ്യൻ ദൈവത്തെ പേടിച്ചല്ല നല്ലവനായി ജീവിക്കുന്നത്.

ഉൽപത്തി പുസ്തകത്തിൽ പറയുന്നതനുസരിച്ച് മനുഷ്യനെ സൃഷ്ടിച്ച് അയ്യായിരം - ഏഴായിരം വർഷങ്ങളെ ആയിട്ടുള്ളു. നാൽപതിനായിരം വർഷം മുമ്പു തന്നെ മനുഷ്യൻ സമൂഹ്യജീവിയായി ജീവിക്കാൻ തുടങ്ങിയിരുന്നു. ഹാബേലിനെ കൊന്ന കായിനെ മറ്റാരും കൊല്ലാതിരിക്കാൻ ദൈവം അവന്റെ പുറത്ത് അടയാളം കൊടുത്തു. എന്ന് ഉൽപത്തി പുസ്തകം തന്നെ പറയുന്നു. (ഉൽപ്പത്തി 4: 13- മുതൽ വായിക്കുക.) ആദാമും ഹൗവ്വായും കായിനും മാത്രമല്ല അന്ന് ഉണ്ടായിരുന്നത് എന്ന കാണാം. ഉൽപത്തിയിൽ തന്നെ രണ്ടു സൃഷ്ടിയുടെ കഥ കാണാം. റ്റൈഗ്രീസ് - യൂഫ്രട്ടീസ് എന്നിവയുടെ മധ്യത്തിലുള്ള സ്ഥലം ഫലഭൂയിഷ്ടമായിരുന്നതിനാൽ ഈ പ്രദേശത്തെ ചുറ്റിപ്പറ്റി ആയിരിക്കാം ഏദൻ തോട്ടത്തിന്റെ കഥയുടെ ഉത്ഭവം. പഴയ നിയമത്തിലെ ആദിമ പുസ്തകങ്ങൾ പല ചിന്താഗതിക്കാർ എഴുതിയതാണ്. (Vol III. കാണുക) മോശയുടെ പക്ഷവും അഹറോന്റെ പക്ഷവും നിലനിന്നിരുന്നു. മൂത്തപുത്രനെ താഴ്ത്തിക്കെട്ടുന്ന രീതിയും കാണാം. പല ആശയങ്ങളുടെ സമാഹാരമാണ് പഴയ നിയമ പുസ്തകങ്ങൾ. അവയെല്ലാം സത്യമെന്നു കരുതി വേദശാസ്ത്രം ഉണ്ടാക്കിയപ്പോൾ അത് അബദ്ധമയമായി. യഹൂദൻ സത്യമെന്നു കരുതാത്ത പഴയ നിയമത്തെ എന്തിനു

ക്രിസ്ത്യാനി മാത്രം സത്യമെന്നു കരുതണം. കാരണം സ്ഥാപിതമതങ്ങളുടെ നിലനിൽപ്പ് ഇവയെ സത്യമെന്നു പ്രചരിപ്പിക്കുന്നതിൽ മാത്രമാണ്.

ഏദനിൽ ഹൗവ്വ തിന്ന പഴത്തിന് പല നിർവചനങ്ങൾ ഉപയോഗിക്കാം. പഴയ നിയമത്തിലെ ആദ്യപുസ്തകങ്ങൾ പുരുഷമേധാവിത്വത്തിൽ വിശ്വസിച്ചവരുടെ വിശ്വാസപ്രമാണമാണ്. മനുഷ്യന്റെ കഷ്ടപ്പാടിന്റെ മുഴുവൻ ഉത്തരവാദിത്വവും അവൻ സ്ത്രീയിൽ അടിച്ചേൽപ്പിച്ചു. പാമ്പ് പുരുഷലിംഗത്തിന്റെ പ്രതീകമാണ്. ആദം ഇല്ലാതിരുന്ന സമയം പരപുരുഷനുമായി രതിയിൽ ഏർപ്പെട്ടു എന്നതാണ് ആദ്യപാപം. അന്നുവരെ നഗ്നത അറിവില്ലാത്തവർക്ക് തങ്ങൾ നഗ്നർ എന്നു തോന്നി. മറ്റൊന്ന് എല്ലാം തികഞ്ഞ ഏദനിൽ എന്തിന് ആവശ്യമില്ലാത്ത ഫലം തിന്നണം. പുസ്തകങ്ങൾ തന്നെ ഏദനിലെ കഥയുടെ സാരാംശത്തെപ്പറ്റി എഴുതാം. എങ്കിൽ തന്നെയും ഇത് ചരിത്രമല്ല, കഥ മാത്രമാണ്. ഈ സത്യം പൊതുവെ എല്ലാ പണ്ഡിതന്മാരും അംഗീകരിക്കുന്നുണ്ട്.

ആദ്യപാപം എന്നത് സാങ്കല്പികം മാത്രമാകുന്നു. ഈ വസ്തുതയും എല്ലാ പണ്ഡിതന്മാരും അംഗീകരിക്കുന്നു. എന്നാൽ പുതിയ നിയമ എഴുത്തുകാരും അവരെ അനുകരിച്ച് ക്രിസ്തുമതവിഭാഗങ്ങളും ആവർത്തിച്ച് പ്രഖ്യാപിക്കുന്നത് യേശു കുരിശിൽ മരിച്ചത് ആദ്യപാപം പോക്കാനാണെന്നാണ്. ആദ്യപാപം എന്ന പാപം സാങ്കല്പികം മാത്രമാണ് എങ്കിൽ എന്തിന് യേശു മരിച്ചു? യേശു മരിച്ചത് മനുഷ്യവർഗ്ഗത്തിന്റെ പാപം പോക്കാൻ അല്ല എങ്കിൽ ക്രിസ്തുമതത്തിന്റെ നിലനിൽപ്പുപോലും ആവശ്യമില്ല എന്നു വരുന്നു, കാരണം കള്ളക്കഥയിൽനിന്നും ഉത്ഭവിച്ചതാണ് ഇന്നു കാണുന്ന ക്രൈസ്തവവിഭാഗങ്ങൾ.

തിരുവെഴുത്തുകൾ അതേപടി വിശ്വസിക്കുന്ന വിശ്വാസികൾ ഉൽപ്പത്തി 6:1–4 വായിക്കുക. പുതിയ നിയമത്തിലെ യേശു ദൈവത്തിന്റെ ഏകജാതനോ? ഉൽപ്പത്തി 1:26 –28 നോക്കുക – ഈ സൃഷ്ടിയിൽ ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. അപ്പോൾ ആദാമിനെ അല്ല ആദ്യമായി സൃഷ്ടിച്ചത്. അനേകം പേരെ സൃഷ്ടിച്ചിരിക്കുന്നു. ഉൽപ്പത്തി 2–ാം അദ്ധ്യായം 4–ാം വാക്യം മുതൽ പറയുന്നത് മറ്റൊരു സൃഷ്ടിയുടെ കഥയാണ്. ഇവയെല്ലാം തിരുവെഴുത്തുകൾ ആയതിനാൽ അവയെ സത്യമെന്ന് വിവേചന ബുദ്ധിയില്ലാതെ, വിശ്വസിച്ച് ജീവിക്കുമ്പോൾ വിഡ്ഢികളായി ജീവിക്കുന്നു, വിഡ്ഢികളായി മരിക്കുന്നു. ദൈവമഹത്വത്തിന്റെ ദീപം സ്ഥാപിതമതം എന്ന പറയിൻ കീഴിൽ മറച്ചുവെച്ചിരിക്കുന്നു. ആ പറയുടെ മുകളിൽ വിശ്വാസം മർക്കടമുഷ്ടിയോടെ ഇരുപ്പുറപ്പിക്കുന്നു.

അതിനാൽ തോമായും മറിയയും ആവർത്തിച്ച് പറയുന്നു: ചെവി ഉള്ളവൻ കേട്ട് ഗുരുവിന്റെ വചനത്തെ സത്യത്തിൽ സ്വയം മനസ്സിലാക്കുക.

തോമായുടെ സുവിശേഷം ബുദ്ധതത്വങ്ങളോട് വളരെ സാമ്യം പുലർത്തുന്നതിനാൽ ഒരു ബുദ്ധസന്യാസി എഴുതിയതാണ് അതെന്നു തോന്നും. വചനം 96 നോക്കുക. മോക്ഷമാർഗ്ഗം എന്നാൽ ഇതു തന്നെ. ജഡികമായ എല്ലാറ്റിൽനിന്നും പൂർണ്ണമായി വിടുതൽ പ്രഖ്യാപിച്ച് സ്വന്തമായി ഒന്നുമില്ലാത്ത അവസ്ഥ. ദുഃഖങ്ങളിൽനിന്ന് പൂർണ്ണവിമുക്തി.

അതീന്ദ്രിയജ്ഞാനവും തത്വചിന്തയും രണ്ടല്ല, ഒന്നുതന്നെ. സോക്രട്ടീസ്, പൈതഗോറസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ, അപ്പോലോനിയസ്, യേശു, ബുദ്ധൻ, ശങ്കരൻ, വിവേകാനന്ദൻ എന്നിങ്ങനെയുള്ള ആചാര്യന്മാർ ലോകത്തിന് മഹിമയുടെ ഉപദേശങ്ങളെ തന്നത് അതീന്ദ്രിയജ്ഞാനത്തിന്റെ ഫലമായിട്ടാണ്. ലോകത്തിലെ ശ്രേഷ്ഠമായ കണ്ടുപിടുത്തങ്ങൾ നടത്തിയ ശാസ്ത്രജ്ഞന്മാരെ നയിച്ചതും അതീന്ദ്രിയാനുഭൂതി തന്നെ.

അതീന്ദ്രിയജ്ഞാനം ലഭിക്കുമ്പോൾ ദൈവത്തെ മുഖാമുഖം കാണുന്ന അവസ്ഥ സംജാതമാകുന്നു. ജീവിതം നന്മകൾമാത്രം നിറഞ്ഞതായി മാറുന്നു. ദൈവം സ്നേഹമാണ് എന്നും സകലമനുഷ്യരും സഹോദരങ്ങളാണ് എന്നും മനസിലാകുന്നു. അപ്പോൾ മനുഷ്യനിലെ ഞാൻ ഭാവം ഇല്ലാതാകുന്നു. അപ്പോൾ ലോകനന്മയ്ക്കായി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ഇത്തരം വ്യക്തികളെ പല കാലഘട്ടങ്ങളിലും പല പ്രസ്ഥാനങ്ങളിലും പല ദേശങ്ങളിലും കാണാം. അവർ ഏതെങ്കിലും മതത്തിന്റെയോ രാജ്യത്തിന്റെയോ പ്രത്യേകത അല്ല. ഭാരതീയസംസ്ക്കാരത്തിൽ വളർന്നവർക്ക് ഇത് എളുപ്പം മനസ്സിലാക്കുവാനും സാധിക്കും.

പല പ്രാദേശിക ദൈവങ്ങളുടെയും സംയോജനം ആയിരുന്നു ഏലോഹിം എന്ന ദൈവം. ഏലോഹിം പരിണാമത്തിലൂടെ അബ്രഹാമിന്റെ ദൈവമായതായി യഹൂദമിസ്റ്റിസത്തിൽ കാണാം. നിരന്തരം മനുഷ്യനുമായി അബ്രഹാമിന്റെ ദൈവം ഇടപെട്ടിരുന്നു എന്നതിന് ധാരാളം ഉദാഹരണങ്ങൾ പഴയ യഹൂദപുസ്തകങ്ങളിൽ കാണാം. യഹൂദറബ്ബിമാർ ഇതേ അവകാശവാദം തുടർന്നു എങ്കിലും ക്രമേണ ജനപ്രീതി കുറഞ്ഞതിനാൽ രണ്ടാം നൂറ്റാണ്ടോടുകൂടി ഈ അവകാശവാദം ഉപേക്ഷിക്കുന്നതായി കാണാം.

മനുഷ്യന്റെ ഉള്ളിലെ ആത്മാവിനെ ദൈവവുമായി ബന്ധിപ്പിക്കുന്ന പരിശീലനം ആണ് ക്രിസ്ത്യൻ മിസ്റ്റിസിസം. ആത്മശുദ്ധിയിലൂടെ യേശുവിനെ പ്രാപിക്കുക. സൃഷ്ടിയിൽ ദൈവം മനുഷ്യന്റെ ഉള്ളിൽ നിക്ഷേപിച്ച ദൈവത്വവുമായി യോജിക്കുക. ഈ ചിന്താഗതിയിൽനിന്നും ഉയർന്നുവന്നതാണ് മനുഷ്യന് പരിശുദ്ധൻ ആകാനും സാധിക്കും എന്ന വിശ്വാസം. നൽവരം, രോഗശാന്തിക്കുള്ള കഴിവ്, അത്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള കഴിവ്, പ്രവചനശേഷി എന്നിങ്ങനെ ബഹുമുഖ കഴിവുകൾ ഉള്ളവർ എന്നു തോന്നുന്നവരെ മതനേതാക്കൾ പരിശുദ്ധരായി പ്രഖ്യാപിക്കുന്നു. ഈ പ്രവണത ഉത്ഭവിച്ചത് കത്തോലിക്കാസഭയിൽ ആണ്. ആയിരക്കണക്കിന് പരിശുദ്ധർ ഇന്ന് കത്തോലിക്കാ സഭ

യിൽ ഉണ്ട്. പരിശുദ്ധരുടെ നാമത്തിൽ കത്തോലിക്കാസഭ വാരിക്കൂട്ടുന്ന പണം കണ്ട് മറ്റ് സഭകളും ഈ പ്രവണത അനുകരിക്കാൻ തുടങ്ങി.

മരണശേഷമുള്ള ഉദ്ധാരണത്തിലൂടെ ആത്മാവ് ദൈവവുമായി യോജിക്കുന്നു എന്നതാണ് കാത്തോലിക്കാസഭയുടെയും ഓർത്തഡോക്സ് സഭകളുടെയും വിശ്വാസം. എന്നാൽ ജീവിച്ചിരിക്കുമ്പോൾ തന്നെ നിരന്തരമായ പ്രാർത്ഥന, ഉപവാസം, ബ്രഹ്മചര്യം, ആത്മശുദ്ധീകരണം എന്നിവയിലൂടെ ദൈവവുമായി ഒത്തുചേരാൻ സാധിച്ചവരെ പരിശുദ്ധർ എന്ന് പ്രഖ്യാപിക്കുന്നു. ദൈവം ഒരുവൻ മാത്രം പരിശുദ്ധൻ എന്നു പഠിപ്പിക്കുന്ന മതങ്ങൾ തന്നെ മനുഷ്യരെ പരിശുദ്ധരായി പ്രഖ്യാപിക്കുന്നു. ക്രിസ്തു രണ്ടാമത്തെ വരവിൽ നടത്തേണ്ട ന്യായവിധി മതനേതാക്കൾ നടത്തുന്നു. വിശ്വാസവിപരീതം എങ്കിലും വാരിക്കൂട്ടുന്ന പണത്തിന്റെ പ്രേരണയാൽ വിശ്വാസലംഘനവും തുടരുന്നു.

നവീകരണസഭകളിൽ പരിശുദ്ധർ ഇല്ല. എന്നാൽ രോഗശാന്തിവരം, മറുഭാഷ, ഭൂതങ്ങളെ പുറത്താക്കൽ എന്നിങ്ങനെ ചെപ്പടി വിദ്യകൾ കാട്ടി മനുഷ്യരെ ആകർഷിക്കുന്ന സ്വയംപരിശുദ്ധർ നിലവിലുണ്ട്. എന്നാൽ ഇവ ഒന്നുംതന്നെ ആന്തരിക ഉദ്ധാരണത്തിൽനിന്നും ഉളവായ അതീന്ദ്രിയജ്ഞാനത്തിൽനിന്നും ലഭിച്ചവയല്ല. കുറെ വിദ്യകളുടെയും പ്രസ്ഥാനങ്ങളുടെയും ഭൗതിക ആവശ്യങ്ങളെ നേടിയെടുക്കുവാനുള്ള മാർഗ്ഗം മാത്രം. എല്ലാവരേയും കുറെക്കാലത്തേക്കും കുറെപ്പേരെ എല്ലാക്കാലത്തേക്കും കബളിപ്പിക്കുവാൻ വിഡ്ഢിക്കുപോലും സാധിക്കും.

മനുഷ്യാത്മാവിന് ദൈവവുമായി ഒത്തുചേരാൻ സാധിക്കും, പക്ഷെ മനുഷ്യജീവിതം കർമ്മത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. കർമ്മത്തിന്റെ ബന്ധനങ്ങളിൽനിന്ന് മനുഷ്യന്റെ ആത്മാവ് മുക്തിനേടുമ്പോൾ ദൈവസംയോജനം സാധിക്കുന്നു. ഇതാണ് ജൈനമിസ്റ്റിസിസം

ഇസ്ലാം ആത്മാവിന്റെ നിലനിൽപ്പിനെ അംഗീകരിക്കുന്നു. അള്ളാഹുവിന്റെ മഹത്വത്തെ ആത്മാവ് അംഗീകരിക്കുകയും മനസ്സിലാക്കുകയും ചെയ്യുമ്പോൾ അള്ളാഹുവുമായി ഒത്തുചേരാൻ സാധിക്കും. പ്രവാചകരും മാലാഖമാരും ഈ പ്രക്രിയയെ സഹായിക്കുന്നു. ഇതാണ് ഇസ്ലാം മിസ്റ്റിസിസം.

ഹിന്ദുയിസം, ബുദ്ധിസം, ചൈനയിലെ താവോയിസം എന്നിവ വളരെ ആഴത്തിലും പരപ്പിലും മിസ്റ്റിസിസത്തെ കണക്കാക്കുന്നു. പല രീതിയിലുമുള്ള സമ്പ്രദായങ്ങൾ ഇവയിൽ നിലനിൽക്കുന്നു. മനുഷ്യന്റെ ഞാൻ എന്ന ഭാവം ഇല്ലാതെ ആകുന്നു. ലോകത്തിലെ വസ്തുക്കൾ ആശയങ്ങൾ ഇവയോടുള്ള സ്നേഹവും ബന്ധവും ദുഃഖത്തിലേക്ക് നയിക്കുന്നു. ഇവയുടെ ബന്ധനത്തിൽ നിന്നുള്ള വിമുക്തി നിത്യമായ ആനന്ദത്തിലേക്ക് നയിക്കുന്നു. മിസ്റ്റിക് ബുദ്ധിസം ദൈവത്തെ പരാമർശിക്കുന്നില്ല. ആത്മാവിനു ലഭിക്കുന്ന പ്രകാശം അനേകം ബുദ്ധമണ്ഡലങ്ങളിലൂടെ കടന്ന് നിർവ്വാണം പ്രാപിക്കുന്നു. അതാണ് നിത്യത. പലവിധ വൈരുദ്ധ്യങ്ങളിൽ ജീവിക്കുന്ന മനുഷ്യൻ ക്രമേണ തിന്മയെ കീഴടക്കി നന്മയെ പ്രാപിക്കാനുള്ള വഴി ഒരുക്കലാണ് താവോയിസം പഠിപ്പിക്കുന്നത്.

എല്ലാ മിസ്റ്റിക് ചിന്താഗതികളും നയിക്കുന്നത് ആന്തരിക സമാധാനം, ആത്മനിർവൃതി, ആനന്ദം, കരുണ, സ്നേഹം, നന്മ എന്നിവയിലേക്കാണ്. ഇവ തനിയെ നിലനിൽക്കുന്നവ അല്ല. എല്ലാത്തിന്റെയും മാനദണ്ഡം മനുഷ്യനാണ്. അതിനാൽ വ്യക്തിയിൽ നിറയുന്ന നന്മ സമൂഹത്തിലേക്കും ക്രമേണ ലോകം മുഴുവനും നിറയുന്നു. തോമായുടെ സുവിശേഷത്തിലെ ദൈവരാജ്യം ഇതു തന്നെ. സ്വർഗ്ഗരാജ്യം നമ്മുടെ ഉള്ളിലും ചുറ്റുപാടുകളിലും നിലനിൽക്കുന്നു. ആ സത്യം മനസ്സിലാക്കി ഉള്ളിലെ സ്വർഗ്ഗരാജ്യം വളരുമ്പോൾ അത് പടർന്ന് ലോകം മുഴുവൻ നിറയുന്നു.

മിസ്റ്റിക് ചിന്തയും പ്രസ്ഥാനവും എല്ലാംതന്നെ ഈശ്വരസാക്ഷാത്ക്കാരവും ലോകനന്മയും ഉദ്ദേശിക്കുന്നു. എന്നാൽ ഇവ എല്ലാം തന്നെ അവ ഉത്ഭവിച്ച സംസ്ക്കാരം വിശ്വാസം, കാലഘട്ടം, ഭൂപ്രദേശം, ലക്ഷ്യം എന്നിങ്ങനെയുള്ള അനേകം ചങ്ങലകളാൽ ബന്ധിതമാണ്. അതുകൊണ്ടാണ് മഹനീയമായ അനേകം ആശയങ്ങൾ പല കാലഘട്ടങ്ങളിൽ ഉയർന്നുവന്നെങ്കിലും ലോകനന്മ ഇന്നും സാക്ഷാത്ക്കരിക്കാത്ത സ്വപ്നമായി അവശേഷിക്കുന്നത്. ലോകനന്മ പ്രായോഗികം അല്ലാത്തത് ആശയങ്ങളുടെ കുറവ് കൊണ്ടല്ല. മനുഷ്യന്റെ മനോഭാവം പലപ്പോഴും പ്രാകൃതമനുഷ്യന്റെ മനോഭാവം മാത്രമാണ്. എത്ര മഹനീയമായ സംഘടനയിലെ അംഗമായാലും എത്ര പരിഷ്ക്കാരിയായി പെരുമാറിയാലും മനുഷ്യനിലെ പ്രാകൃതത്വം ഇടയ്ക്കിടെ തലപൊക്കുന്നു. ഈ പ്രാകൃതമനോഭാവം മതഭ്രാന്തായി മാറി ലോകം യുദ്ധക്കളമായി മാറുന്നു. നന്മകൾ നിറഞ്ഞ് ലോകനന്മ കൈവരിക്കേണ്ട മിസ്റ്റിസിസം പലപ്പോഴും മതഭ്രാന്തിൽ അവസാനിക്കുന്നതും ചരിത്രത്തിൽ കാണാം.

മനുഷ്യമനസ്സ് അനേകം ഉയർന്ന വാതിലുകൾ ഉള്ള ദേവാലയം ആയി മാറണം. അപ്പോൾ മഹത്വത്തിന്റെ മോചനത്തിന്റെ ആശയങ്ങൾ അതിൽ പ്രവേശിക്കും. അപ്പോൾ എല്ലാ മതത്തിലും ജനതയിലും ഉള്ള പ്രാഥമിക നന്മ മനസ്സിലാക്കാൻ സാധിക്കും. തന്റെ വിശ്വാസത്തോട് യോജിക്കാത്തവ നീചമാണെന്നും ദൈവദൂഷണം ആണെന്നുമുള്ള ചിന്ത നമ്മിൽനിന്നു മാറിപ്പോകും. തന്റെ വിശ്വാസത്തേക്കാൾ ഉപരിയായ വിശ്വാസം ഇല്ല, എല്ലാ മനുഷ്യരെയും തന്റെ വിശ്വാസത്തിലേക്ക് കൊണ്ടു വരണം, തന്നോട് യോജിക്കാത്തവൻ തന്റെ ശത്രു, അതിനാൽ അവൻ നശിക്കണം എന്നിങ്ങനെയുള്ള മനോഭാവം നമ്മിൽ നിന്നും മാറും. സ്വതവേ ക്രൂരനും കാട്ടാളനും സ്വാർത്ഥനും നീചനുമായ മനുഷ്യൻ എത്ര വിശിഷ്ടമായ പ്രസ്ഥാനത്തിൽ അംഗം ആയിരുന്നാലും അവനിലെ യഥാർത്ഥ മനുഷ്യൻ ഇടയ്ക്കിടെ തല പൊക്കുന്നു. അവൻ അവന്റെ പരിമിതവും സ്വാർത്ഥവുമായ അറിവിൽ നന്മയെ നിർവചിക്കുന്നു. ഇത്തരക്കാർ ആണ് കുരിശുയുദ്ധങ്ങളുടെയും പരിശുദ്ധയുദ്ധങ്ങളുടെയും പേരിൽ കൂട്ടക്കൊല നടത്തുന്നത്. അവർ സ്വന്തം ജീവിതവും മറ്റുള്ളവരുടെ ജീവിതവും നരകമാക്കുന്നു.

ആനയെ കാണാൻ പോയ കുരുടന്മാരുടെ കഥ ഇവിടെ പ്രസക്തമാണ്. ഒരു കുരുടൻ ആനയുടെ വാല് മുഴുവൻ തപ്പി അറിഞ്ഞ് ആന വലിയൊരു ചൂല് എന്ന തീരുമാനത്തിൽ എത്തുന്നു. മറ്റൊരു കുരുടൻ ആനയുടെ കാലിൽ തപ്പി ആന തൂണുപോലെ എന്നു തീരുമാനിക്കുന്നു. മറ്റൊരു കുരുടൻ തുമ്പിക്കൈ തപ്പി ആന കുഴലുപോലെ എന്നു നിഗമനത്തിലെത്തുന്നു. മറ്റൊരുവൻ ആനയുടെ ചെവി തപ്പി ആന മുറം പോലെ എന്ന നിഗമനത്തിൽ എത്തുന്നു. എല്ലാവരുടെയും അറിവ് നേരിട്ടുള്ള അറിവ് തന്നെ. പക്ഷെ യാഥാർത്ഥ്യവുമായി അവരുടെ അറിവിന് എത്രയോ അന്തരം. നമ്മുടെ അറിവും ഇതുപോലെ അപൂർണ്ണമോ അസത്യമോ ആണ്. അതിനാൽ അറിവ് കൊണ്ട് മാത്രം ലോകനന്മ കൈവരിക്കുവാൻ സാധിക്കുകയില്ല. ലോകനന്മയ്ക്ക് വേണ്ടത് മാതൃസ്നേഹം പോലെ പ്രതിഫലം ഇച്ഛിക്കാത്ത സ്നേഹമാണ്.

ഇനി, ആനയെ തപ്പിയവരിൽ നാല് പേരും തപ്പിയത് ആനയുടെ കാലിൽ എന്ന് വിചാരിക്കുക. ഭൂരിപക്ഷവും ആന തൂണുപോലെയാണ് എന്ന് കണ്ടെത്തുന്നു. ജനാധിപത്യത്തിന്റെ രീതിയിൽ ഭൂരിപക്ഷതീരുമാനങ്ങളും ചിലപ്പോൾ വിഡ്ഢിത്തമായി മാറുന്നതും ഇതു പോലെയാണ്. അന്ധർക്ക് ആനയെ പൂർണ്ണമായി മനസ്സിലാക്കാൻ സാധിക്കാത്തതു പോലെ അറിവ് എപ്പോഴും പൂർണ്ണമല്ല. അറിവിന്റെ വിടവ് നികത്താൻ സ്വാർത്ഥത ഇല്ലാത്ത മനസ്സാക്ഷിക്ക് മാത്രമേ സാധിക്കുകയുള്ളു.

കാവി വസ്ത്രം ധരിച്ചവരും സന്യാസമഠങ്ങളിൽ താമസിക്കുന്നവരും എല്ലാം പരിശുദ്ധരാണെന്നു ധരിക്കുന്നത് വിഡ്ഢിത്തമാണ്. ദൈനംദിന ജീവിതത്തിലെ കഷ്ടപ്പാടുകളും കുടുംബഭാരവും പേറി, അഹോവൃത്തിക്കുവേണ്ടി അദ്ധ്വാനിച്ച് ജീവിക്കുന്ന സാധാരണ മനുഷ്യർ ആണ് യഥാർത്ഥജീവിതം അനുഭവിക്കുന്നവർ. അവരാണ് യഥാർത്ഥ പരിശുദ്ധർ. സന്യാസത്തിന്റെ പേരും പറഞ്ഞ് സ്വന്തം ആഹാരത്തിന് വേണ്ടിപ്പോലും അദ്ധ്വാനിക്കാതെ സുഖജീവിതം നയിക്കുന്ന ആർക്കും പരിശുദ്ധരായി ചമയുവാൻ പ്രയാസമില്ല.

## GNOSTICISM

### (GNOSIS - (Greek) അറിയുക)

ഈ ചിന്താഗതിക്കാരെ ജ്ഞാനവാദികൾ എന്നു വിശേഷിപ്പിക്കാം. രഹസ്യമായ അറിവിലൂടെ ദൈവത്തെ അറിയുക എന്നതാണ് ഇവരുടെ തത്വം. ദിവ്യജ്ഞാനം ജഢം ധരിച്ച് മനുഷ്യനെ ഈ രഹസ്യം അറിയിക്കാൻ ഉളവായ അവസ്ഥയാണ് യേശു. വചനം ജഢമായി എന്ന് യോഹന്നാൻ പറയുന്നതും ജ്ഞാനവാദമാണ്. ആദിമനൂറ്റാണ്ടുകളിലെ ജ്ഞാനവാദികൾ രണ്ടു വിഭാഗമായി തിരിയുന്നു. ഒന്ന് ക്രിസ്തീയ വിശ്വാസത്തെ ചുറ്റിപ്പറ്റിയുള്ളതും രണ്ടാമത്തേത് അക്രൈസ്തവമായതും. അതിനാൽ രണ്ടാമത്തെ കൂട്ടരെ ദൈവദൂഷകർ എന്നും വിളിച്ചിരുന്നു.

ജ്ഞാനവാദികളുടെ തത്വപ്രകാരം ഭൗതികലോകം സൃഷ്ടിച്ചത് ദുരാത്മാവാണ്. ഈ ഭൗതികലോകത്തിൽ ദൈവീകമായ ആത്മാവ് തടവിൽ കഴിയുന്നു. ഈ ആത്മാവിനെ തടവിൽനിന്ന് രക്ഷിക്കാൻ ജ്ഞാനത്തിന് മാത്രമേ സാധിക്കുകയുള്ളു. ജ്ഞാനവാദികളുടെ അടിസ്ഥാനതത്വവുമായി സാമ്യമുള്ള അനേകം ചിന്താഗതികൾ വളരെ കാലങ്ങൾക്കുമുമ്പ് തന്നെ ഏഷ്യ, ഇറാൻ, ഈജിപ്റ്റ് എന്നിവിടങ്ങളിൽ നിലനിന്നിരുന്നു. സെറാസ്ട്രിയൻ മതം ഇതിന്റെ മറ്റൊരു വകഭേദമാണ്.

ലോകത്തിൽ പരസ്പരവൈരുദ്ധ്യം നിലനിൽക്കുന്നു. പ്രകാശത്തിന്റെ വിപരീതം അന്ധകാരം, കോലാഹലത്തിന്റെ വിപരീതം ശാന്തത, തിന്മയുടെ വിപരീതം നന്മ, ദൈവത്തിന്റെ വിപരീതം സാത്താൻ. സാത്താൻ എന്ന വാക്കുതന്നെ വൈരുദ്ധ്യം ഉണ്ടാക്കുന്നത് എന്നതിൽനിന്ന് ഉത്ഭവിച്ചതാണ്. വിഡ്ഢിത്തത്തിന്റെ വൈരുദ്ധ്യമാണ് ജ്ഞാനം. ജ്ഞാനിയായ ദൈവത്തെ അറിയുന്ന പ്രക്രിയ – അതാണ് ജ്ഞാനവാദം അഥവാ GNOSTICISM.

ജ്ഞാനവാദികളിലെ ദൈവവിശ്വാസികൾ ദൈവത്തെ ഏകത്വം, എല്ലാറ്റിലും ഉപരിയായ പൂർണ്ണത, ആദിക്കുമുമ്പുള്ളവൻ എന്നൊക്കെ കണക്കാക്കുന്നു. പൈതഗോറസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നീ ഗ്രീക്കു തത്വചിന്തകരുടെ പഠിപ്പിക്കലുകളിലും ഇതേ ആശയം കാണാം. യോഹന്നാന്റെ രഹസ്യപുസ്തകത്തിൽ ഓർത്തഡോക്സ് സഭകളുടെ ദൈവത്തിന്റെ നിർവചനം കാണാം. ആകാശവും ഭൂമിയും സൃഷ്ടിച്ചവൻ, എല്ലാ ലോകത്തിലും നിറയുന്നവൻ, എല്ലാം അറിയുന്നവൻ, സർവ്വശക്തൻ, സൽഗുണസമ്പന്നൻ എന്നിങ്ങനെയൊക്കെയാണ് ദൈവത്തെ വിശേഷിപ്പിച്ചിരിക്കുന്നത്.

'അവനിൽ അല്ലോ ദൈവത്തിന്റെ സകല സമ്പൂർണ്ണതയും ദൈവരൂപത്തിൽ വസിക്കുന്നത്' (കൊല:2:9). ഇവിടെ എഴുത്തുകാരൻ ഉദ്ദേശിക്കുന്നത് സർവ്വശക്തനായ ദൈവമാണ് യേശു എന്നാണ്, കൊലസ്യർക്കുള്ള ലേഖനം പൗലോസ് എഴുതിയതാണോ എന്ന സംശയം നിലനിൽക്കുന്നു. കോലസ്യർക്കെഴുതിയ ലേഖനവും എഫേസ്യർക്ക് എഴുതിയ ലേഖനവും ശൈലിയിൽ ഏറെ സാമ്യം പുലർത്തുന്നുണ്ടെങ്കിലും ഇവ പൗലോസിന്റെ കൃതികൾ അല്ല എന്നും അനുമാനിക്കപ്പെടുന്നു. പൗലോസ് തന്റെ വിജ്ഞാനത്തിനു മുഴുവൻ ആധാരമായി അവകാശപ്പെടുന്നത് ആന്തരിക വെളിപാടിലൂടെ ലഭിച്ച സത്യത്തെയാണ്. ജ്ഞാനവാദികളെക്കാൾ ഉയർന്നപടിയിൽ പൗലോസ് നിൽക്കുന്നു എന്ന് പൗലോസ് തന്നെ സാക്ഷിക്കുന്നു. എങ്കിലും ജ്ഞാനവാദത്തിന്റെ രീതി പൗലോസിന്റെ ലേഖനങ്ങളിൽ നിറഞ്ഞു നിൽക്കുന്നു.

വൈരുദ്ധ്യത്തിന്റെ മൂർത്തീകരണമായി സാത്താൻ യേശുവിനെ വിരുദ്ധാശയങ്ങളിലൂടെ പരീക്ഷിക്കുന്നു. അജ്ഞതയുടെ സാത്താനും ജ്ഞാനത്തിന്റെ യേശുവും തമ്മിലുള്ള (Dualism) ദ്വന്ദയുദ്ധം. സ്വന്തം ജ്ഞാനത്തിലൂടെ യേശു സാത്താനെ കീഴടക്കുന്നു. ഇതാണ് ക്രിസ്ത്യൻ നോസ്റ്റിസിസം. ബുദ്ധനെ പരീക്ഷിക്കുന്ന കാമനും ഇതേ രീതിതന്നെ ഉപയോഗിക്കുന്നു. യേശുവിന്റെ പരീക്ഷ നോസ്റ്റിക് എഴുത്തുകാർ ബുദ്ധചിന്തയിൽനിന്നും കടം എടുത്തതാണ്.

സാത്താൻ എന്നത് അവസ്ഥ മാത്രമാണ്. മൂർത്തീഭാവമുള്ളതല്ല. മനുഷ്യന്റെ ചിന്തകളിലും പ്രവൃത്തികളിലും മാത്രമെ സാത്താൻ നിലനിൽക്കുന്നുള്ളു. യേശുവിനെ സാത്താൻ പരീക്ഷിക്കുന്നത് ചരിത്രമായി കണക്കാക്കിയാൽ ശരിയായ അർത്ഥം നഷ്ടപ്പെടുന്നു. ദീർഘമായ ഉപവാസത്തിനുശേഷം യേശു കടന്നുപോയ മാനസികാവസ്ഥയാണ് യേശുവിന്റെ പരീക്ഷ.

ദൈവജ്ഞാനത്തിന്റെ മൂർത്തീകരണമായ യേശു ദൈവജ്ഞാനത്തിലൂടെ വൈരുദ്ധ്യത്തെ കീഴടക്കുന്നു. ഈജിപ്ഷ്യൻ/പേർഷ്യൻ മിസ്റ്റിസിസമാണിത്. ഇതിന്റെ തുടർച്ചയാണ് തോമസിന്റെയും വാലന്റെയിൻസിന്റെയും തത്വങ്ങൾ. CE 1–4 നൂറ്റാണ്ടുകളിൽ ഈ തത്വങ്ങൾ ഏറെ പ്രചാരവും പ്രശസ്തിയും നേടിയിരുന്നു.

## ESSENES - എസ്സനീസ്

യഹൂദരിലെ പ്രമുഖ വിഭാഗമായ ഹസ്സിഡിയത്തിൽ നിന്ന് ബി.സി.രണ്ടാം നൂറ്റാണ്ടോടുകൂടി ഉടലെടുത്തതാണിത്. പരീശന്മാരുടെ വിഭാഗവും ഇതേ കാലയളവിൽ രൂപം കൊണ്ടതാണ്. സാദൂക്യരും പരീശരും എസ്സനികളെ വെറുത്തിരുന്നു. സാദൂക്യരെയും പരീശരേയും എസ്സനികളും വെറുത്തിരുന്നു.അതുകൊണ്ടാണ് ഏസ്സനികളെക്കുറിച്ച് യഹൂദതിരുവെഴുത്തുകളിൽ ഒന്നും തന്നെ കാണാത്തത്. മക്കാബികളുടെ ഒന്നാം പുസ്തകത്തിൽ 2: 4– ലും 7:13– ലും എസ്സനികൾ മക്കാബികളുടെ കൂടെ പോരാടി എന്നു കാണാം. മക്കാബികളും സിറിയാക്കാരും തമ്മിലുള്ള പോരാട്ടത്തിൽ യുദ്ധനിപുണരായിരുന്ന എസ്സനികൾ മക്കാബികളെ സഹായിച്ചു.

ചാവുകടലിന്റെ വടക്കു പടിഞ്ഞാറൻ പ്രദേശങ്ങളിലാണ് എസ്സനികൾ പാർത്തിരുന്നത്. ചാവുകടൽ പ്രദേശത്തുനിന്നും കണ്ടെടുത്ത ചുരുളുകൾ ഇവരുടെ കൃതികൾ ആണെന്നു കരുതാം. ജീവിതശുദ്ധി എന്ന ഗ്രീക്കുവാക്കിൽനിന്നും ഉത്ഭവിച്ചതാകാം എസ്സനികൾ എന്ന പദം. യേശുവിന്റെ അനുയായികളെന്ന് എസ്സനികളെ പിന്നീട് തെറ്റിദ്ധരിക്കുന്നതും കാണാം. ദൈവവുമായി ഒന്നു ചേർന്ന അവസ്ഥയിൽ ജീവിക്കുന്നു എന്ന വിശ്വാസത്തിൽ എസ്സനികൾ മറ്റ് യഹൂദരിൽനിന്ന് വേറിട്ട് കൂട്ടമായി താമസിച്ചിരുന്നു.

മറ്റ് യഹൂദരെ പ്രത്യേകിച്ച് യഹൂദ പുരോഹിതരെ, എസ്സനികൾ പുച്ഛത്തോടെയാണ് വീക്ഷിച്ചിരുന്നത്. റോമൻ ഭരണകാലത്ത് ദേവാലയത്തിൽ ഭരണം നടത്തിയിരുന്ന പുരോഹിതരെ എസ്സനികൾ വെറുക്കുകയും റോമൻ ഭരണത്തോട് പൊരുതാൻ വിപ്ലവസംഘത്തിന് രൂപം കൊടുക്കുകയും ചെയ്തു. ഇവർ ഇസ്കരിയേത്തുകൾ എന്നറിയപ്പെടുന്നു. റോമൻ ഭരണകാലത്ത് ആയുധം ധരിക്കാൻ യൂദന് അനുവാദം ഇല്ലായിരുന്നു. പുറം കുപ്പായത്തിനുള്ളിൽ നീളം കുറഞ്ഞ വാളുകൾ മറച്ചുവച്ച് ആൾകൂട്ടത്തിൽ കയറി കൊലപാതകം നടത്തിപ്പോന്നിരുന്നു അവർ. CE –73 ൽ മസാദ കോട്ടയിൽ കൂട്ടമരണം നടന്നതോടുകൂടി സിലോട്ടുകൾ (ഇസ്കരിയോത്തുകൾ) എന്നേക്കുമായി നശിക്കുകയും ചെയ്തു.

മറ്റ് യഹുദവിഭാഗങ്ങളെക്കാൾ ശ്രേഷ്ഠത ഏസ്സനികൾ അവകാശപ്പെട്ടിരുന്നു. മറ്റു യഹൂദരെ ദൈവവുമായുള്ള ഉടമ്പടി ലംഘിച്ചവർ എന്നാണ് ഏസ്സനികൾ കരുതിയിരുന്നത്. നീതിയുടെ നാഥന്റെ ന്യായവിധിയിൽ, രണ്ടാമത്തെ വരവിൽ, ഉടമ്പടി ലംഘിച്ച യൂദർ അന്തിക്രിസ്തുവിന്റെ കൂടെ നിൽക്കുന്നവർ ആയിരിക്കും എന്ന് എസ്സനികൾ പഠിപ്പിച്ചു. ഒരു സമൂഹമായി താമസിച്ചുവെങ്കിലും ഇവരിൽ തന്നെ പൂർണ്ണ ബ്രഹ്മചാരികളും കൂട്ടുകുടുംബമായി താമസിക്കുന്നവരും ഉണ്ടായിരുന്നു. ആദിമ ക്രിസ്തീയസഭയിലും എസ്സനികളുടെ ജീവിതരീതിയുടെ തുടർച്ച കാണാം. ക്രിസ്തീയസഭയിലെ പല സന്യാസിസമൂഹങ്ങളും എസ്സനികളോട് കടപ്പെട്ടിരിക്കുന്നു.

കൂട്ടുകുടുംബത്തിലെ വ്യക്തികൾ സ്വന്തമായി സ്വത്ത് ഇല്ലാത്തവരായിരുന്നു. എല്ലാ സ്വത്തുക്കളും കൂട്ടുകുടുംബത്തിന്റെ വകയായിരുന്നു. എല്ലാവരുംകൂടി നേതാവിനെ തെരഞ്ഞെടുക്കുകയും നേതാവിന്റെ നിർദ്ദേശത്തെ അംഗീകരിക്കുകയും ചെയ്തിരുന്നു. മൃഗബലി, ആണയിടുക എന്നിവ വിലക്കപ്പെട്ടിരുന്നു. തിരുവെഴുത്തുകളുടെ പഠനവും സമൂഹ ആരാധനയും ദിവസേന നടത്തിയിരുന്നു. വിവാഹം വിലക്കപ്പെട്ടിരുന്നില്ല. എങ്കിലും പറയത്തക്കരീതിയിൽ പ്രോത്സാഹിപ്പിച്ചിരുന്നില്ല. കൂട്ടമായി ഭക്ഷണം തയ്യാറാക്കി കഴിക്കുകയും സാമൂഹ്യകൂട്ടായ്മ എല്ലാ പ്രവൃത്തികളിലും വ്യാപരിപ്പിക്കുകയും ചെയ്തിരുന്നു അവർ. യഹോവ ഭക്തി, മനുഷ്യവർഗ്ഗത്തോടുള്ള നീതി, പരിശുദ്ധജീവിതം, കുറ്റകരവും അധാർമ്മികവുമായ പ്രവർത്തി ഒഴിവാക്കൽ എന്നിവയിൽ പ്രതിജ്ഞ എടുത്തിരുന്നു അവർ. ആത്മാവിന്റെ നിത്യതയിലും വെള്ളത്താൽ ഉള്ള ശുദ്ധീകരണത്തിലും എസ്സനികൾ വിശ്വസിച്ചിരുന്നു. എസ്സനികളിൽ നിന്ന് പല വിഭാഗങ്ങളും പിന്നീട് രൂപമെടുത്തു.

4–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന എപ്പിപ്പാന്നസ് എസ്സനികളെ ഇപ്രകാരം വിവരിക്കുന്നു. ഇവർ യഹൂദദേശക്കാർ എങ്കിലും മോശയെ അംഗീകരിച്ചിരുന്നില്ല. മാംസം ഭക്ഷിക്കുന്നതും ബലി അർപ്പിക്കുന്നതും നിയമലംഘനം ആയിരുന്നു. (മാംസം ഭക്ഷിക്കാൻ ആഗ്രഹിച്ച പുരോഹിതന്റെ സൃഷ്ടിയാണ് മാംസബലി. മോശയുടെ പേരിൽ അറിയപ്പെടുന്ന പുസ്തകങ്ങൾ മോശ എഴുതിയതല്ല. കൃത്രിമ കഥകൾ മാത്രമാണ്. ആദിമപിതാക്കന്മാരുടെ ജീവിതകഥകളും സത്യമല്ല, കെട്ടുകഥകൾ മാത്രമാണ്.)

എസ്സനികളിൽനിന്ന് രൂപം കൊണ്ട നസ്രായ ജീവിതരീതി പാലിച്ചിരുന്നതിനാലാണ് നസ്രായൻ എന്ന പേര് യേശുവിന് ലഭിച്ചത്. ലളിതവസ്ത്രധാരണവും കത്രിക്കാത്ത മുടിയും താടിയും ഇവരുടെ പ്രത്യേകതകളാണ്. സ്നാപകൻ ഇത്തരത്തിലുള്ള നസ്രായൻ ആയിരുന്നു. എസ്സനികളുടെ തത്വചിന്ത യേശുവിന്റെയും യോഹന്നാന്റെയും വചനങ്ങളിൽ കാണാം. യഹൂദനിയമങ്ങളേയും ആചാരങ്ങളേയും യേശു നിഷേധിക്കുകയും അപഹസിക്കുകയും ചെയ്യുന്നു. യേശുവും യോഹന്നാനും ഏസ്സനികളെപ്പോലെ നിത്യബ്രഹ്മചാരികളും കുടുംബജീവിതത്തിൽനിന്ന് അകന്നവരും ആയിരുന്നു.

കുടുംബജീവിതം ദൈവരാജ്യത്തിന് തടസ്സമാണെന്ന് യേശു പലതവണ പ്രഖ്യാപിക്കുന്നു. സുവിശേഷങ്ങളിൽ പറയും പ്രകാരം നോക്കിയാൽ യേശു ഒരിക്കൽ പോലും മാംസം ഭക്ഷിക്കുന്നില്ല. അന്ത്യ അത്താഴത്തിലും മാംസം ഭക്ഷിക്കുന്നില്ല. യഹൂദ പെസഹായുടെ പ്രധാന വിഭവം ആടിന്റെ മാംസമാണ്. യേശു യഹൂദ പെസഹ ഭക്ഷിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്.

എസ്സനികളിൽനിന്ന് രൂപം പ്രാപിച്ചു എന്ന് അനുമാനിക്കാവുന്ന തെറാപുട്ടേകളുടെ രീതികളും ആദിമ ക്രിസ്തീയസഭയുടെ ആചാരങ്ങളും തമ്മിൽ ഏറെ ബന്ധമുണ്ട്. പുറജാതികൾ അവരുടെ പുരാണങ്ങളുമായി ക്രിസ്തുമതത്തിൽ നുഴഞ്ഞു കയറിയതോടുകൂടി ക്രിസ്തുമതം പുതിയൊരു പ്രസ്ഥാനമായി മാറി. നിഖ്യ സുന്നഹദോസ് ഈ രൂപാന്തരത്തെ പൂർണ്ണമാക്കുകയും ചെയ്തു. എന്നാൽ സിറിയൻ പ്രദേശങ്ങളിൽ കുറെക്കാലംകൂടി ആദിമ ക്രിസ്ത്യൻസഭയുടെ രീതികൾ നിലനിന്നു. സിറിയയിൽനിന്നും ക്രിസ്ത്യാനികൾ കേരളത്തിലേക്ക് കുടിയേറിയതോടെ ആദിമസഭയുടെ രൂപത്തിലുള്ള ക്രിസ്തുമതം കേരളത്തിൽ വ്യത്യസ്തമായി നിലവിൽ വന്നു. യൂറോപ്യൻ സാമ്രാജ്യത്വശക്തികൾ കേരളത്തിലെ സഭയെ പരിവർത്തനം ചെയ്യുന്നതുവരെ കേരളത്തിലെ ക്രിസ്തുമതത്തിന് വ്യത്യസ്തമായി നിലനിൽക്കാനും സാധിച്ചു.

തോമായുടെ സുവിശേഷം മുൻവിധി കൂടാതെ വായിച്ചാൽ നൂതനമായ ചിന്തകൾ ഉളവാകുന്നു. കാനോനിക സുവിശേഷങ്ങൾ യേശുവിന്റെ ചരിത്രമല്ല. യേശുക്രിസ്തുവിന്റെ ഇതിഹാസമാണ് എന്ന് മനസ്സിലാകും. യഥാർത്ഥ യേശു ആരായിരുന്നു എന്ന് മനസ്സിലാക്കുവാൻ കാനോനികസുവിശേഷങ്ങൾ സഹായിക്കുന്നില്ല. അതിനാലാണ് മേരിയുടെയും തോമായുടെയും സുവിശേഷവും യേശു ജീവിച്ച കാലഘട്ടവും ക്രിസ്തുമതത്തിന് ഉത്ഭവം കൊടുത്ത ഘടകങ്ങളും മനസ്സിലാക്കുന്നതിനായി കുറെ വസ്തുതകൾ കൂടി ചേർക്കുന്നത്.

A) നമ്മെ നയിക്കുകയും നമ്മുടെ ജീവിതത്തെ പൂർണ്ണതയുടെ കൊടുമുടിയിൽ എത്തിക്കുകയും ചെയ്ത മഹത്വം മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ നന്മ നിറഞ്ഞിരിക്കുന്നു.... ഈ മഹത്വം നമ്മെയും നമ്മുടെ അനന്തര തലമുറകളെയും യുദ്ധത്തിന്റെ കെടുതിയിൽ നിന്ന് വിമുക്തമാക്കി എല്ലാ താളപ്പിഴകളും ക്രമീകരിച്ച് ദൈവിക മഹത്വം നമുക്ക് സ്വയം വെളിവാക്കിതരുന്നു. അതിനാൽ ദൈവത്തിന്റെ ജന്മദിനം, ലോകത്തിനു മുഴുവൻ പുതിയ സുവിശേഷം നൽകുന്നു. അതിനാൽ ഈ ജന്മദിനം മുതൽ പുതിയ ഒരു യുഗം തുടങ്ങുന്നു.

B) ദൈവങ്ങൾ തിരഞ്ഞെടുത്ത പരമാധികാരി ആര്? ഈ ജനത്തിന്റെ കൂടെ നീ വസിക്കണമേ! നിന്റെ സ്വർഗ്ഗീയയാത്ര കുറെക്കൂടി താമസിപ്പിക്കണമേ!

C) ആദം മനസ്സിന്റെ ആത്മാവും ഹൗവ്വ മനസ്സിന്റെ വികാരവും യാക്കോബ് മനസ്സിന്റെ ഉദ്ധാരണവും ആകുന്നു. ദൈവം അത്യുന്നതങ്ങളിൽ മനുഷ്യമനസ്സിന്റെ അറിവിന് അതീതനായി നിലനിൽക്കുന്നു. ദൈവത്തെ നിർവചിക്കാൻ സാധിക്കുകയില്ല. അവൻ തെറ്റു ചെയ്യാത്തവനും സർവ്വഗുണങ്ങളുടെയും ഉറവിടവും ആകുന്നു. അവൻ എല്ലാറ്റിന്റെയും കാരണവും പരിപാലകനും ആകുന്നു. അവൻ തിന്മയിൽനിന്ന് വേറിട്ട് അത്യുന്നതങ്ങളിൽ നിലകൊള്ളുന്നു. വചനം അവന്റെ ദൂതനായി. ലോകവുമായി സമ്പർക്കം പുലർത്തുന്നു. നമ്മിൽ നിലനിൽക്കുന്ന ദൈവീകമായ വചനത്തിലൂടെ നാം അവന്റെ വചനത്തെ മനസ്സിലാക്കുന്നു. വചനം എല്ലാം തികഞ്ഞതാകുന്നു. എല്ലാ ശക്തിയും നിറഞ്ഞതാകുന്നു. വചനം ദൈവത്തിന്റെ സാദൃശ്യമാകുന്നു. വചനം ദൈവത്തിന്റെ ആദ്യജാതനാകുന്നു. വചനം രണ്ടാമനായ ദൈവമാകുന്നു. വചനം ദൈവമനുഷ്യനാകുന്നു. വചനം സ്വർഗ്ഗീയ ആദാമാകുന്നു. വചനം ലോകത്തെ മെനഞ്ഞെടുത്തു. ലോകം അവന്റെ ആശയമാകുന്നു. അവൻ ദൈവത്തിനും മനുഷ്യനും ഇടയ്ക്കുള്ള ദൂതനാകുന്നു. വചനം; ദൈവം പ്രതിനിധീകരിക്കുന്ന ജ്ഞാനവും ശക്തിയും നന്മയും പ്രകാശവും ആകുന്നു.

D) ധാർമ്മികതയുടെയും ബുദ്ധിയുടെയും ഉത്തരം കിട്ടാത്ത പ്രശ്നങ്ങളിൽനിന്നും മനുഷ്യവർഗ്ഗത്തെ നേർബുദ്ധിയിലേക്കു ആര് നയിച്ചു? ഈ മനുഷ്യൻ മതം സ്ഥാപിച്ചില്ല. പുസ്തകങ്ങൾ എഴുതിയില്ല. ഈ മനുഷ്യന്റെ ചിന്തകൾ ശിഷ്യന്മാർ ലോകത്തിന് നൽകി. എന്നാൽ ലോകമോ അദ്ദേഹത്തെ വെറുതെ വിട്ടില്ല. ദൈവദൂഷണം പറയുന്നവൻ, ജനത്തെ വഴിതെറ്റിക്കുന്നവൻ എന്നീ ആരോപണങ്ങളിൽ മരണത്തിനു വിധിച്ചു. അവനോ മരണശിക്ഷയെ സന്തോഷപൂർവ്വം സ്വീകരിച്ചു.

E) അദ്ദേഹം പറഞ്ഞു. ഒരു വിഡ്ഢി പറഞ്ഞ വിവരണം ബുദ്ധിമാൻ ഏറ്റു പറഞ്ഞാലും സത്യം ആയിരിക്കണമെന്നില്ല. ഒരു വിഡ്ഢി എന്നെ വിവരിക്കുന്നതിലും നല്ലത് എന്റെ ശത്രു എന്നെ വിവരിക്കുന്നതാണ്. മനുഷ്യൻ സത്യത്തെയും നന്മയെയും സ്നേഹിക്കണം. അപ്പോൾ അവൻ നന്മ ചിന്തിക്കുന്നു. നന്മയിൽ ജീവിക്കുന്നു. ഈ മനുഷ്യൻ പുതിയ നിയമങ്ങൾ ഉണ്ടാക്കിയില്ല. എങ്ങനെ നന്മയിൽ ജീവിക്കണം എന്ന് സ്വന്തം ജീവിതത്തിലൂടെ കാണിച്ചു തന്നു.

F) ഈ മനുഷ്യന്റെ പിതാവ് മരപ്പണിക്കാരനായിരുന്നു. മരത്തിൽനിന്നും സുന്ദരരൂപങ്ങൾ ഉണ്ടാക്കിയതുപോലെ അദ്ദേഹം മനുഷ്യമനസ്സിൽനിന്ന് തിന്മയെ കൊത്തിക്കളഞ്ഞ് നന്മ നിറഞ്ഞ മനുഷ്യരെ പണിതെടുത്തു. ഈ മനുഷ്യൻ ഉപമക

ളിലൂടെ സംസാരിച്ചു. വളരെ ലളിതമായ ഭാഷയിൽ സാധാരണ ജീവിതപ്രശ്നങ്ങളെ ഉദാഹരണമാക്കി മനുഷ്യമന സ്സിനെ നന്മയിലേക്ക് നയിച്ചു.

G) ഗ്രീസിലെ വളരെ പ്രശസ്തി ആർജിച്ച ഡെൽഫിയിലെ ദേവാലയത്തിലെ പ്രവചനം: വലിയൊരു ചിന്തകൻ ഭൂമി യിൽ ജനിക്കും ഈ ചിന്തകൻ മനുഷ്യന്റെ ചിന്തയെ പുതിയ മാർഗ്ഗത്തിലേക്ക് നയിക്കും. ഇതിന് സാക്ഷ്യമായി ബേത്‌ലഹേമിൽ പുതിയൊരു നക്ഷത്രം കിഴക്കുദിക്കും. ഈ ചിന്തകൻ BCE 4- ൽ ജനിച്ചു. അത്ഭുതപ്രവർത്തികളും രോഗശാന്തി യും നടത്തി. പൂർണ്ണസന്യാസിയും മാംസഭക്ഷണം വെടിഞ്ഞവനും ആയിരുന്നു. ലളിതമായ വസ്ത്ര ധാരണവും നസ്രായ ജീവിതവും അദ്ദേഹത്തിന്റെ പ്രത്യേകതകൾ ആയിരുന്നു. അനേകം ശിഷ്യരെ ചേർത്ത് സത്യ ത്തിന്റെയും നന്മനിറഞ്ഞ ജീവിതത്തിന്റെയും സുവിശേഷം പരത്തി.

**A, B, C, D, E, F, G യുടെ വിവരണം**

A) റോമൻ ചക്രവർത്തി ആയിരുന്ന അഗസ്തസ് സീസർ ദൈവത്തിന്റെ അവതാരമായി ചിത്രീകരിക്കപ്പെട്ടു. ഏഷ്യാ മൈനറിലെ പല കൽപ്പലകകളിലും സീസർ ദൈവത്തെ പുകഴ്ത്തിയുള്ള ലിഖിതങ്ങൾ പരക്കെ ഉണ്ടായി. ഏഷ്യാ മൈനറിലെ പ്രാദേശിക ഭരണസമിതി BCE യുടെ അവസാനവർഷം അഗസ്തസ് സീസറെ ബഹുമാനിക്കാൻ എടുത്ത തീരുമാനമാണിത്. ക്രിസ്ത്യാനികൾ റോമൻ ഭരണത്തെ എതിർക്കുകയും ക്രിസ്ത്യാനികളുടെ രാജാധിരാജനെ റോമൻ ചക്രവർത്തിയേക്കാൾ ശ്രേഷ്ഠനായി അവതരിപ്പിക്കുകയും ചെയ്തു. സുവിശേഷകർ സീസറിന്റെ പേരിനു പകരം യേശു വിന്റെ പേര് ഉപയോഗിച്ചു എന്നു മാത്രം.

B) ഹോറസ് എന്ന റോമൻ കവി ചക്രവർത്തിയുടെ പ്രീതി വാങ്ങാൻ എഴുതിയ ചെറു കീർത്തനം. ചക്രവർത്തിയെ ദേവന്മാരുടെ സന്ദേശവാഹകനായി മെർക്കുറിയുടെ അവതാരമായി ഹോറസ് ചിത്രീകരിക്കുന്നു. പരമോന്നത ദൈവ മായ അപ്പോളോയുടെ മകനാണ് മെർക്കുറി. സുവിശേഷകർ കടം എടുത്ത മറ്റൊരു കഥ.

C) ഫിലോ: BCE 30 - 50 CE അലക്സാണ്ട്രിയ പട്ടണത്തിൽ ജീവിച്ചിരുന്ന യഹൂദ തത്വചിന്തകൻ, വചനത്തെക്കുറിച്ച് എഴുതിയത്. യോഹന്നാന്റെ സുവിശേഷങ്ങളും അലക്സാണ്ട്രിയായിൽ എഴുതപ്പെട്ടു. യോഹന്നാൻ എന്ന എഴുത്തുകാ രൻ ഫിലോ എന്ന തത്വചിന്തകനെ പകർത്തുകയാണ് ചെയ്തത്.

D, E, F) സോക്രട്ടീസ് എന്ന ഗ്രീക്ക് തത്വചിന്തകനെക്കുറിച്ചുള്ള വിവരണം

G) അപ്പോലോനിയസ് എന്ന തത്വചിന്തകൻ. ഇദ്ദേഹത്തിന്റെ കഥ അതേപടി പകർത്തിയതാണ് യേശുവിന്റെ കഥ എന്ന് പണ്ഡിതന്മാരുടെ അഭിപ്രായം ശക്തമായി ഇന്നും നിലനിൽക്കുന്നു.

BCE = പൊതുവർഷത്തിനു മുമ്പുള്ള കാലം CE = പൊതുവർഷം. ഇവയെ AD, BC എന്നിവയുമായി തെറ്റിദ്ധരിക്കരു ത്. അതിലുമുപരി യേശുവിന്റെ ജനനവുമായി തെറ്റിദ്ധരിക്കരുത്. കാരണം യേശു എന്ന ചരിത്രപുരുഷൻ എന്ന് ജനിച്ചു എന്ന് ആർക്കും അറിവില്ല. ഊഹാപോഹങ്ങൾ മാത്രമെയുള്ളൂ.

BCE യുടെ അവസാനഘട്ടങ്ങളിലും CE തുടക്കത്തിലും ജീവിച്ചിരുന്ന ചിന്തകന്മാരെയും നിലവിലുള്ള പല ആചാര അനുഷ്ഠാനങ്ങളെയും മെഡിറ്ററേനിയൻ പ്രദേശങ്ങളിലെ പുരാണങ്ങളെയും ബുദ്ധചിന്തകളെയും നസ്രായന്റെ ജീവി തരീതികളെയും എല്ലാം കൂട്ടിക്കുഴച്ച് CE 325 –ൽ രൂപം കൊടുത്തതാണ് ക്രിസ്തുമതം. നിഖ്യ സുന്നഹദോസിനു മുമ്പു ണ്ടായിരുന്ന യേശു പ്രസ്ഥാനങ്ങളിൽനിന്നും വളരെ വിഭിന്നമായ പ്രസ്ഥാനമായിരുന്നു കുസ്തന്തിനോസിന്റെ പുതിയ സഭ.

യേശുവിനെ യഹൂദന്റെ മശിഹ ആക്കി തീർക്കാൻ ശ്രമിച്ചെങ്കിലും യുക്തിപരമായ ഒരു പരാജയം ആയി മാറി അത്. യഹൂദന്റെ മശിഹായുടെ പ്രഥമലക്ഷണം ദാവിദുവംശജൻ ആയിരിക്കണം അവൻ എന്നതാണ്. യേശു ദാവിദുവംശജൻ എന്നു തെളിയിക്കാൻ മത്തായിയും ലൂക്കോസും വ്യത്യസ്തങ്ങളായ വംശാവലി ഉണ്ടാക്കി. അതേസമയം യേശു ദൈവപു ത്രനാണെന്നും സാക്ഷിക്കുന്നു. എന്നാൽ യഹൂദന്റെ മശിഹാ ദൈവത്തിന്റെ പുത്രനല്ല. യഹൂദന്റെ ദൈവത്തിന് പുത്രൻ ഉണ്ടാകുന്നത് ദൈവദൂഷണം ആണ്. യേശു ദാവീദുഗോത്രത്തിൽ പിറന്നു എങ്കിൽ യോസഫിന്റെ പുത്രനാണ്. ദൈവപു ത്രനല്ല. കാനോനികസുവിശേഷങ്ങളുടെ തുടക്കം തന്നെ പരസ്പരവിരുദ്ധങ്ങളായ വസ്തുതകളിലാണ്. തിരുവെഴുത്തു കൾ പ്രകാരം മത്തായിയും ലൂക്കോസും പറയുന്നത് വിഢ്ഢിത്തമായതുകൊണ്ടാണ് മർക്കോസ് റോമൻ ചക്രവർത്തി യുടെ ജനനകഥകൾ ഉപയോഗിച്ചത്. എന്നാൽ അവയും വിഢ്ഢിത്തവിമുക്തം അല്ല എന്നു തോന്നിയതിനാൽ യോഹ ന്നാൻ കണ്ടുപിടിച്ച തന്ത്രമാണ് ഫിലോ എന്ന യൂദചിന്തകനെ കോപ്പി അടിക്കുക എന്നത്.

ഉൽപ്പത്തിയിലെ സൃഷ്ടിയുടെ കഥയും ഏദൻ തോട്ടവും സാങ്കൽപിക കഥകൾ ആണെന്നത് വ്യക്തമാണ്. സുവി ശേഷകർ മാത്രമേ അതിന് പ്രാധാന്യം കൊടുക്കുന്നുള്ളു. കൃത്രിമ കെട്ടുകഥകൾ കൂട്ടിച്ചേർത്തുണ്ടാക്കിയ സുവിശേഷ ങ്ങൾ കാലഘട്ടത്തിന്റെ ആവശ്യം അനുസരിച്ച് വെട്ടിത്തിരുത്തുകയും ചെയ്തിട്ടുണ്ട്. തോമായുടെ സുവിശേഷവും ഈ പ്രക്രിയയ്ക്ക് വിധേയമായെങ്കിലും കൃത്രിമകഥകളും അത്ഭുതജനനവും ദിവ്യപ്രവൃത്തികളും തോമായുടെ സുവി ശേഷത്തിൽ ഇടം പിടിച്ചില്ല.

തോമായുടെ സുവിശേഷം വളരെ നേരത്തെ തന്നെ സിറിയൻ പ്രദേശങ്ങളിൽ എത്തിച്ചേർന്നിരിക്കണം. മറ്റു പ്രദേശ ങ്ങളിൽ സന്യാസത്തിന്റെ തീവ്രത കുറഞ്ഞിട്ടും സിറിയൻ പ്രദേശങ്ങളിൽ തീവ്രമായിത്തന്നെ കുറെക്കാലം കൂടി അത് നിലനിന്നതായി കാണാം. അതുകൊണ്ടാണ് തോമായെ സിറിയയുടെ അപ്പോസ്തോലനായി കണക്കാക്കുന്നത്. അപ്പോൾ

തോമാ കേരളത്തിൽ വന്നോ എന്ന ചോദ്യം ഉദിക്കുന്നു.

അനേകം തവണ ഈ ചോദ്യം ചോദിക്കപ്പെടുകയും അനേകായിരം തവണ അതിന് മറുപടി ഉണ്ടാകുകയും ചെയ്തു. കുറഞ്ഞത് BCE 5 -ാം നൂറ്റാണ്ടു മുതൽ കേരളവും ഇൻഡ്യയുടെ പടിഞ്ഞാറൻ തീരങ്ങളും മെഡിറ്ററേനിയൻ പ്രദേശങ്ങളുമായി കച്ചവടബന്ധം പുലർത്തിയിരുന്നു. സൂയസ് കനാൽ അന്ന് ഉണ്ടായിരുന്നില്ല എങ്കിലും ആദ്യം കരമാർഗ്ഗവും പിന്നെ കപ്പൽമാർഗ്ഗവും കച്ചവടം നടന്നിരുന്നു എന്ന് അനുമാനിക്കാം. മൺസൂൺ കാറ്റിന്റെ സഹായത്താൽ ഏതാണ്ട് 40 ദിവസം കൊണ്ട് സിറിയൻ പ്രദേശങ്ങളിൽ നിന്നും കേരളത്തിൽ എത്താൻ കഴിയുമായിരുന്നു. എന്നാൽ തുടരെയുള്ള 40 ദിവസം കൊണ്ട് തിരികെ സിറിയയിൽ എത്താൻ സാധിക്കുമായിരുന്നില്ല.

BCE 500 -ന് ശേഷമുള്ള കാലഘട്ടം യൂദർ പല ഭാഗങ്ങളിലേക്കും ചിതറിക്കപ്പെട്ടു. കേരളത്തിലെ കൊച്ചിയിലേക്കുള്ള കുടിയേറ്റം CE 7-നു ശേഷം ദേവാലയം നശിപ്പിക്കപ്പെട്ടതോടുകൂടിയും ആയിരിക്കാം. CE 52-ൽ തോമ കേരളത്തിൽ എത്തി യൂദരെ ക്രിസ്ത്യാനികൾ ആക്കി എന്നത് വിശ്വസനീയം അല്ല. യിസ്രായേൽ രൂപവൽക്കരിക്കുംവരെ അവർ യൂദരായി നിലനിന്നു എന്ന് അനുമാനിക്കാം.

തോമാ കേരളത്തിൽ എത്തി നമ്പൂതിരിമാരെ ക്രിസ്ത്യാനികൾ ആക്കി എന്ന വാദം പരിശോധിക്കുമ്പോൾ നമ്പൂതിരി വർഗ്ഗം CE 52 ൽ കേരളത്തിൽ ഉണ്ടായിരുന്നതായി തെളിവുകൾ ഇല്ല. CE 700 കാലഘട്ടം ആയിരിക്കണം നമ്പൂതിരിമാർ കേരളത്തിൽ എത്തിയത്. CE 52 കാലഘട്ടം പലസ്റ്റീൻ പ്രദേശങ്ങളിലോ യേശുപ്രസ്ഥാനം നിലവിൽ വന്ന സ്ഥലങ്ങളിലോ ദേവാലയങ്ങൾ ഇല്ലായിരുന്നു. കാരണം ദേവാലയവും ബലിയും വളരെ കാലങ്ങൾക്കുശേഷമാണ് ക്രിസ്തുമതത്തിൽ ഉടലെടുക്കുന്നത്. ആദിമകാലഘട്ടങ്ങളിൽ യേശു പ്രസ്ഥാനം കൂട്ടായ്മ യോഗം ആയിരുന്നു. അവ ആരുടെ എങ്കിലും ഭവനങ്ങളിൽ നടത്തിയിരുന്നു. ആദിമക്രിസ്ത്യാനികൾ സ്നേഹവിരുന്നുകളും ഭവനങ്ങളിൽ നടത്തിയിരുന്നു. പള്ളിയും പട്ടക്കാരും എന്ന ആശയം അന്ന് നിലവിൽ ഇല്ലായിരുന്നു. അതിനാൽ തോമ ഏഴരപള്ളികൾ സ്ഥാപിച്ചിരിക്കാനുള്ള സാദ്ധ്യത തീരെയില്ല.

തോമാ സിറിയയിൽ സുവിശേഷം ഘോഷിച്ചു. എന്നാൽ പള്ളി പണിതതായി പറയുന്നില്ല. പുറജാതി ദൈവങ്ങളുടെ ക്ഷേത്രങ്ങൾ ക്രമേണ ക്രിസ്ത്യൻ ആരാധനാ സ്ഥലങ്ങളായി മാറിയതാണ് ആദ്യത്തെ ക്രിസ്ത്യൻ ദേവാലയങ്ങൾ. കുറഞ്ഞത് CE 100-നു ശേഷമുള്ള സംഭവങ്ങൾ ആണ് ഇവ. സിറിയയിൽ നിന്ന് 40 ദിവസം കൊണ്ട് കേരളത്തിൽ എത്താം. അതിനാൽ സിറിയയിൽ സുവിശേഷം ഘോഷിച്ചതിനുശേഷം തോമാ കേരളത്തിൽ എത്തിയിരിക്കാൻ സാദ്ധ്യത ഉണ്ട് എന്ന് തത്വത്തിൽ അംഗീകരിക്കാം. എന്നാൽ സംഭവിക്കാൻ സാദ്ധ്യത ഉള്ളതെല്ലാം സംഭവിക്കുന്നതായി എങ്ങും കാണുന്നില്ല. അതിനാൽ സാദ്ധ്യത ഉള്ളതിനാൽ തോമ കേരളത്തിൽ വന്നിരിക്കണം എന്നില്ല. കേരളത്തിലും ഇന്ത്യയുടെ പല ഭാഗങ്ങളിലും ഉപേക്ഷിക്കപ്പെട്ട ബൗദ്ധക്ഷേത്രങ്ങൾ ഈ കാലഘട്ടത്തിൽ ഉണ്ടായിരുന്നു. അതുപോലെ ബ്രാഹ്മണ ഹിന്ദുമതം പ്രചരിക്കുന്നതിനു മുമ്പ് പ്രകൃതി ദൈവങ്ങളുടെ ആരാധനയും സർപ്പപൂജയും നിലനിന്നിരുന്നു. പ്രകൃതി ദൈവങ്ങളുടെ അമ്പലങ്ങളും പിന്നീട് ഉപേക്ഷിക്കപ്പെട്ടതായി കാണാം.

CE 3-ാം നൂറ്റാണ്ടിൽ സിറിയൻ ക്രിസ്തുമതം കേരളത്തിൽ കുടിയേറിയതോടുകൂടി ശൂന്യമായ അമ്പലങ്ങൾ ക്രിസ്തീയ ദേവാലയങ്ങളായി ഉപയോഗിച്ചിരിക്കാൻ സാദ്ധ്യത ഉണ്ട്. കേരളത്തിലെ രാജാക്കന്മാർ എല്ലാ ജാതി വർഗങ്ങളേയും പരിരക്ഷിച്ചിരുന്നു. അവരുടെ ആരാധനാലയങ്ങൾ രാജാക്കന്മാർതന്നെ പണിതു കൊടുക്കുകയും ചെയ്തു. ഉദാഹരണത്തിന്, കൊച്ചിയിലെ യൂദപള്ളി. തോമ കേരളത്തിൽ എത്തിയ ഉടനെ പള്ളി പണി തുടങ്ങി എന്നത് ഐതിഹ്യം മാത്രം. അതുപോലെ വേദങ്ങളും ഉപനിഷത്തുക്കളും ഉരുവിടുന്ന നമ്പൂതിരി ഒരിക്കലും ക്രിസ്ത്യാനി ആകുകയില്ല. ദൈവങ്ങളേക്കാൾ ശ്രേഷ്ഠൻ എന്ന് അന്നും ഇന്നും വിശ്വസിക്കുന്ന ബ്രാഹ്മണൻ എന്തിന് ക്രിസ്ത്യാനി ആകണം? സമൂഹത്തിൽ സ്ഥാനം നേടാൻ ക്രിസ്ത്യാനി ഉണ്ടാക്കിയ ഐതിഹ്യം ആണ് ഇവയൊക്കെ. തോമ കേരളത്തിൽ ക്രിസ്തുമതം സ്ഥാപിച്ചു എന്ന് ഏതെങ്കിലും ക്രിസ്തീയവിഭാഗം വിശ്വസിക്കുന്നുണ്ടോ? തോമ കേരളത്തിൽ വന്നു എന്നത് ഐതിഹ്യം മാത്രമായി നിലനിൽക്കുന്നു. തോമ കേരളത്തിൽ വന്നതിനേക്കാളുപരി മൈലാപ്പൂരിൽ കുന്തം കൊണ്ട് കുത്തേറ്റു മരിച്ചു എന്ന് പ്രചരിപ്പിച്ചത് പോർച്ചുഗീസ് മിഷണറിമാരാണ്. അതിന് രാഷ്ട്രീയ ഉദ്ദേശങ്ങളുണ്ടായിരുന്നു.

തോമ ഇന്ത്യയിൽ സുവിശേഷം ഘോഷിച്ചു എന്ന ഐതിഹ്യത്തിന്റെ തുടക്കം തോമയുടെ പ്രവൃത്തികൾ എന്ന പുസ്തകമാണ്. CE 200 - 225 കാലഘട്ടത്തിൽ ഈ പുസ്തകം എഴുതപ്പെട്ടു എന്ന് അനുമാനിക്കപ്പെടുന്നു. തോമായുടെ പ്രവൃത്തികളിൽ ഗോണ്ടഫോറസ് രാജാവിനെക്കുറിച്ചും ഇൻഡ്യയിലെ സുവിശേഷ പ്രവൃത്തികളും വിവരിച്ചിരിക്കുന്നു. ഇത്തരണം അനുകരണകൃതികൾ അഥവാ വ്യാജ എഴുത്തുകൾ വളരെ ഏറെ ഈ കാലഘട്ടങ്ങളിൽ നിലവിലിരുന്നു. എല്ലാ ക്രിസ്തീയവിഭാഗങ്ങളും ഇവയെ തിരസ്ക്കരിക്കുകയും ചെയ്യുന്നു. നാഗ്ഹമാദി സമാഹാരത്തിൽ ഇത്തരം പുസ്തകങ്ങൾ കാണാം.

തോമായുടെ പ്രവൃത്തികൾ (Act of Thomas) എന്ന പുസ്തകത്തിൽ തോമ ഇന്ത്യയിൽ വന്നു എന്ന് എഴുതിയിരിക്കുന്നതിനാൽ തോമ ഇന്ത്യയിൽ വന്നു എന്ന് ആരെങ്കിലും വാദിക്കും എന്ന് തോന്നുന്നില്ല. ഈ പുസ്തകത്തിൽ തന്നെ യേശുവിന്റെ ബാല്യകാലലീലകൾ ഉണ്ട്. അതിൻ പ്രകാരം യേശു പറയത്തക്ക ഉത്തമ ബാലൻ ആയിരുന്നില്ല. കൂടാതെ യേശു തന്റെ ഇരട്ടസഹോദരനെ കച്ചവടക്കാരന് വില്ക്കുന്നു. തോമ യേശുവിന്റെ ഇരട്ട സഹോദരനായിരുന്നുവെങ്കിൽ 'അവന്റെ അമ്മയും സഹോദരന്മാരും' എന്ന് കാനോനിക സുവിശേഷത്തിൽ പറയുന്നവൻ യേശുവിന്റെ രക്തബന്ധമുള്ള സഹോദരൻ ആയിരിക്കണം. മറിയ നിത്യകന്യക എന്നത് തത്വത്തിൽ അംഗീകരിച്ചാൽ യേശുവിന്റെ സഹോദ

രൻ എന്ന് എഴുതിയിരിക്കുന്നത് യോസഫിന്റെ മക്കളെ ഉദ്ദേശിച്ചാണ് എന്നതും തത്വത്തിൽ സ്വീകരിക്കാം. ശാരീരികമായി യേശുവിനോടു സാദൃശ്യമുള്ളതിനാലാണ് തോമയെ ഇരട്ട എന്നു വിളിച്ചിരുന്നത്. അപ്പോൾ തോമയുടെ പിതാവും യേശുവിന്റെ പിതാവും ഒരാൾ എന്നതും വ്യക്തം. ഈ സത്യം അംഗീകരിക്കാൻ തയ്യാറുണ്ടെങ്കിൽ മാത്രമെ തോമായുടെ പ്രവൃത്തികളെ തെളിവായി സ്വീകരിക്കാവൂ.

യൂറോപ്യൻ ജനതയും മെഡിറ്ററേനിയൻ പ്രദേശത്തെ ജനങ്ങളും അടുത്തകാലം വരെയും ഇന്ത്യ എന്ന വാക്കിനെ ഇന്ത്യൻ ഉപഭൂഖണ്ഡം എന്ന ഉദ്ദേശത്തിലല്ല ഉപയോഗിച്ചിരുന്നത്. അന്ന് അവരുടെ അറിവിന് അപ്പുറമുള്ള എല്ലാ പ്രദേശങ്ങളും ഇന്ത്യ എന്ന് വിളിച്ചിരുന്നു. യൂറോപ്പിന്റെ കുറെ ഭാഗങ്ങളും ആഫ്രിക്കയുടെയും ഏഷ്യയുടെയും മിക്കവാറും ഭാഗങ്ങളും ഇന്ത്യ എന്ന് അറിയപ്പെട്ടിരുന്നു. ആസ്ട്രേലിയയിലേയും അമേരിക്കയിലേയും ആദിവാസികൾ ഇൻഡ്യൻസ് എന്നാണ് ഇന്നും അറിയപ്പെടുന്നത്. അപരിഷ്കൃതർ, നാഗരികത ഇല്ലാത്തവർ, വളരെക്കുറച്ച് വസ്ത്രം ധരിക്കുന്നവർ, അമ്പും വില്ലും ഉപയോഗിക്കുന്നവർ – ഇവരെ എല്ലം പൊതുവെ ഇൻഡ്യൻ എന്ന് വിളിക്കുന്നു.

തോമായുടെ പ്രവൃത്തികൾ എഴുതപ്പെട്ടത് സിറിയൻ പ്രദേശങ്ങളിൽ ആയിരുന്നു. സിറിയയുടെ കിഴക്കുള്ള ദേശം, ഇൻഡസ് നദീതടപ്രദേശം, ഇന്നത്തെ അഫ്ഗാനിസ്ഥാൻ എന്നീ പ്രദേശങ്ങളെ ആണ് സിറിയക്കാർ ഇന്ത്യ എന്ന് ഉദ്ദേശിച്ചിരുന്നത്. ഗോണ്ടഫോറസിന്റെ രാജ്യവും ഈ പ്രദേശങ്ങൾ ആയിരുന്നു എന്ന് അനുമാനിക്കപ്പെടുന്നു. ഗോണ്ടഫോറസ് ഒരിക്കലും കേരളപ്രദേശത്തെ രാജാവ് അല്ലായിരുന്നു. തോമ കപ്പൽ യാത്ര നടത്തിയതുതൊണ്ട് കേരളത്തിൽ എത്തി എന്ന വാദത്തിലും കഴമ്പില്ല. അറേബ്യൻ ഉൾക്കടലിലെ സുക്രോത്ത് എന്ന ദ്വീപിലേക്ക് ആയിരിക്കാം തോമ കപ്പൽ യാത്ര നടത്തിയത് സുക്രോത്ത് ദ്വീപിലെ ക്രിസ്ത്യാനികൾ സിറിയൻ പ്രദേശങ്ങളിൽ നിലനിന്നിരുന്ന നെസ്തോറിയൻ വിശ്വാസം പുലർത്തിയിരുന്നു. യൂറോപ്യൻ മിഷനറിമാർ അവരെ മതപരിവർത്തനം ചെയ്തപ്പോൾ മാത്രമാണ് അവർ നെസ്തോറിയൻ വിശ്വാസം ഉപേക്ഷിച്ചത്. തോമ, സുവിശേഷം ഘോഷിച്ചത് സുക്രോത്ത് ദ്വിപിൽ ആയിരിക്കാനാണ് സാദ്ധ്യത.

കേരളത്തിലെ ആദിമക്രിസ്ത്യാനികളും നെസ്തോറിയൻ വിശ്വാസരീതി പുലർത്തിയിരുന്നു. അതിനാൽ തോമ കേരളത്തിൽ വന്നു എന്ന വാദത്തിലും കഴമ്പില്ല. കേരളത്തിൽ വന്ന തോമ ദിദിമോസ് എന്നറിയപ്പെട്ടിരുന്ന തോമ അല്ല. തോമ സിറിയയുടെ അപ്പോസ്തലനായി കണക്കാക്കപ്പെട്ടിരുന്നു. സിറിയൻ പുരുഷന്മാരുടെ ഇടയിൽ തോമ എന്ന പേരിന് ഏറെ പ്രചാരമുണ്ടായിരുന്നു. അതിനാൽ സിറിയയിൽ നിന്നു വന്ന തോമ തോമശ്ലീഹ അല്ല എന്നു വ്യക്തം. കേരളത്തിലെ ആദ്യത്തെ ക്രിസ്ത്യാനികൾ സിറിയയിൽനിന്ന് കുടിയേറിയവരാണ്. അതാണ് സിറിയൻ പ്രദേശത്തെ നെസ്തോറിയൻ വിശ്വാസം കേരളത്തിലും പ്രചരിച്ചത്.

സിറിയക്കാർ ഉപയോഗിച്ചിരുന്ന ആരാധനാഭാഷയും സുറിയാനി ആയിരുന്നു. വളരെ പഴക്കമുള്ള സുറിയാനി പുസ്തകങ്ങൾ കേരളത്തിൽനിന്നും കണ്ടെടുത്തതിന്റെ കാരണവും അതുതന്നെ എന്ന് അനുമാനിക്കാം.

കേരളത്തിലെ ഏഴരപള്ളികൾ, മലയാറ്റൂരിലെ കാൽപാട്, മൈലപ്പൂരിലെ ഗുഹ, റമ്പാൻ പാട്ട്, മാർഗംകളി എന്നിവയൊന്നും തോമയുടെ വരവിന്റെ തെളിവുകളല്ല. എല്ലാം ഭാവനയും ഐതിഹ്യവും കൂടി ഇണക്കിയത് എന്ന് അനുമാനിക്കാം. തോമായുടെ കാൽപാടും കുടീരവും ഇന്ത്യയിൽ മാത്രമല്ല കാണുന്നത്. പോർച്ചുഗീസ് മിഷണറിമാർ സുവിശേഷം ഘോഷിച്ചിടത്തെല്ലാം അവ കാണപ്പെടുന്നുണ്ട്. തെക്കെ അമേരിക്കയിലെ പല പ്രദേശങ്ങളിൽ, പ്രത്യേകിച്ചും തോമായെ ചുറ്റിപ്പറ്റി അനേകം പുണ്യസ്ഥലങ്ങൾ, നിലനിന്നിരുന്നു. തോമായുടെ പ്രശസ്തി കുറഞ്ഞതിനാലാകാം ഇപ്പോൾ തെക്കേ അമേരിക്കയിൽ തുടരെ പ്രത്യേക്ഷപ്പെടുന്നത് കന്യക മേരിയാണ്. എല്ലാ കാലഘട്ടങ്ങളിലും വിശ്വാസികളെ ആകർഷിക്കുവാനും പ്രസ്ഥാനത്തിൽ പിടിച്ചു നിർത്തുവാനും പണം സമ്പാദിക്കുവാനുമായി സഭകൾ അത്ഭുതങ്ങൾ സൃഷ്ടിക്കുന്നു. പൊതുജനം അതു വിശ്വസിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നു.

പാറയുടെ ഉത്ഭവസമയത്ത് അതിൽ വായുവിന്റെ പോക്കറ്റുകളും മണലും കടന്നു കൂടും. ക്രമേണ അവ കട്ടിപിടിക്കുന്ന പാറയിൽനിന്നും വിമുക്തമാകുന്നു. അപ്പോൾ അവിടെ കുഴിയും പാടുകളും ഉണ്ടാകുന്നു. ആ പ്രദേശത്തെ വിശ്വാസികൾ അവരുടെ ആരാധ്യരുടെ പേരിൽ അവയെ നാമകരണം ചെയ്യുന്നു. ദിവ്യത പാറയിൽ കാൽപാടുകൾ സൃഷ്ടിക്കും. എങ്കിൽ മലയാറ്റൂർ മലയിലെ കാൽപാട് കാലടിയിൽ ജനിച്ച ദിവ്യമനുഷ്യന്റേത് ആകാനാണ് കൂടുതൽ സാദ്ധ്യത. കേരളത്തിലെ ഭൂരിഭാഗം ക്രിസ്ത്യാനികളും ഇതിനെ ഐതിഹ്യം മാത്രമായി കണക്കാക്കുന്നു. മിഷണറിമാർ ഉണ്ടാക്കിയ കെട്ടുകഥ മാത്രമാണ് മലയാറ്റൂർ കാൽപാട്.

മൈലാപ്പൂരിലെ കബറിടവും ഇതുപോലെ തന്നെയുള്ള കെട്ടുകഥയാണ്. CE 72-ൽ ബ്രാഹ്മണർ തമിഴ്നാട്ടിൽ എത്തിയിരുന്നു എന്നത് സംശയകരമാണ്. മാത്രമല്ല ഹിംസയെ ഹീനമായി കണക്കാക്കുന്ന ബ്രാഹ്മണൻ എന്തിന് കുന്തവുമായി നടന്നു?

തോമ ബ്രാഹ്മണന്റെ കുന്തം ഏറ്റ് മരിച്ചു എന്നതും മിഷണറിമാരുടെ കൃത്രിമകഥ മാത്രമാണ്. ഒന്നാം നൂറ്റാണ്ടിൽ തമിഴ് പ്രദേശത്ത് ഉപയോഗിച്ചിരുന്ന കുന്തവും തോമായെ കുത്തിയ കുന്തവും തമ്മിൽ സാമ്യം ഉണ്ടോ എന്നും ചിന്തിക്കേണ്ടതുണ്ട്. അവ തമ്മിൽ സാമ്യം ഉള്ളതായി തോന്നുന്നില്ല. അതിനാൽ തോമായെ കുത്തിയ കുന്തം മിഷണറിമാരുടെ കുന്തമാണ്. ബ്രാഹ്മണന്റെ കുന്തം അല്ല. മാത്രമല്ല ഒന്നാം നൂറ്റാണ്ടിൽ ബ്രാഹ്മണർ തമിഴ്നാട്ടിൽ എത്തിയിരുന്നു എങ്കിൽപ്പോലും അവർ ആയുധധാരികളായിരുന്നു എന്നു വിശ്വസിക്കാൻ സാധിക്കുകയില്ല. മാത്രമല്ല ഒന്നാം നൂറ്റാ

ണ്ടിലെ ബ്രാഹ്മണർ നരഹത്യ നടത്തുകയില്ല.

മാർ തോമ ജീവിച്ചിരുന്ന കാലം പള്ളികൾ നിലവിലുണ്ടായിരുന്നില്ല. അതിനാൽ മാർ തോമ ഏഴരപള്ളികൾ സ്ഥാപിക്കാൻ സാദ്ധ്യത ഇല്ല. നേരത്തെ വിവരിച്ചതുപോലെ ആദിമക്രിസ്ത്യാനികൾ പള്ളികളിൽ അല്ല ഒരുമിച്ചു കൂടിയിരുന്നത്. സ്നേഹവിരുന്നിന്റെയും കൂട്ടായ്മയുടെയും സഭ കൂടിയിരുന്നത് ഭവനങ്ങളിൽ ആയിരുന്നു. ആദ്യത്തെ ക്രിസ്തീയ ദേവാലയം രൂപം കൊണ്ടത് CE 325-നു ശേഷമായിരുന്നിരിക്കണം. കുസ്തന്തിനോസ് പള്ളി പണിയുന്നതിന് മുമ്പ് പുരാണദൈവങ്ങളുടെ അമ്പലങ്ങളും രഹസ്യ പ്രസ്ഥാനക്കാരുടെ ഗുഹകളും ആരാധനയ്ക്കായി ഉപയോഗിച്ചിരുന്നു. ഉപേക്ഷിക്കപ്പെട്ട അനേകം ബുദ്ധക്ഷേത്രങ്ങൾ കേരളത്തിലും ഉണ്ടായിരുന്നു. സിറിയയിൽനിന്ന് കുടിയേറിയ ആദ്യത്തെ ക്രിസ്ത്യാനികളും അവ ഉപയോഗിച്ചിരുന്നിരിക്കണം.

വേദവും ഉപനിഷത്തുക്കളും പഠിച്ച ബ്രാഹ്മണൻ ഒരിക്കലും തത്വചിന്തയുടെ പരമോന്നത ഉപേക്ഷിച്ച് ക്രിസ്തുമതം സ്വീകരിക്കുകയില്ല. ഭാരതീയ തത്വചിന്ത മനസ്സിലാക്കിയ ആരേയും തന്നെ ഈ കാലത്തും ക്രിസ്ത്യാനി ആക്കുവാൻ സാധിക്കുകയില്ല. അതിനാൽ ബ്രാഹ്മണൻ ക്രിസ്ത്യാനി ആയി എന്നതും വെറും കെട്ടുകഥ. ഒന്നാം നൂറ്റാണ്ടിൽ കേരളത്തിൽ യൂദർ താമസിച്ചിരുന്നു. ബ്രാഹ്മണനെ പുതിയ വേദം പഠിപ്പിക്കുന്നതിലും എളുപ്പം യൂദരെ ക്രിസ്ത്യാനി ആക്കുക എന്നതായിരുന്നു. യൂദനായിരുന്ന തോമായും കേരളത്തിലെ യൂദരും ഒരേ ഭാഷ സംസാരിച്ചിരുന്നു. മാത്രമല്ല ആദിമ ക്രിസ്ത്യാനി സഭ യൂദമതത്തിന്റെ തുടർച്ചയും ആയിരുന്നു. യൂദരെ ക്രിസ്ത്യാനി ആക്കി എന്നതിനായിരുന്നു കൂടുതൽ വിശ്വസനീയത. BCE 5-ാം നൂറ്റാണ്ടു മുതൽ കേരളത്തിൽ കുടിയേറിയ യൂദർ അടുത്തകാലം വരെയും യൂദരായി വേറിട്ടു നിൽക്കുകയും യിസ്രായേലിലേക്ക് തിരികെ പോകുകയും ചെയ്തു. അതാണ് മലയാളം സംസാരിക്കുന്ന യൂദരെ യിസ്രായേലിൽ കാണാൻ സാധിക്കുന്നത്.

തച്ചനായിരുന്ന തോമ നൈസർഗ്ഗിക വാസനയാൽ പള്ളി പണിതു എങ്കിൽ പലസ്തിനിൽ ആരും പള്ളി പണിതില്ല. തോമായുടെ സഹോദരൻ യാക്കോബ് യെരുശലേമിൽ പള്ളി പണിതില്ല. തച്ചനായിരുന്ന യേശുവും പള്ളി പണിതതായി കേട്ടിട്ടില്ല.

തോമായെ മറ്റാരും സ്വന്തമായി സ്വീകരിക്കുന്നില്ല. യാക്കോബിന് യെരുശലേമും പത്രോസിന് റോമും കൊടുത്തതുപോലെ തോമായ്ക്ക് കേരളം കൊടുക്കുന്നതും ബുദ്ധിശൂന്യത മാത്രം. തെക്കേ അമേരിക്കയിലും തോമ സുവിശേഷം പ്രചരിപ്പിച്ചു എന്നാണ് മിഷണറിവാദം. എന്നാൽ തെക്കെ അമേരിക്കയിൽ ക്രിസ്തുമതം ആദ്യമായി പ്രചരിച്ചത് യൂറോപ്യൻ രാജ്യങ്ങൾ കോളനികൾ സ്ഥാപിച്ചതോടുകൂടിയാണ്.

റമ്പാൻപാട്ടും മാർഗംകളിയും ചരിത്രരേഖകൾ അല്ല, സാഹിത്യരചനകൾ മാത്രമാണ്. അവ ഭാവനയുടെ സൃഷ്ടിയാണ്. തോമായെക്കുറിച്ചുള്ള ചരിത്രം അല്ല. വസ്തുതകളുടെ വെളിച്ചത്തിൽ, മുൻവിധി കൂടാതെ നിഷ്പക്ഷമായി പരിശോധിച്ചാൽ കേരളത്തിലെ ആദ്യത്തെ ക്രിസ്ത്യാനികൾ ക്നായി തൊമ്മനോടു കൂടി വന്നവർ എന്ന് അനുമാനിക്കാം. ഇവരുടെ ആത്മീയഗുരുക്കന്മാരായി പല തോമമാരും തുടരെ കേരളത്തിൽ എത്തിയിരിക്കാം. അവരിൽ ഒരു തോമ ആയിരിക്കാം മലയാറ്റൂരിലെ തോമ. കേരളത്തിലെ യഹൂദർക്ക് രാജസദസുകളിൽ നല്ല സ്ഥാനം ഉണ്ടായിരുന്നു. അവരുടെ ദേശത്തുനിന്നു വന്നവരും അവരുടെ ദേശഭാഷ സംസാരിക്കുന്നവരും അവരുടെ നിറം ഉണ്ടായിരുന്നവരുമായ പുതിയ കുടിയേറ്റക്കാർക്കും രാജപ്രീതി ലഭിച്ചു. കേരളത്തിലെ ക്രിസ്ത്യാനികളുടെ ചരിത്രം ക്നായി തൊമ്മനോടു കൂടി തുടങ്ങുന്നു എന്ന് ന്യായമായി അനുമാനിക്കാം. തോമസ് എന്ന പേര് പേർഷ്യൻ/സിറിയൻ പ്രദേശങ്ങളിൽ വളരെ വ്യാപകമായി ഉപയോഗിച്ചിരുന്നു. അതിനാൽ ക്നായി തൊമ്മനു മുമ്പ് പല തോമമാർ കേരളത്തിൽ വന്നിരിക്കാം. BCE 500 വരെ എങ്കിലും പഴക്കമുള്ള കച്ചവട ഇടപാടുകൾ കേരളവും മദ്ധ്യധരണ്യാഴി പ്രദേശങ്ങളുമായി നിലനിന്നിരുന്നു. അതുകൊണ്ട് യേശുവിന്റെ ശിഷ്യനായ തോമ കേരളത്തിൽ വന്നിരിക്കണം എന്നില്ല. കേട്ടു കേഴ്‌വി ചരിത്രമല്ല. കെട്ടുകഥകളുടെ സ്ഥാനമേ അവയ്ക്കുള്ളു.

## ബുദ്ധനും യേശുവും

മതങ്ങളുടെ ചരിത്രത്തിൽ വളരെ മഹനീയമായ സ്ഥാനമാണ് ബുദ്ധനും യേശുവിനും ഉള്ളത്. ഇവരുടെ ജീവിതവും ചരിത്രവും പഠിപ്പിക്കലുകളും തമ്മിൽ അസാധാരണമായ സാമ്യമുണ്ട്.

ബുദ്ധന്റെ അമ്മ മായാദേവിയോട് ദൈവങ്ങൾ പറയുന്നു: 'അത്യുന്നതനായ പുത്രൻ നിനക്ക് ജനിച്ചിരിക്കുന്നു; ആനന്ദിക്കുക.' അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും എന്ന് ഗബ്രിയേൽ ദൂതൻ മേരിയോട് യേശുവിന്റെ ജനനത്തെ അറിയിക്കുന്നു. മേരിയും മായാദേവിയും പ്രസവിക്കുന്നത് യാത്രക്കിടയിലാണ്. അതിനാൽ സ്വന്തം ഭവനത്തിലല്ല ജനനം നടക്കുന്നത്. രണ്ട് ജനനങ്ങളുടെയും സമയത്ത് ഒരേ രീതിയിലുള്ള സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നു. പാട്ടുകളും സ്തുതിഗീതങ്ങളും ആവർത്തിക്കപ്പെടുന്നു. ലോകത്തിൽ വലിയൊരു സംഭവം ഉണ്ടായി എന്നും ശിശുക്കൾ വളരെ മഹനീയത നേടും എന്നും രണ്ടു ജനനകഥകളിലും കാണാം.

രണ്ടുപേരും പ്രബോധനങ്ങൾ ആരംഭിക്കുന്നത് മുപ്പത് വയസ്സ് പ്രായമായപ്പോഴാണ്. ബുദ്ധൻ രാജകീയ സുഖം വെടിയുന്നു, ധ്യാനനിരതനാകുന്നു. ആറ് വർഷങ്ങൾക്കുശേഷം ബോധിവൃക്ഷത്തിന്റെ ചുവട്ടിൽ സുവിശേഷം തുടങ്ങുന്നു.

യേശു നാല്പത് ദിവസം മരുഭൂമിയിലെ ഏകാന്തതയിൽ ധ്യാനിക്കുന്നു. രണ്ടുപേരും അവരുടെ സുവിശേഷം ഘോഷിക്കുന്നത് സ്വജനങ്ങളുടെ ഇടയിലാണ്. രണ്ടുപേരും ഭരണകർത്താക്കളുമായി ഇടയുന്നു. യേശു സാധാരണക്കാരനായി ജനിച്ചു എങ്കിലും യഹൂദന്റെ രാജാവ് എന്ന നാമം ലഭിക്കുന്നു. സമൂഹത്തിലെ നിന്ദിതരുടെ കൂടെ ഭക്ഷണം കഴിക്കുന്നു. ബുദ്ധൻ ചണ്ഡാലസ്ത്രീയോട് വെള്ളം ചോദിക്കുന്നു. യേശു ശമരിയാക്കാരിയോട് വെള്ളം ചോദിക്കുന്നു. പുറമെ നിന്ന് ഉള്ളവ യല്ല അകമേ നിന്ന് ഉള്ളവയാണ് മനുഷ്യന്റെ ശരിയായ മാനദണ്ഡം എന്ന് രണ്ടു പേരും പഠിപ്പിക്കുന്നു. ബ്രാഹ്മണ പൗരോഹിത്യത്തിന്റെ ആചാരനടപടികളെ ബുദ്ധൻ എതിർക്കുന്നു. യഹൂദ പൗരോഹിത്യ നടപടികളെ യേശു എതിർക്കുന്നു. രണ്ടുപേരും മതങ്ങൾ സ്ഥാപിച്ചില്ല. പരിശുദ്ധിയും ദൈവത്വവും അവകാശപ്പെട്ടില്ല. ബുദ്ധന്റെ മരണത്തിന്റെ അനേക വർഷങ്ങൾക്കുശേഷം ബുദ്ധമതത്തിലെ ഒരു വിഭാഗം ബുദ്ധനിൽ ദൈവത്വം അവരോധിക്കുന്നു. യേശുവിന്റെ മരണത്തിന് അനേകം വർഷങ്ങൾക്കുശേഷം യേശുവിനെ ദൈവപുത്രനാക്കുന്നു, നിഖ്യ സുന്നഹദോസിൽ ഔദ്യോഗികമായി യേശു ദൈവമായി മാറുന്നു.

## ബുദ്ധന്റെയും യേശുവിന്റെയും
## ഉപദേശങ്ങൾ തമ്മിലുള്ള സാമ്യങ്ങൾ

**ബുദ്ധമത പുസ്തകങ്ങളുടെ സൂചിക**

AN - ANGUTTARA NIKAYA

DH - DHRMA PADA

DN- DIGHA NIKAYA

IA - ITIYUTTAKA

JA - JATAKAMALA

KA- KHUODAKAPATHA

LS- LALITAVISTRA SUTRA

MN- MAJJHIMA NIKAYA

SN - SUTTA NIPATA

SAN - SAMYUTTA NIKAYA

SS - SADHARMA PUNDARIKA SUTRA

UA - UDANAVARGA

VC - VINAYA CULLAYAGA

VM - VINAYA MAHHAVAGGA

VS - VIMALA KIRTINIRDESHA SUTRA

ഏതാനും ഉദാഹരണങ്ങൾ നോക്കുക

1. നിന്നെപ്പോലെ തന്നെ മറ്റുള്ളവരെയും കണക്കാക്കുക DH 10:1 ലൂക്കോ. 6:31
2. ഒരുവൻ നിങ്ങളെ കരം കൊണ്ടോ, കത്തികൊണ്ടോ, വടികൊണ്ടോ പ്രഹരിച്ചാൽ തിരിച്ചടിക്കാനുള്ള ആഗ്രഹം ഉപേക്ഷിക്കുക. അശുദ്ധമായ വാക്കുകൾ പറയുകയും അരുത്. MN 21.6 ലൂക്കോ. 6:29
3. പരസ്പരം വെറുക്കുന്നതുകൊണ്ട് ലോകത്തിലെ വെറുപ്പ് ഇല്ലാതെ ആകുന്നില്ല. എന്നാൽ സ്നേഹം വെറുപ്പിനെ ഇല്ലാതാക്കുന്നു. ഇത് നിത്യമായ സത്യമാണ്. കോപത്തെ സ്നേഹം കൊണ്ടും തിന്മയെ നന്മകൊണ്ടും പിശുക്കിനെ ധർമ്മിഷ്ടതകൊണ്ടും നുണയെ സത്യം കൊണ്ടും കീഴടക്കുക DH 1.5; 17:3 ലൂക്കോ 6:27–30; 23:34 റോമ 12:20–21, പ്രവ.7:60
4. നിങ്ങൾ പരസ്പരം ശുശ്രൂഷിക്കുന്നില്ല എങ്കിൽ നിങ്ങളെ ആര് ശുശ്രൂഷിക്കും? എന്നെ ശുശ്രൂഷിക്കാൻ ആഗ്രഹിക്കുന്നവൻ രോഗികളെ ശുശ്രൂഷിക്കട്ടെ. VM 8:26-3 മത്താ: 25:45 യോഹ 13:13–15
5. വാളിനാലോ, വടിയാലോ ഗൗതമൻ ജീവനെ എടുക്കുന്നില്ല DN 1.1.8 മത്താ 26:52 വെളി: 13:10
6. അമ്മ സ്വന്തം ജീവനെപ്പോലും കരുതാതെ കുട്ടിയുടെ ജീവൻ രക്ഷിക്കുന്നതു പോലെ അതിരുകളില്ലാത്ത സ്നേഹം എല്ലാ ജീവജാലങ്ങളോടും കാണിക്കുക. സീമകൾ ഇല്ലാത്ത സ്നേഹം ലോകം മുഴുവൻ നിറയട്ടെ SN 149-150 യോഹ. 15:11:13 യോഹ:13:34
7. സ്നേഹം, സൗമ്യത, സത്യം, സഹനം എന്നിവയിൽ നിന്ന് ബുദ്ധന്റെ ശരീരം ഉളവായി VS 2 യോഹ 1:17 റോമ 3:24

8. നിങ്ങൾക്കു നൽകാനാകാത്തവയെ മറ്റുള്ളവരിൽനിന്നും എടുക്കരുത്. കൊലപാതകം ചെയ്യരുത്. കള്ളം പറയരുത്. അശുദ്ധമായവ ചെയ്യരുത്. സ്വർണ്ണവും വെള്ളിയും ആഗ്രഹിക്കരുത്. KA 2 മർക്കോ 10:19

9. പല തുള്ളികൾ കൊണ്ട് കുടം നിറയുന്നു. എത്ര ചെറിയത് എന്ന് തോന്നിക്കുന്ന നന്മകൾ കൂടി ചേർന്ന് ജ്ഞാനിയെ നിറയ്ക്കുന്നു. DH 9.7 മത്താ 13:31-32

10. സ്വന്തം കുറവുകൾ കണ്ടുപിടിക്കുന്നതിലും വളരെ എളുപ്പമാണ് മറ്റുള്ളവന്റെ കുറ്റങ്ങൾ കണ്ടെത്തുവാൻ. MA 27.1 ലൂക്കോ 6:41-42.

11. മറ്റുള്ളവർ എന്തു ചെയ്തു, എന്തു ചെയ്തില്ല എന്നു നോക്കരുത്. അവരുടെ കുറ്റം തെരയുകയും അരുത്. എന്നാൽ നീ എന്തു ചെയ്തു, എന്തു ചെയ്തില്ല എന്നു നോക്കുക. DH 4.7 യോഹ8:4-5,7

12. വിളക്കുമായി നടക്കുന്നവൻ എല്ലാം കാണുന്നതുപോലെ ധാർമ്മിക നിയമങ്ങൾ അറിയുന്നവൻ ജ്ഞാനിയാകുന്നു MA 22:4 ലൂക്കോ 11:34,36

13. ആകാശത്തിലെ പറവകളെപ്പോലെ സമ്പാദ്യങ്ങൾ ഇല്ലാതെ വ്യാകുലത ഇല്ലാതെ തുറസ്സായി അലയുന്നവർ ബുദ്ധി ഉള്ളവരാകുന്നു. DH 7:3-4 മത്താ 6:25-26

14. ആകാശത്തിലെ മഴക്കാറ് ചെറിയവനെന്നോ വലിയവനെന്നോ നോക്കാതെ എല്ലാവർക്കും മഴ ഒരു പോലെ നൽകുന്നു. സൂര്യചന്ദ്രന്മാരുടെ പ്രകാശവും നന്മ ചെയ്യുന്നവനോ തിന്മ ചെയ്യുന്നവനോ എന്നു നോക്കാതെ എല്ലാത്തിലും പ്രകാശം ചൊരിയുന്നു, ഉയർന്നവൻ എന്നോ താണവൻ എന്നോ വിവേചനം ചെയ്യുന്നില്ല. SS 5 മത്താ 5:45

15. എത്ര ചെറുതെന്നു തോന്നുന്ന തിന്മയും എത്ര ചെറുതെന്നു തോന്നുന്ന നന്മയും പരിണിതഫലം ഉളവാക്കുന്നു. UA 9.8 ലൂക്കോ 6:43-45

16. മോഷണം, ചതി, വ്യഭിചാരം എന്നിവയാണ് വഴി തെറ്റിക്കുന്നത്, മാംസഭക്ഷണം അല്ല. S.N 242. മർക്കോ 7:15

17. എല്ലാ ജീവജാലങ്ങളുടെയും ചിന്തയും പ്രവർത്തനവും മനസ്സിലാക്കാൻ അവൻ വളരെ നിപുണനായിരുന്നു VS 2 യോഹ 2:24-25

18. സ്വർഗ്ഗത്തിൽനിന്നും അനേകരുടെ ഇടയിലേക്ക് ഇത്ര മധുരസംഭാഷണം ഉള്ള നാഥൻ ഇറങ്ങി വന്നതായി ഞാൻ കണ്ടിട്ടില്ല. ആരും പറഞ്ഞു കേട്ടിട്ടുമില്ല. SN 955. യോഹ 7:46

19. സ്വന്തമായി ഒന്നും ഇല്ലാതെ സന്തുഷ്ടരായി നമുക്ക് ജീവിക്കാം. പ്രകാശം പരത്തുന്ന ദൈവങ്ങളെപ്പോലെ ആനന്ദമയരായി ജീവിക്കാം. DH 15:4 ലൂക്കോ 6:20

20. മനുഷ്യർ പൊതുവെ ധനത്തോട് ആർത്തി കാണിക്കുന്നു. അത് അവന്റെ നിത്യനാശത്തിലേക്ക് നയിക്കുന്നു. സ്വാർത്ഥത എന്ന പാപത്തിലേക്ക് നയിക്കുന്ന ഏതു സമ്പാദ്യവും നാശത്തിലേക്ക് നയിക്കുന്നു. JA 5:5:15 മർക്കോ 10:23,25

21. സമ്പാദ്യങ്ങൾ നയിക്കുന്ന പാത, നിർവ്വാണത്തിലേക്കുള്ള പാത അല്ല. ഈ വസ്തുത മനസ്സിലാക്കിയ ബുദ്ധശിഷ്യർ പുകഴ്ച്ചയെ വർജ്ജിക്കണം. ബന്ധനവിമുക്തി പരിശീലിക്കണം. DH 5:16 ലൂക്കോ 16:13

22. വിഡ്ഢിയായവൻ ദരിദ്രനു കൊടുക്കുന്നില്ല. ദ്രവ്യാഗ്രഹിക്ക് മോക്ഷം ലഭിക്കാറില്ല. എന്നാൽ ജ്ഞാനി ദരിദ്രനു കൊടുക്കുമ്പോൾ മോക്ഷം പ്രാപിക്കുന്നു. DH 13:11, മത്താ 19:21

23. പൊടി പോലെ വളരെ നിസ്സാരമായത് എന്നു തോന്നിക്കുന്ന ദാനം പോലും നിഷ്കളങ്കമനസ്സോടെ കൊടുത്താൽ അത് വലിയ ദാനം ആണ്. അർഹിക്കുന്നവർക്ക് കൊടുക്കുന്ന ചെറിയ ദാനം പോലും വലിയതാണ്. JA 3:23, ലൂക്കോ21:1-4

24. ബുദ്ധൻ സന്യാസികളോട് പറഞ്ഞു. എല്ലാ കെണികളിൽനിന്നും ഞാൻ വിമുക്തനാണ്, നിങ്ങളും വിമുക്തരാണ്. VM 1:11.1 ലൂക്കോ 23:47, മത്താ 10:16 1 തീമോ 3:7

25. ജ്ഞാനിയായവൻ നന്മ പ്രവർത്തിക്കുന്നു. അതാണ് ജ്ഞാനിയുടെ സമ്പാദ്യം. അത് കള്ളന്മാർ മോഷ്ടിക്കുകയില്ല. അത് നശിച്ചു പോകുകയുമില്ല. KA 8:9 മത്താ 6:19-20

26. വിഡ്ഢിയായവൻ എന്റെ സമ്പാദ്യം, എന്റെ സന്താനങ്ങൾ എന്നിവ ഓർത്ത് വ്യാകുലപ്പെടുന്നു. എന്നാൽ നാം നമുക്കു പോലും സ്വന്തമല്ല. പിന്നെ എന്തിന് എന്റേത് എന്നോർത്ത് വെപ്രാളപ്പെടുന്നു. മനുഷ്യൻ എത്രമാത്രം ധനം വാരിക്കൂട്ടിയാലും മരണത്തോടുകൂടി എല്ലാം അവനിൽനിന്നും വേർപെടുന്നു. സ്വന്തമെന്ന പേരിൽ കൂട്ടിവയ്ക്കുന്ന എല്ലാ സമ്പാദ്യങ്ങളും വേർപിരിയും. എല്ലാ ഉയർത്തപ്പെട്ടവയും താഴ്ത്തപ്പെടും, എല്ലാ സംയോജിക്കപ്പെട്ടവയും വേർതിരിക്കപ്പെടും. മരണത്തോടുകൂടി എല്ലാ ജീവനും അവസാനിക്കുന്നു. UA 120:20.22 ലൂ ക്കോ 12:13-21

27. ഉള്ളിൽ മലിനത നിറഞ്ഞിരിക്കുമ്പോൾ മോടിയുള്ള വസ്ത്രങ്ങളാൽ ശരീരം മറയ്ക്കുന്നത് എന്തിന്? DH 26:12 മത്താ 7:15

28. നല്ല മേൽക്കൂര ഇല്ലാത്ത ഭവനത്തിലേക്ക് മഴവെള്ളം ഒലിച്ചിറങ്ങുന്നു. അച്ചടക്കമില്ലാത്ത മനസ്സിനെ ആഗ്രഹങ്ങളും മോഹങ്ങളും ആക്രമിക്കുന്നു. DH 1:13, 14. ലൂക്കോ 6:47-49

29. സ്വാർത്ഥതയും മോഹവും വെടിഞ്ഞവൻ ഒന്നിനെയും സ്വന്തമായി കരുതാതെ എല്ലാത്തിൽനിന്നും വിടുതൽ പ്രാപിക്കുന്നു. സ്വന്തമെന്നപേരിൽ ഒന്നിനെയും ചുറ്റിപ്പറ്റി നിൽക്കുന്നില്ല. എല്ലാത്തിൽനിന്നും വിടുതൽ പ്രാപിച്ചവൻ മുക്തിയുടെ മഹോന്നതമണ്ഡലങ്ങളിലൂടെ ഉയരുന്നു. MN 72:15. മർക്കോ 8:35

30. തടാകങ്ങളിൽനിന്നും പറന്നുയരുന്ന അരയന്നങ്ങൾ പോലെ ജ്ഞാനിയായവൻ സമ്പാദ്യങ്ങളിൽ നിന്നും അകലുന്നു. സ്വന്തമായി ഭവനം പോലും കരുതുന്നില്ല. DH 7:2 മത്താ 8:20

31. ഭയവും വ്യാകുലതയും നിങ്ങളെ കീഴടക്കരുത് MN 6:8 യോഹ 14:27

32. പിളർപ്പ് ഉണ്ടാക്കരുത്. പരദൂഷണം വളരെ ഗൗരവമായ അനീതിയാണ്. ഒന്നായിരിക്കുന്നതിൽ വിരുദ്ധത ഉണ്ടാക്കുന്നവനെ നിത്യനരകത്തിൽ തിളപ്പിക്കും. VC 7.3.16 മർക്കോ 3:29

33. വെള്ളത്താൽ കഴുകിയതുകൊണ്ട് മാത്രം ശുദ്ധി പ്രാപിക്കുന്നില്ല. മനുഷ്യർ എല്ലാവരും ഇതേ പ്രവർത്തി ദിവസേന ആവർത്തിക്കുന്നു എന്നാൽ ചെറിയതും വലിയതുമായ എല്ലാ തിന്മകളെയും പാപങ്ങളെയും സ്വത്വത്തിൽനിന്ന് നീക്കം ചെയ്യുന്നവനാണ് ശരിയായ ബ്രാഹ്മണൻ. UA 33.13 മത്താ 15:19-20.

34. ആഗ്രഹങ്ങളുടെ അടിമയായവൻ കെണിയിൽ വീണ മുയലുകൾക്ക് സമം. DH 24:9 യോഹ 8:34

35. ജ്ഞാനിയായവൻ അവിശ്വാസിയെ അവഗണിക്കുന്നു. ദുഷ്ടനെയും ദുർമാർഗിയെയും പരദൂഷണം പറയുന്നവനെയും ഡംഭികളെയും നിഗളികളെയും ജ്ഞാനി അവഗണിക്കുന്നു. UA 25:1 ലൂക്കോ 10:10,11

36. അവർ ഒന്നിച്ചു കൂടിയപ്പോൾ പറഞ്ഞു: "നോക്കു ഏകാന്തനും എല്ലാം ഉപേക്ഷിച്ചവനുമായ ഗൗതമൻ സുഖലോലുപരുടെ കൂടെ കൂടിയിരിക്കുന്നു." MN 26:26 മത്താ 11:19

37. പോരാട്ടക്കളങ്ങളും ചൂതുകളി സ്ഥലങ്ങളും ബോധിസത്വൻ സന്ദർശിച്ചു. കളിക്കാരെ പവിത്രതയിലേക്ക് നയിക്കുക എന്നതായിരുന്നു ഉദ്ദേശം. കവലകളിലും തെരുവുമൂലകളിലും ഗൗതമൻ സുവിശേഷം ഘോഷിച്ചു. VS 2. മത്താ. 9:10-13

38. അംബാപാലി എന്ന വേശ്യാസ്ത്രീ നാഥനെ സന്ദർശിച്ചു. നാഥനെ ഭക്തിപൂർവ്വം വന്ദിച്ചശേഷം അവൾ വിദൂരതയിൽ മാറിയിരുന്നു. എന്നിട്ട് നാഥനോട് ചോദിച്ചു. "എന്റെ ഭവനത്തിൽ വിരുന്നു കഴിക്കാൻ സമ്മതമോ?" നാഥൻ നിശബ്ദതയിൽ ക്ഷണം സ്വീകരിച്ചു. VN 6:30, 1.2 ലൂക്കോ 7:37-39.

39. നാഥനെ പരീക്ഷിക്കുവാൻ മാരൻ അടുത്തുകൂടി. മാരൻ പറഞ്ഞു. എല്ലാറ്റിലും മേലായവൻ എല്ലാറ്റിന്റെയും അധിപതി ആകുന്നു. അനുഗ്രഹിക്കപ്പെട്ടവനായ നാഥാ നീ എല്ലാറ്റിന്റെയും അധികാരി.

നാഥൻ പറഞ്ഞു, ദുഷ്ടനായ മാര നീ എന്തിന് എന്നോട് ഇപ്രകാരം സംസാരിക്കുന്നു, എന്താണ് നിന്റെ ഉദ്ദേശം?

മാരൻ പറഞ്ഞു ഉയർത്തപ്പെട്ട നീ ഹിമാലയപർവ്വതം സ്വർണ്ണമായി തീരാൻ വിചാരിച്ചാൽ സ്വർണ്ണപർവ്വതം ഉണ്ടാകുന്നു.

നാഥൻ പറഞ്ഞു, പർവ്വതം മുഴുവൻ സ്വർണ്ണമായി തീർന്നാലും അത് മനുഷ്യന്റെ ആഗ്രഹത്തിന് മതിയാകുകയില്ല. ആഗ്രഹങ്ങൾ ദുഃഖത്തിലേക്ക് നയിക്കുന്നു എന്ന് അറിയുന്നവൻ എന്തിന് വീണ്ടും ആഗ്രഹത്തിന്റെ അടിമയായി മാറണം?

മാരൻ ദുഃഖിതനായി അവിടം വിട്ടു പോയി. SAN 4.2.10 ലൂക്കോ 4: 3-8

40. ഗൗതമൻ 6 വർഷക്കാലം ഏകാന്തതയിലും ധ്യാനത്തിലും സന്യാസ ജീവിതം നയിച്ചു. ഗൗതമനെ തെറ്റിക്കുവാൻ അവസരം കാത്ത് മാരൻ നാഥന്റെ പിന്നാലെ അടിക്കടി പിൻതുടർന്നു. മാരന് ഒരിക്കൽ പോലും അവസരം ലഭിച്ചില്ല. നിരാശനും അതൃപ്തനുമായി മാരൻ സ്ഥലം വിട്ടു LS 18 ലൂക്കോ 4:13

41. ഭക്ഷണം പൂർണ്ണമായി വെടിയുവാൻ ഗൗതമൻ ഉദ്ദേശിച്ചു. എന്നാൽ ദൈവങ്ങൾ ഗൗതമനെ സന്ദർശിച്ചു പറഞ്ഞു. ഭക്ഷണം തീർത്തും വെടിയരുത്. അപ്രകാരം ചെയ്താൽ അങ്ങയുടെ തൊലിയിലെ സുഷിരങ്ങളിലൂടെ സ്വർഗ്ഗീയ ഭക്ഷണം കുത്തിക്കയറ്റും. അങ്ങനെ സ്വർഗ്ഗീയ ഭക്ഷണം ഭക്ഷിച്ച് അങ്ങ് ജീവിക്കും. MN 36:27 മത്താ 4:21:11.

42 മാരൻ ദുഷ്ടനാണ്, പിശാചാണ്. സന്തോഷത്തിലേക്ക് പ്രവേശിക്കുന്ന നല്ല പാതകളെ അവൻ അടയ്ക്കുന്നു. രക്ഷപ്രാപിക്കാൻ ആഗ്രഹിക്കുന്നവരുടെ നാശം അവൻ ഉദ്ദേശിക്കുന്നു. അതിനാൽ അവൻ നല്ല പാതകളെ അടച്ചതിനുശേഷം നാശത്തിലേക്ക് നയിക്കുന്ന കള്ളപാതകളെ തുറക്കുന്നു. അവരുടെ വീഴ്ചയ്ക്കും നാശത്തിനുമായി കാത്തിരിക്കുന്നു. MN 19:25-26 യോഹ. 8:44

43. ഗൗതമന്റെ മഹിമ മനസ്സിലാക്കിയ കള്ളൻ പറഞ്ഞു. ഞാൻ ദുഷ്ടതയെ എന്നേക്കുമായി ഉപേക്ഷിക്കുന്നു. ഇപ്രകാരം പറഞ്ഞശേഷം കള്ളൻ അവന്റെ വാളും ആയുധങ്ങളും അഗാധമായ കുഴിയിലേക്ക് വലിച്ചെറിഞ്ഞു. കള്ളൻ ഗൗതമന്റെ കാൽക്കൽ വീണു. എന്നിട്ട് ഇപ്രകാരം പറഞ്ഞു. "നന്മയെ അവഗണിച്ചു ജീവിച്ച ഞാൻ ഇന്നു മുതൽ നന്മയെ സ്വീകരിക്കുന്നു. കാർമേഘങ്ങളിൽനിന്നു വിമുക്തമായ ചന്ദ്രികപോലെ ഞാൻ ശോഭിക്കുന്നു". MN 86:5,6,18 ലൂക്കോ 23:39-43

44. സത്യം പ്രവർത്തിക്കുന്നവൻ ഈ ലോകത്തിലും പരലോകത്തിലും ആനന്ദം അനുഭവിക്കുന്നു. DH 13:2 യോഹ

8:32

45. കരുണയിൽ ധ്യാനനിരതനായവൻ ബ്രഹ്മാവിനെ സ്വന്തം കണ്ണാൽ കാണുന്നു; മുഖാമുഖം സംസാരിക്കുന്നു; ബ്രഹ്മാവിന്റെ ഉപദേശം തേടുന്നു. DN 19:43 മത്താ 5:8

46. അപ്രാപ്യമായ അനേകം പർവ്വതങ്ങളും മുൾക്കാടുകളും ഉണ്ട്. എന്നാൽ വൃന്ദാവനങ്ങളും തടാകങ്ങളും വളരെ ദുർലഭമാണ്. അതുപോലെ ആത്മാവിൽ ജനിക്കുന്നവരോ വളരെ ചുരുക്കം എന്നാൽ ശുദ്ധീകരണസ്ഥലത്ത് വീണ്ടും വീണ്ടും ജനിക്കുന്നവരോ അനേകം AN 1:19, മത്താ 7:13-14

47. ഒരു ബ്രാഹ്മണൻ നാഥനോടു പറഞ്ഞു. കാലിടറി കുഴിയിലേക്കു വീഴുന്ന ഒരുവനെ മുടിക്കുത്തിന് പിടിച്ച് വലിച്ച് ഉറച്ച കരയിൽ നിർത്തി രക്ഷിക്കുന്നതുപോലെ കുഴിയിലേക്ക് വീണുകൊണ്ടിരിക്കുന്ന എന്നെ വന്ദ്യനായ ഗൗതമൻ രക്ഷിച്ചു. DN 12:78 യോഹ. 3:16-17

48. ഭൗതികതയും ആത്മീയതയും മനുഷ്യനു ലഭിച്ചിട്ടുള്ള രണ്ടു ദാനങ്ങളാണ്. ഭൗതികതയെ ത്യജിച്ച് ആത്മീയമായതിനെ തിരഞ്ഞെടുക്കുന്നവൻ ഉത്തമമായ മാർഗ്ഗത്തിലൂടെ മഹനീയതയിൽ എത്തുന്നു. അവനെ ലോകം ആദരിക്കുന്നു. IA 4: 1. യോഹ. 3:5-7.

49. വളരെ ചെറിയ സുഖങ്ങളെ വെടിയുമ്പോൾ നിത്യമായ ആനന്ദത്തെ ദർശിക്കുന്ന ജ്ഞാനി സുഖങ്ങളെ വെടിയുന്നു, നിത്യമായ ആനന്ദത്തെ തേടുന്നു. DH 21:1 മത്താ 13:44

50. നന്മ നിറഞ്ഞ പ്രവൃത്തികളും ജ്ഞാനവും ആർജ്ജിച്ചവൻ ഈ ജീവിതത്തിൽ തന്നെ നിത്യതയെ അറിയുന്നു. നിത്യതയിൽ ആനന്ദം തേടുന്നു. എന്നാൽ എനിക്കെതിരായി സംസാരിക്കുന്നവനും നന്മ തേടാത്തവനും നിത്യനരകത്തിലേക്ക് എടുക്കപ്പെടുന്നു. MN മർക്കോ 8:38, 16:16

ഒരു കൃഷിക്കാരൻ തന്റെ നിലം ഉഴുത് കട്ട ഉടച്ചു നിരപ്പാക്കി നിലം ഒരുക്കുന്നു. എന്നാൽ തന്റെ മന്ത്രശക്തി കൊണ്ടോ, അധികാരം കൊണ്ടോ വയലിൽ വിത്തുകൾ മുളക്കട്ടെ. അവ കതിരുകൾ പുറപ്പെടുവിക്കട്ടെ, കതിരുകൾ കൊയ്യുവാൻ തക്കവണ്ണം വിളയട്ടെ എന്നു പറഞ്ഞാൽ ഒന്നും സംഭവിക്കുകയില്ല. എല്ലാം അവയുടെ കാലത്തികവിങ്കൽ സംഭവിക്കുന്നു. AN 3:91, മർക്കോ 4:26-29

51. എന്നെ സ്നേഹിക്കുന്നവനും എന്നിൽ വിശ്വസിക്കുന്നവനും സ്വർഗ്ഗവും നിത്യതയും അവകാശമാക്കും. MN 22:47 യോഹ11:26

52. ആത്മാവിലും ശരീരത്തിലും നല്ല പ്രവൃത്തികൾ ചെയ്തു ജീവിച്ചവർ മരണത്തിനുശേഷം സ്വർഗ്ഗീയ ആനന്ദം അനുഭവിക്കുന്നു. MN 130:2 മത്താ 5:19

53. ഈ ഭൂമി കത്തിയെരിഞ്ഞ് ഒന്നും ശേഷിക്കാതെ നശിക്കും AN 7:62. മർക്കോ 13:31

54. ഗുരുവിന്റെ ശിഷ്യന്മാർക്ക് ധർമ്മം എന്താണെന്നു നല്ലവണ്ണം മനസ്സിലായി. ധർമ്മത്തിന്റെ മഹത്തായ പ്രതിഫലം എല്ലായിടത്തും വ്യാപിക്കും വരെയും ഞാൻ അവസാനത്തെ നിർവ്വാണം പ്രാപിക്കുകയില്ല. DN 16:3-7. മത്താ 24:14

55. ധർമ്മമാർഗത്തിൽ ശരിയായ പരിശീലനം ലഭിക്കാത്തവർ മറ്റുള്ളവർക്ക് മാർഗം നിർദ്ദേശിച്ചാൽ അവരെ വഴിതെറ്റിക്കുന്നു. AN 5:79 മത്താ 24:11-12.

56. നന്മയും ജ്ഞാനവും നിറഞ്ഞ് മഹിമയിൽ എന്നെപ്പോലെ പ്രശോഭിതനായ മറ്റൊരു ബുദ്ധൻ ഇനിയും വരും. അവൻ ധർമ്മവും നീതിയും അതിന്റെ പൂർണ്ണതയിലും പരിശുദ്ധിയിലും ലോകത്തിൽ പ്രസ്താവിക്കും. DN 26:25. മർക്കോ 14:61-62; യോഹ. 14:26

57. എന്റെ കാലശേഷം ഗുരുവിന്റെ നിർദ്ദേശങ്ങൾ അവസാനിച്ചു എന്നു നിങ്ങൾ കരുതും. കാരണം നിങ്ങൾക്ക് ഗുരുവില്ല. എന്നാൽ അതു ശരിയല്ല. കാരണം എന്റെ മരണശേഷം നിങ്ങളുടെ ഗുരു ഞാൻ തന്ന നിർദ്ദേശങ്ങൾ ആണ്. DN 16:6.1 യോഹ 14:19

58. ഗുരു ശിഷ്യരോട് പറയുന്നു: അസഹിഷ്ണുതയും അരിശവുമാണ് ഒരുവന്റെ സ്വഭാവം എങ്കിൽ അവൻ ക്ഷിപ്രകോപിയാണ്. ചെറിയ വിമർശനം പോലും അവനെ ചൊടിപ്പിക്കുന്നു, അരിശം മൂത്ത് അവൻ അക്രമാസക്തനാകുന്നു. അവൻ വെറുപ്പും നീചത്വവും പ്രദർശിപ്പിക്കുന്നു. മരണത്തിനുശേഷം അവനിൽ നന്മ ഒന്നും ഇല്ലായിരുന്നു എന്ന അവസ്ഥയിൽ എത്തുന്നു. അവനെ നിത്യമായ ദുഃഖത്തിലേക്ക് കൊണ്ടുപോകുന്നു. അവൻ എന്നെന്നും നരകത്തിൽ കഷ്ടത അനുഭവിക്കുന്നു. MN 135-9 മത്താ: 5:22

59. ഉറച്ച മണ്ണിലൂടെ നടക്കുമ്പോൾ അത് കാൽക്കീഴിൽ മാറി പോകുന്നില്ല. അതുപോലെ അവൻ വെള്ളത്തിന്മേൽ നടന്നു. AN 3:60. മർക്കോ 6:48.

60. അപ്പോൾ പെട്ടെന്ന് വലിയൊരു മഴ പെയ്തു വെള്ളം നിറഞ്ഞു. അപ്പോൾ നാഥൻ വെള്ളത്തെ ചുറ്റുപാടും പുറകോട്ടു മാറ്റി. ഉണങ്ങിയ നിലത്തുകൂടി നാഥൻ നടന്നു. VM 1.20:16. മർക്കോ 4:39

61. യാതൊരു പ്രതിബന്ധവും കൂടാതെ അവൻ ഭിത്തിയിലൂടെ കടന്നു പോയി. AN 3.60. യോഹ 8:26

62. ധ്യാനനിരതനായ ബുദ്ധസന്യാസിക്ക് ഹിമാലയത്തെ രണ്ടായി മുറിക്കാൻ സാധിക്കും AN 6:24. മത്താ17:20
63. ആദരണീയനായ 'ദബ്ബാ' എഴുന്നേറ്റ് വലത്തു ഭാഗം കൊണ്ട് ബുദ്ധനെ വന്ദിച്ചു. വായുവിൽ ഉയർന്ന് ചമ്രം പടിഞ്ഞിരുന്നു. ക്രമേണ ചൂടിന്റെ മണ്ഡലത്തിലേക്ക് ഉയർന്ന അപ്രത്യക്ഷനായി. UA 8:9 പ്രവ:1:9.ലൂക്കോ 24:51. മർക്കോ 16:19
64. ആദരണീയനായ 'കാ സാപ്പാ' യിക്ക് വളരെ വേദനയുളവാക്കുന്ന രോഗം പിടിപെട്ടു. ബുദ്ധൻ സംസാരിച്ചതിനു ശേഷം കാസാപ്പായ്ക്ക് വളരെ സന്തോഷം തോന്നുകയും രോഗവിമുക്തനാകുകയും ചെയ്തു. SAN 46:14 മത്താ8:16
65. ദുഃഖവും ദാരിദ്രവും പട്ടിണിയും വിശപ്പും രോഗങ്ങളും ഉണ്ടായപ്പോഴെല്ലാം ബുദ്ധൻ പരിഹാരം ആയിരുന്നു. ഇത്തരം കഷ്ടപ്പാടുകളിൽനിന്ന് വിമുക്തരായി തിന്നു തൃപ്തിപ്പെട്ടവർ ധർമ്മത്തിന്റെ മാർഗ്ഗം പ്രചരിപ്പിച്ചു. VS 8 മത്താ. 15:32, 35, 36, 38.
66. ബുദ്ധൻ ജനിച്ച ഉടനെ ഇപ്രകാരം സംഭവിച്ചു; രോഗികൾ സുഖം പ്രാപിച്ചു. വിശക്കുന്നവരും ദാഹിക്കുന്നവരും വിശപ്പും ദാഹവും ശമിച്ചതിനാൽ തൃപ്തരായി. മദ്യപാനികൾക്ക് മദ്യാസക്തി ഇല്ലാതായി. ഭ്രാന്തന്മാർക്ക് സുബോധം തിരികെ കിട്ടി. അന്ധന്മാർക്ക് കാഴ്ച ലഭിച്ചു. ചെകിടർക്കു കേൾവി ലഭിച്ചു.ശോഷിച്ചവരും മുടന്തരും പൂർണ്ണസുഖം പ്രാപിച്ചു. കാരാഗൃഹത്തിൽ തടവിൽ കഴിഞ്ഞവർ മോചിതരായി. LS 7 ലൂക്കോ 7:21:22
67. ഒരു ബുദ്ധസന്യാസി പാമ്പു കടിയേറ്റു മരിച്ചു എന്ന് അവർ നാഥനോട് പറഞ്ഞു. നാഥൻ പറഞ്ഞു നാഗവർഗ്ഗത്തിലെ നാലു വർഗ്ഗങ്ങളോട് സ്നേഹവും കരുണയും കാട്ടിയിരുന്നു എങ്കിൽ പാമ്പു കടിയേറ്റാലും സന്യാസി മരിക്കയില്ലായിരുന്നു. VC 5:6. ലൂക്കോ 10:19, മർക്കോ 16:18.
68. ബുദ്ധന്റെ ശിഷ്യനായിരുന്ന ആനന്ദൻ സ്വർണ്ണത്തകിടിന്റെ വസ്ത്രം ബുദ്ധനെ ധരിപ്പിച്ചു. എന്നാൽ സ്വർണ്ണവസ്ത്രത്തിന്റെ തിളക്കം മങ്ങിയതായും ബുദ്ധശരീരം സ്വർണ്ണത്തേക്കാൾ ശോഭയോടെ തിളങ്ങുന്നതായും കണ്ടു. DN 16:4.37 മർക്കോ 9:2-3
69. സ്വന്തമായി അറിയുകയോ കാണുകയോ ചെയ്യാതെ 'ഇതാണ് ശരിയായ ഏകമാർഗ്ഗം' എന്ന് ബ്രാഹ്മണൻ പഠിപ്പിക്കുന്നു. എന്നാൽ ഇവർ കുരുടന്മാരായ വഴികാട്ടികൾ മാത്രമാകുന്നു. മൂന്നു കുരുടന്മാർ കൂട്ടം കൂടി പോകുന്നു. ഒന്നാമൻ ഒന്നും കാണുന്നില്ല. രണ്ടാമൻ ഒന്നും കാണുന്നില്ല. മൂന്നാമനും ഒന്നും കാണുന്നില്ല. DN 13:15. ലൂക്കോ 6:39-40
70. മാനുഷികമായ എല്ലാ ബന്ധങ്ങളും ഉപേക്ഷിച്ചവനെ ദൈവങ്ങൾ ആകർഷിക്കുന്നു. എല്ലാ ബന്ധങ്ങളും ഉപേക്ഷിച്ചവനാണ് ബ്രാഹ്മണൻ. UA 33:52 ലൂക്കോ 9:59-62
71. നിങ്ങൾ ഓരോരുത്തരായി ലോകത്തിന്റെ നാനാഭാഗത്തേക്കും പോയി ധർമ്മമാർഗ്ഗം പ്രചരിപ്പിക്കുക. ലോകത്തോടുള്ള കരുണ നിങ്ങളെ നയിക്കട്ടെ. താൻ നിമിത്തം മനുഷ്യർ അനുഗ്രഹിക്കപ്പെട്ടവരും ആനന്ദം അനുഭവിക്കുന്നവരും ആയി തീരട്ടെ. VM 1:11.1. മർക്കോ 6:7, 12-13.
72. അനുഗ്രഹിക്കപ്പെട്ടവന്റെ പുത്രനെന്നോ അവന്റെ മാറിടത്തിൽനിന്ന് ജനിച്ചവനെന്നോ ധർമ്മത്തിന്റെ അനന്തരാവകാശി എന്നോ ഭൗതികതയുടെ അവകാശി അല്ലാത്തവനെന്നോ ആരെയും കുറിച്ചെങ്കിലും വിശേഷിപ്പിക്കാമെങ്കിൽ അത് 'സരിപുത്തൻ' ആണ്. അവൻ എന്റെ ശിഷ്യനാകുന്നു. അവനാണ് ധർമ്മത്തിന്റെ ചക്രത്തെ നിരന്തരമായി ചലിപ്പിക്കുന്നവൻ. MN 111.22-23.മത്താ 16:17-19
73. തുടക്കത്തിലും മദ്ധ്യത്തിലും അവസാനത്തിലും മഹത്വമേറിയതും സ്നേഹനിർഭരവുമായ ധർമ്മം പഠിപ്പിക്കുക. അക്ഷരത്തിലും അർത്ഥത്തിലും ബ്രഹ്മരീതിയിൽ ധർമ്മം പഠിപ്പിക്കുക. തൻനിമിത്തം പൂർണ്ണതയും പരിശുദ്ധിയും കൈവരിക്കുന്നു. VM 1:11.1 മത്താ.28:19-20
74. ധർമ്മത്തെ കുറിച്ച് ഇത്തരം ആഴത്തിലുള്ള പ്രബോധനം സാധാരണമനുഷ്യരെ ഉദ്ദേശിച്ചുള്ളതല്ല. സാധാരണനിലയിൽ നിന്നും ഉയർത്തപ്പെട്ട നിങ്ങളെ ഉദ്ദേശിച്ചാണ് ഈ പ്രബോധനം. MN 143:15 മർക്കോ. 4:11,34
75. വലിയ നദികൾ ഒഴുകി കടലിൽ ലയിക്കുന്നു. അപ്പോൾ അവയുടെ പ്രത്യേക പേരും വ്യക്തിത്വവും അപ്രത്യക്ഷമാകുന്നു. അവ കടലിന്റെ ഭാഗമായി മാറുന്നു. ബുദ്ധന്റെ ശിഷ്യരും അതുപോലെ സ്വന്തമായ പേരും കുടുംബവും ഉപേക്ഷിക്കുന്നു. അവർ ബുദ്ധന്റെ കുടുംബമായി മാറുന്നു. VC 9:1.4 മർക്കോ 3:34,35
76. നിങ്ങൾ എന്റെ ജഡികമായ അവകാശികൾ അല്ല, ആത്മീയമായ അവകാശികൾ ആകുന്നു. നിങ്ങൾ ധർമ്മത്തിൽ ജനിച്ച എന്റെ പുത്രന്മാർ ആകുന്നു. IA 4.1 യോഹ 1:12-13
77. അതിമാനുഷികശക്തി എല്ലാവരും കാൺകെ വെറുതെ പ്രദർശിപ്പിക്കരുത്. അപ്രകാരം ചെയ്യുന്നവർ ഇതിനെ ദുർവിനയോഗം ചെയ്യുന്നു. VC 5:8.2 മത്താ. 6:1
78. ഉയർത്തപ്പെട്ടവന്റെ പരിശീലനം ഉപേക്ഷിച്ച് 60 പേർ കൂടി പിരിഞ്ഞു പോയി. AN 7:68.യോഹ. 6:66
79. കത്തിജ്വലിക്കുന്ന കനൽക്കുഴിയെ അവഗണിക്കുന്നതുപോലെ ജ്ഞാനിയായവൻ അമിതമായ കാമപ്രവർത്തികളെ

അവഗണിക്കുന്നു. അന്യന്റെ ഭാര്യയെ മോഹിക്കുന്നവൻ ഉൽകൃഷ്ടമായ ജീവിതം അർഹിക്കുന്നില്ല. SN.396. മത്താ19:10,11

80. ബോധജ്ഞാനം ലഭിച്ചവൻ സ്വർഗ്ഗത്തിൽനിന്നും താഴെക്കിറങ്ങി ഭൂമിയിൽ വന്നപ്പോൾ എല്ലാ പ്രകാശത്തേക്കാളും ഉപരിയായ തിളക്കം എല്ലായിടവും നിറഞ്ഞു. ലോകത്തിന്റെ അതിർത്തികളുടെ അപ്പുറമുള്ള ഇരുൾ സ്ഥലങ്ങളിൽ പോലും പ്രകാശം പരന്നു. DN 14. 1-17. യോഹ 8:12. മത്താ.17:2, മർക്കോ 9:2-3

81. നിത്യതയിലേക്കുള്ള വഴി ഏതെന്ന് സാധാരണ മനുഷ്യനോട് ചോദിച്ചാൽ അവൻ ഉത്തരം അറിയാതെ കുഴങ്ങുന്നു. ലജ്ജിക്കുന്നു. എന്നാൽ എനിക്ക് എന്നെ അറിയാം. ബുദ്ധന്റെ ലോകം എന്താണ് എന്നറിയാം. ലോകത്തിന്റെ മാർഗ്ഗം എന്താണെന്നും അറിയാം. ബ്രഹ്മത്തെ നേടുവാനുള്ള പരിശീലനത്തിലൂടെ ഞാൻ ബ്രഹ്മത്തിൽ ലയിക്കുന്നു. DN 13:38.യോഹ. 8:42, 55

82. നിങ്ങൾ ഭൗതിക മാർഗ്ഗത്തിലേക്ക് തിരികെ പോകുകയില്ല എന്നതിന്റെ സാക്ഷ്യം ഞാൻ തന്നെ I.A. 1:1.6 മർക്കോ 10:45

83. എന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ പിടിച്ച് എന്റെ കാലടികളിൽ ചവുട്ടി എന്റെ പിന്നാലെ നടക്കുന്ന സന്യാസി ഹൃദയ ശുദ്ധി ഇല്ലാത്തവനെങ്കിൽ എന്നെ കാണുകയില്ല. കാരണം അവൻ ധർമ്മത്തെ കാണുന്നില്ല. ധർമ്മത്തെ കാണാത്ത വൻ എന്നെയും കാണുന്നില്ല. എന്നാൽ എന്നിൽനിന്നും വിദൂരതയിൽ സ്ഥിതി ചെയ്യുന്നു എങ്കിലും ഹൃദയ ശുദ്ധിയു ള്ളവനും കപടതയില്ലാത്തവനും കരുണ നിറഞ്ഞവനുമായ സന്യാസി എന്നെ കാണുന്നു, അവൻ ധർമ്മത്തെ കാണു ന്നു. അവൻ എന്റെ അടുത്തും സ്ഥിതി ചെയ്യുന്നു. ഞാൻ ധർമ്മം ആകുന്നു. എന്നെ കാണുന്നവൻ ധർമ്മത്തെ കാണുന്നു. I.A. 3:5.3, യോഹ. 14:6,9, 18-21

84. താമര വെള്ളത്തിൽ മുളയ്ക്കുകയും വെള്ളത്തിൽ വളരുകയും പൂർണ്ണ വളർച്ച എത്തുമ്പോൾ പുഷ്പിക്കുകയും ചെയ്യുന്നു. താമര വെള്ളത്താൽ മലിനമാകാത്തതുപോലെ ലോകത്തിൽ ജനിക്കുകയും വളരുകയും ചെയ്ത ബുദ്ധ നു ലോകത്തിന്റെ വഴികളാൽ തെറ്റിപ്പോകാതെ നിർമ്മലനായി നിലനിൽക്കുന്നു. SAN.22:94.യോഹ.17:14-16

85. പരമോന്നത രാജാവ് ഞാൻ ആകുന്നു. നിങ്ങളുടെ സംശയനിവാരണത്തിനായി പറയുന്നു. എല്ലാത്തിലും ഉപരി യായ പരിശുദ്ധൻ ഞാൻ ആകുന്നു. ഞാൻ ഭയത്തിൽനിന്നും മുക്തിനേടിയവൻ ആകുന്നു. അതിനാൽ സന്തുഷ്ട നാകുന്നു. MN 92:17.യോഹ 18:37

86. ബോധജ്ഞാനിയായ ബുദ്ധൻ, മുകളിൽനിന്നും അമ്മയുടെ ഗർഭത്തിലേക്ക് ഇറങ്ങി വന്നു. എന്നാൽ അവളിൽ പുരുഷ നോടുള്ള വികാരം ഇല്ലായിരുന്നു. കാമാസക്തിയോടെ അവളെ നോക്കിയവർക്കെല്ലാം അവൾ അപ്രാപ്യയായിരുന്നു. MN 123. 10 മത്താ 1:18, 22 -23, 25. ലൂക്കോ. 1:26-36

87. ഇത്ര വലിയ അടയാളങ്ങൾ അപ്രത്യക്ഷമാകാനുള്ള കാരണമെന്ത്? വലിയ ശക്തിമാനായ ദൈവം ജനിച്ചതാകാം. ബുദ്ധൻ ലോകത്തിൽ വന്നതാകാം. നമുക്ക് പല ദേശങ്ങൾ താണ്ടി ആകാശത്തിലെ ഭയങ്കരപ്രഭ സൂചിപ്പിക്കു ന്നതെന്താണ് എന്നു നോക്കാം. SS 7മത്തായി. 2:1-2

88. അവർ സന്യാസിയെ സ്വീകരിച്ചു. ജാതനായ ശിശുവിനെ കാണിച്ചു. സുന്ദരനായ ശിശു പ്രകാശപൂരിതമായി വലി യൊരു ശോഭ പ്രസരിപ്പിച്ചു. നിപുണനായ പണിക്കാരൻ ചൂളയിൽനിന്നും എടുത്ത ഉരുകിയ സ്വർണ്ണം പോലെ ശിശു ശോഭിച്ചു. ഏറ്റവും ശക്തിയേറിയ പ്രകാശത്തേക്കാൾ ശക്തമായിരുന്നു ശിശുവിന്റെ പ്രകാശം. കാർമേഘരഹിത മായ ആകാശത്തിലെ സൂര്യനേക്കാൾ പ്രഭ ഉള്ളവനായിരുന്നു നവജാത ശിശു. ശിശുവിനെ കണ്ടപ്പോൾ സന്യാസി ആനന്ദപുളകിതനായി. അരൂപികൾ ആകാശത്തിൽ വലിയൊരു വിതാനം വിരിച്ചു. അതിന്റെ നടുവിൽ ആയിരം തണ്ടുകൾ ഉള്ള ചിത്രം ഉണ്ടായിരുന്നു. സ്വർണ്ണപ്പിടിയുള്ള വിശറി ദേവന്മാർ വീശിക്കൊണ്ടിരുന്നു. SN 686 -688 ലൂക്കോ 2:8-10

89. നീണ്ട മുടിയുള്ള വളരെ വൃദ്ധനായ സന്യാസി ബുദ്ധനെ കാണുവാൻ കാത്തിരുന്നു. ശിശുവിനെ കണ്ടപ്പോൾ സന്യാസി ശിശുവിനെ തിരിച്ചറിഞ്ഞു. വളരെ സന്തോഷവാനായി ശിശുവിനെ കൈകളിൽ കോരിയെടുത്ത് ഇപ്രകാരം പറ ഞ്ഞു. "ഇതിനോട് തുലനം ചെയ്യുവാൻ മറ്റൊന്നുമില്ല. ഏറ്റവും അത്യുന്നതനായ പരിപൂർണ്ണമനുഷ്യൻ ഇതാകു ന്നു." എന്നിട്ട് സന്യാസി പെട്ടെന്ന് ദുഃഖിതനായി കരയുവാൻ തുടങ്ങി. ബുദ്ധനെ നേരിൽ കാണുംവരെ മരണം സംഭവിക്കുകയില്ല എന്ന് സന്യാസി അറിഞ്ഞിരുന്നു. SN 689-691 ലൂക്കോ 2:25-28

90. രാജകുമാരനായിരുന്ന ബുദ്ധൻ പരിപൂർണ്ണജ്ഞാനിയായും പൂർണ്ണപ്രകാശപൂരിതനായും വളർന്നു. SN 693 ലൂക്കോ 2:40

91. ബുദ്ധരാജകുമാരനെ എങ്ങും കാണാനില്ലായിരുന്നു. രാജാവ് കുമാരനെ തേടി വലിയ ജനക്കൂട്ടത്തെ നിയോഗിച്ചു. കൊട്ടാരം ഉപദേശകരിൽ ഒരുവൻ ചമ്രം പടിഞ്ഞ് ധ്യാനനിരതനായിരിക്കുന്ന ബുദ്ധനെ കണ്ടെത്തി. LS 11. ലൂക്കോ 2:45-47

92. ബോധിവൃക്ഷത്തിന്റെ ചുവട്ടിൽ ബോധജ്ഞാനത്തിന്റെ പൂർണ്ണതയിൽ ലഭിക്കുന്ന സ്വാതന്ത്ര്യവും പരമാനന്ദവും

ആസ്വദിച്ച് ഏഴുദിവസം ഭഗവാൻ ബുദ്ധൻ ധ്യാനനിരതനായിരുന്നു. VM 1.1.1മർക്കോ 1:35

93. ബോധജ്ഞാനത്തിന്റെ പരിപൂർണ്ണതയിൽ പരിലസിക്കുന്ന, പ്രകാശപൂർണ്ണിതനാണ് ബുദ്ധൻ. നിങ്ങൾ തന്നെ പോയി അന്വേഷിച്ചു ഗൗതമൻ പൂർണ്ണബുദ്ധനോ എന്നത് കണ്ടുപിടിക്കുക. DN 3:1.4.ലൂക്കോ 7:16-19

94. അന്ധത വളരുന്ന ലോകത്തിൽ മരണത്തെ അകറ്റുന്ന മൃദംഗഭേരി മുഴക്കി, ധർമ്മത്തിന്റെ ചക്രത്തെ എല്ലായിടത്തും തിരിക്കുവാൻ നാഥൻ യാത്ര ചെയ്യുന്നു. ജ്ഞാനബോധം ലഭിച്ചവന്റെ വാക്കുകൾ മധുരവും മൃദുലവും ആകുന്നു. സത്യത്തിന്റെ വചനങ്ങൾ ആനന്ദത്തെ ഉളവാക്കുന്നു. VM 1:6.8. DH 14:16. മർക്കോ 1:14-15

95. അനുഗൃഹീതനായ ദേവൻ അവസാനമായി വിടവാങ്ങിയപ്പോൾ വലിയ ഭൂകമ്പവും തുടരെ വലിയ ഇടിമുഴക്കവും ഉണ്ടായി. DN 16:6.10 മത്താ 27:50-57

താരതമ്യപഠനത്തിന് വിധേയമാക്കിയാൽ ബുദ്ധന്റെയും യേശുവിന്റെയും ജീവിതരീതിയും കഥകളും അത്ഭുതപ്രവൃത്തികളും എല്ലാറ്റിലും ഉപരി ഉപദേശങ്ങളും നമ്മിൽ വേർതിരിക്കാനാവാത്ത വിധം സാമ്യം പുലർത്തുന്നു എന്നു കാണാം. രണ്ടുപേരും ജീവിച്ചിരിക്കുന്ന കാലഘട്ടത്തിന്റെയും ദേശത്തിന്റെയും സ്വഭാവവ്യത്യാസങ്ങൾ മാത്രമേയുള്ളു അവയിൽ.

മത്തായിയുടെ സുവിശേഷത്തിലെ ഗിരിപ്രഭാഷണം, ബുദ്ധചിന്തകളുടെ സമാഹാരമായ ധർമ്മപാതയും ആയി വളരെ സാമ്യം പുലർത്തുന്നു. യേശുവും ബുദ്ധനും ഏറ്റവും ശ്രദ്ധ കേന്ദ്രീകരിച്ചതും വ്യക്തിയുടെ ആന്തരികവളർച്ചയിലും നന്മകൾ നിറഞ്ഞ ജീവിതത്തിലുമാണ്. ചരിത്രപുരുഷനായ യേശുവിനെ അന്വേഷിക്കുന്ന പണ്ഡിതന്മാർ എത്തിച്ചേർന്നതും ഒന്നാം നൂറ്റാണ്ടിലെ ബുദ്ധസന്യാസിയിലാണ്. യേശുവിന്റെ 12 മുതൽ 27 വയസുവരെയുള്ള അജ്ഞാതകാലം ബുദ്ധതത്വങ്ങൾ പഠിക്കുവാൻ ചിലവഴിച്ചു എന്ന് അനുമാനിക്കുന്നതിന്റെയും കാരണം അതുതന്നെ.

ലോകത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ ക്രിസ്തുമതവും കിഴക്കൻ പ്രദേശങ്ങളിൽ ബുദ്ധമതവും വളരെ പ്രചാരത്തിൽ നിലനിൽക്കുന്നു. വിയറ്റ്നാമിലെ മിക്കോങ്ങ് പ്രദേശത്തെ ചെറിയ ദ്വീപിൽ കുന്നിൻ മുകളിൽ ബുദ്ധന്റെയും യേശുവിന്റെയും പ്രതിമകൾ 50 അടി പൊക്കത്തിൽ ഉയർന്നു നില്ക്കുന്നു. രണ്ടു പ്രതിമകളും പരസ്പരം തോളിൽ കൈയ്യിട്ട് ലോകത്തെ നോക്കി പുഞ്ചിരിക്കുന്നു.

ഇതിലുപരി വലിയ സുവിശേഷം ആർക്കും തരുവാനില്ല. മതത്തിന്റെയും ജാതിയുടെയും വർണ്ണത്തിന്റെയും ധനത്തിന്റെയും കാമിനിയുടെയും ശ്രേഷ്ഠതയുടെയും - അങ്ങനെ അനേകം കാര്യങ്ങളുടെ പേരിൽ തമ്മിൽ തല്ലി നരഹത്യ നടത്തുന്ന മനുഷ്യനെ നോക്കി യേശുവും ബുദ്ധനും പുഞ്ചിരിക്കുന്നു. അഹിംസയുടെ സന്ദേശവുമായി നടക്കുന്ന ദലൈലാമ തലചായ്ക്കാൻ ഇടമില്ലാതെ ഓടി നടക്കുന്നു. സ്നേഹത്തിന്റെ സുവിശേഷം ലോകത്തിന് നൽകിയ യേശുവിന്റെ പേരിൽ അനേകം ക്രിസ്തുമതങ്ങൾ.

ഇവയെല്ലാം കണ്ടുമടുത്ത് ബുദ്ധനും യേശുവും മനുഷ്യനെ നോക്കി ചിരിക്കുന്നത് പരിഹാസത്തിന്റെ ചിരിയോ?

അതോ, മനുഷ്യൻ ഇത്രമാത്രം അധഃപതിച്ചിട്ടും ഇനിയും പ്രത്യാശ നിലനിൽക്കുന്നു എന്നതിനാൽ ശുഭാപ്തി വിശ്വാസത്തിന്റെ പുഞ്ചിരിയോ?

അതോ, മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി എന്ന് പുഞ്ചിരിയിലൂടെ ഘോഷിക്കുകയാണോ പ്രതിമകൾ?